# തിരുനാൾ പുലർ

ശ്രീചിത്തിര തിരുനാൾ മഹാരാജാവു തിരുമനസ്സിലെ
31-ാമതു ആട്ടത്തിരുനാൾ പ്രമാണിച്ച്
പ്രസിദ്ധപ്പെടുത്തുന്ന സാഹിത്യ ഗ്രന്ഥം.



K. JACOB THO... MEMORIAL SAHRUDAYA PUBLIC LIBRARY
MANNARCHAT

PRICE
AS. 8.

**11th: Thulam 1119.**

വില
8 ണ.

# A BOON TO PUBLIC.

VISIT

# Ananda Vilas.

## Brahmins' Hotel & Restaurant

## Near Bus Stand, Kayamkulam.

എല്ലാവിധ അച്ചടിവേലകളും, ഏററവും ഭംഗിയി
ലും വേഗതയിലും നിർവഹിക്കുന്ന മലയാളത്തിലെ

സമ്പൂർണ്ണ മുദ്രാലയം

# ഭാഗ്യോദയം പ്രസ്സ്

Estd: 1932.

പുളിക്കീഴ് - തിരുവല്ലാ P. O.

വ്യവസായാഭിവൃദ്ധിക്കുതകുന്ന വലിയ ഭിത്തിപ്പരസ്യങ്ങൾ ഇത്ര ഭംഗിയായി
ചെയ്യുന്ന അച്ചടിശാല മലയാളത്തിൽ മററില്ല.

അനിതരസാധാരണമായ അക്ഷരവിവിധത്വം, പുതിയ രീതിയിലുള്ള യന്ത്ര
സാമഗ്രികൾ, ഭാവനാസമ്പന്നരായ ജോലിക്കാർ, വിദഗ്ദ്ധ നേതൃത്വം,
ഇവ ഭാഗ്യോദയം പ്രസ്സിന്റെ പ്രത്യേക നേട്ടങ്ങളാണ്.

# BHIMA & BROTHER,

Jewellers & Bankers,
MULLAKKAL, ALLEPPEY.
Prop: K. Bhima Bhuttar.

We have got in stock, all kinds of guaranteed soveriegn-gold,
Jewels and guaranteed silver vessels of evary desoription.
Try once & be convinced with our purity of gold
& genuineness of workmanship.

# തിരുനാൾ പുലരി.

**കി**ഴക്കൻ മലകൾക്ക് ആരോ കുങ്കുമം പൂശി. അജ്ഞേയമായ ആ പ്രകാശത്തിന് കാരണമെന്ത്? അന്തരീക്ഷത്തിന് അസുലഭമായ ഒരു നീലിമയുണ്ട്. അതിന്റെ പൂങ്കപോലങ്ങളിൽ ഒരു മന്ദഹാസച്ഛവി കാണാം. കോകിലങ്ങൾ അത്ര മധുരമായി പാടുന്നതെന്തുകൊണ്ട്? പുൽക്കൊടികൾ പോലും, ആനന്ദപുളകപ്പുതപ്പണിഞ്ഞിരിക്കുന്നു!

അറുപത്തിരണ്ടുലക്ഷം പ്രജകളുടെ കാണപ്പെട്ട ദൈവം, ഭാരതീയരുടെ ആത്മീയഗുരു, വിശാലാശയനായ പരിഷ്കർത്താവ്—നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട്—മുപ്പത്തിരണ്ടാമത്തെ തിരുവയസ്സിലേക്ക് തൃക്കാലൂന്നുന്ന സുദിനമായ ഇന്ന്—"തിരുനാൾപുലരി"യും ആനന്ദോന്മത്തയായി തീർന്നതിൽ അതിശയിക്കുവാൻ എന്തുണ്ട്? ആ സുമോഹന സുദിനത്തെക്കൊണ്ടാടുവാൻ അവൾ ഒരുങ്ങി വന്നിരിക്കുന്നതു് സ്വാഭാവികമല്ലേ?

ഓരോ ഹൃദയവും ഇന്ന് ആനന്ദനിർഭരമാണ്. ഇന്ന് ഓരോ കുട്ടിയുടെ പ്രാർത്ഥനപോലും "പൊന്നുതമ്പുരാൻ നീണാൾ വാഴട്ടെ!" എന്നത്രെ.



ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ട്.

തിരുമനസ്സിലെ ഏക വിചാരം പ്രജാലക്ഷങ്ങളുടെ ക്ഷേമൈശ്വര്യങ്ങളെപ്പറ്റിയാണ്. അവിടുത്തെ പ്രജകൾ അനുഗ്രഹിക്കപ്പെട്ടവരാണ്.

ഭാരതീയവനിതകളുടെ അഭിമാനഭാജനവും, പരിഷ്കൃതാശയയുമായ അമ്മമഹാറാണിയും അവിടുത്തെ പിറകിൽ ഒരു മഹൽശക്തിയായി വർത്തിക്കുന്നുണ്ടെന്നുള്ളതു് ഏററവും ഭക്ത്യാദരപൂർവ്വം സ്മരിക്കപ്പെടുന്ന ഒരു കാര്യമാണ്.

കൂടാതെ നീതിമാനും കർമ്മകുശലനും അഗാധപണ്ഡിതനുമായ സചിവോത്തമനും അവിടുത്തെ ഭരണത്തെ കൂടുതൽ കൂടുതൽ വിജയകരമാക്കിത്തീർക്കുന്ന ഒരു ശ്രേഷ്ഠവ്യക്തിയാണ്. അദ്ദേഹത്തേയും തിരുവിതാംകൂറുകാർ എന്നെന്നും കൃതജ്ഞതയോടെ സ്മരിക്കുക തന്നെ ചെയ്യും.

പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് നീണാൾ വാഴുവാൻ ജഗന്നിയന്താവ് അനുഗ്രഹിക്കട്ടെ എന്ന് ഞങ്ങളും പ്രാർത്ഥിക്കുന്നു.



അമ്മമഹാറാണി തിരുമനസ്സു കൊണ്ടു്.



ഇളയരാജാവു് തിരുമനസ്സും കൊണ്ടു്.



കാർത്തികതിരുനാൾ
കൊച്ചുതമ്പുരാട്ടി തിരുമനസ്സും കൊണ്ടു്



ദിവാൻ സചിവോത്തമ സർ സി. പി.
രാമസ്വാമി അയ്യർ *K. C. I. E.*



# ചിന്താഗതി.

(സി. എസ്സ്. സുബ്രഹ്മണ്യൻ പോററി, എം. ഏ)

അന്തകൻ കൊലക്കോലുമിളക്കിയട്ടഹസി-
ച്ചന്തരമിടാതിള,കിട്ടക്കിയടുക്കുമ്പോൾ
അക്രമത്തോടുകോപിച്ചുക്ഷണം പിന്നില്ലിന്നി
ലാക്കമൊന്നിടയുന്ന മാനുഷനെന്തു ജീവി!
ദാരങ്ങൾ മക്കളെമ്മയച്ഛനും വീടും താനും
ആയുമങ്ങെത്തും താനും സാരമില്ലവനപ്പോൾ.
രാജ്യാഭിമാനം കൊണ്ടോ രാജാവിൽ
ഭക്തിയാലോ
പൂജ്യതമോഹിച്ചിട്ടോ പുണ്യലാഭേച്ഛയാലോ
കിട്ടാനോവീരസ്വർഗ്ഗംനാട്ടാനോകീർത്തിക്കൊടി
പട്ടിണി നിവർത്തിക്കുവേതനത്തിനായ്ക്കാനോ?
താൻചത്തു പോകട്ടെന്നാൽ ശേഷിപ്പോ-
ർക്കെന്നും പിന്നെ
തഞ്ചിടുംസമാധാന സൗഖ്യങ്ങളെന്നോ ചിന്ത?
നീരിളക്കത്തിൽപോലുംമൃതിയെപേടിപ്പവൻ
പീരങ്കിയുണ്ടകൾക്കു നേരിട്ടു ചാടിച്ചെൽവൂ!

* * * *

ഈ ലോകചരിത്രത്തെനോക്കുകകോടിക്കണ-
ക്കായ് ലോകർ മൃതിവരിച്ചില്ലയോ-
ഫലിച്ചുവോ-
മന്നിത്തു രണാങ്കണമെന്നുമേ; കാര്യമെന്തോ-
ചൊന്നീടും കാരണങ്ങളോരോന്നതോരോന്നിനും
നോക്കുക പുരാണങ്ങൾ പരലോകത്തുപോലു-
മുൽക്കടസമരങ്ങളൊന്നിനൊന്നടിയ്ക്കട
അന്യോന്യമെതിരിട്ടുംവ്യക്തികൾജീവിതത്തി
ലെന്നതിന്നാർത്ഥമുണ്ട പയററിൻ വിളി മുഖ്യം.
ജനനമരണങ്ങൾ നിത്യസാധാരണങ്ങൾ
ജനിതോഷദം മൃതി ദുഃഖദം—അതുമപ്പോൾ;
മർത്ത്യ സൃഷ്ടി തൻ മഹാ വൈചിത്ര്യ
വിശേഷങ്ങൾ.
സത്യത്തിൽസ്രഷ്ടാവുംമുൻചിന്തിച്ചതല്ലപക്ഷേ

* * * *

കൊട്ടങ്കാററടിയ്ക്കട്ടെ നെട്ടങ്കൻ തരംഗങ്ങൾ
തുടരെക്കരെതല്ലിക്കടലാർത്തലറട്ടെ!
തല പൊട്ടിച്ചു കൊമ്പൻ കൊലയാനകൾ
കൊള്ളട്ടെ
ഇളകിപ്പായും ബോംബർ വ്യോമയാനങ്ങൾ-
കൊള്ളട്ടെ
കടലിന്മീതെ പടക്കപ്പലിൻ തിരക്കൊപ്പം
ഇടഞ്ഞു കാർമേഘങ്ങളാകാശം നിറയട്ടെ!
വെള്ളിടിവെട്ടീടട്ടെ! മിന്നൽ വാളിളക്കട്ടെ!
തുള്ളിക്കുതുടമായി പേമാരിചൊരിയട്ടെ!
പ്രളയം പ്രളയമെന്നാളുകളാകമാന-
മിളകിയമളിയോടമറിവിളിക്കട്ടെ!
സഹ്യമാമലതന്റെനില്പിതുകാണ്മിൻകാ-
ണ്മിൻ
സഹ്യമല്ലാതെയുണ്ടോ ദൃഢചിത്തത്തിന്നേതും

* * * * *

പണ്ടൊക്കെശൈലങ്ങളും മർത്ത്യന്മാർ നമ്മെ
പ്പോലെ
മിണ്ടീടും, ചിന്തിച്ചീടും, ചെയ്തിടും, വികാരങ്ങൾ
കൊണ്ടുള്ളഭേദങ്ങളും പ്രാരബ്ധങ്ങളുമെല്ലാ-
മുണ്ടവർക്ക, വർപക്ഷേദേവന്മാരമർത്ത്യന്മാർ
അക്കാലമിന്നെങ്കിലീയുഃക്കരുംഗിരിപ്രഭു-
വുൽക്കടപ്രതാപവാൻസ്വാമിയാം ഭൂമീന്ദ്രന്റെ
കൽപ്പനവാങ്ങിച്ചെന്നു ജമ്മനിക്രൂട്ടരോടു
കൈകെപ്പടയൊററയ്ക്കാടിവിജയക്കൊടിനേടി
മുപ്പാരിൻ സമാധാനമെപ്പേരുമുറപ്പിച്ചു
തൃപ്പാദതാരിൽവച്ചുതൻപാണിക്രുപ്പിനിൽക്കും
നിൽക്കട്ടെ, സർ-സീ-പി. തൻ പ്രതിഭാവാ
ഗ്ദേവിമാ-
രിക്കൊട്ടും പോർമങ്ങിക്കും വഞ്ചിയിൽ-അല്ല
മന്നിൽ.

കൊണ്ടല്ലോളുണ്ടിരുണ്ടവിണ്ണിലാമിന്നൽപോലെ
വേണ്ടോരുവെളിത്തുകിപ്രത്യാശചേർപ്പുകാൺക

ഭാരതമാതാവിന്റെവക്ത്രമാംബംഗാളിന്നു
പാരിച്ചദുരവസ്ഥകേൾക്കാനുംവയ്യ! വയ്യ!
വയററിന്നൊന്നുംകിട്ടാതാളുകൾമൃത്യുവിന്റെ
വായിൽവീഴുന്നുകഷ്ടംവഹ്നിയിലീയൽപോ(ലെ.
ആയിരക്കണക്കിന്നുനിത്യവുംനരന്മാരെ–
യീയുദ്ധപ്പിശാചിന്നുഹോമിക്കുമധികാരം.
പട്ടിണിപ്പിശാചികപത്തുനൂറെണ്ണത്തിനെ
ആട്ടിയാലതിലത്രസംഭ്രമിക്കുമോ – ആവോ?

വേവലാതികളെല്ലാംപോകുവാൻശുഭയോഗം
വേവലാം പ്രഭുവിന്റെയാഗമമാമാകുമത്രേ!
ദൈവമെ!ഭവിയ്ക്കട്ടെ! വാസ്തവമായാവാർത്ത
ഭാവുകമെവ്വണ്ണവും കൈവന്നുകാണ്മാൻവൈകി

വഞ്ചിക്കുമായവസ്ഥ– ചിത്രജനിങ്ങുനാഥൻ
കഞ്ചനേസംഹരിച്ച കാലിണതാങ്ങുംമന്നൻ
ധർമ്മമേകുലദൈവം അന്നദാനമേനിജ–
കർമ്മമാംകുലം കർമ്മകുശലമവൻകൈകൾ.
ദുർവ്വാസാവിന്നുലക്ഷം ശിഷ്യർക്കും ഓടിയെത്തി
ദുർവ്വിശപ്പകററിയ ഭക്തരക്ഷകദാസൻ
ആപത്തിനവകാശമെന്തിനായാശങ്കിപ്പൂ.
ശ്രീപത്മനാഭാർപ്പിതംശ്രീവാഴുംകോട്ടരാജ്യം.
വൃഷ്ടിപോൽപാല്പായസംനേൽകുന്നകൃഷ്ണസ്വാമി
മൃഷ്ടാന്നദാനോത്സുകൻ സംഹാരമൂർത്തിയത്രേ.
അന്നപൂർണ്ണയാം മഹാദേവിയും പ്രസാദിച്ചു
വന്നങ്ങുസീതാലക്ഷ്മിക്ഷേത്രത്തിൽവാസമാക്കി
തിരുനാൾവാരം നവരാത്രിനാളുകൾ–പോരാ–
ഒരുനാളിളവില്ലാതെന്നുമുണ്ടന്നദാനം.

വാഴ്കവാഴ്കമ്മേ!വഞ്ചി!വേണ്ടാദ്ധ്യേനിരാശ,തേ
മാഴ്കേണ്ടശങ്കിച്ചുനീവാഞ്ഛിതപ്രാതികൂല്യം
അഞ്ചാതെ തമ്പുരാന്റെതിരുനാൾഘോഷിക്ക
വഞ്ചിയിൽധനധാന്യ സമൃദ്ധിപുലരുമേ!(നീ

ESTD 1928.

# THE MOTOR ELECTRIC WORKS.

ELECTRICAL ENGINEERS & CONTRACTORS. K. K. ROAD, KOTTAYAM.

For Brighter Light, Greater power & Longer life
USE ONLY HIGH CAPACITY

## STORAGE BATTERIES.

INSIST ON BUYING FROM OUR
AUTHORISED SERVICE STATION
We repair all kinds and makes of
STORAGE BATTERIES, DYNOMOS, STARTERS & MAGNETOS.

## ARMATURE RE-WINDING

OUR SPECIALITY.

## Battery Charging

Done with up-to-date apparatus

FREE ESTIMATES

SUBMITTED FOR ANY SIZE OF ELECTRICAL SCHEME

TRY AND BE CONVINCED.

# നങ്ങേലിത്തള്ള.

(പി. കേശവദേവ്)

ഗോവിന്ദപ്പണിക്കരുടെ ആശ സാധിച്ചു. അയാൾ ഭാനുമതിയെ തന്നെ വിവാഹം ചെയ്തു. അന്നൊക്കെ ഒരു നടപ്പുണ്ട്, ആഭിജാത്യമുള്ള കുടുംബങ്ങളിൽ നിന്ന് പെൺകുട്ടികളെ വിവാഹം ചെയ്യുമ്പോൾ കൂടെ ഒരു വാല്യക്കാരത്തിയെ അയക്കുക. ഭാനുമതി കൂട്ടിക്കൊണ്ടു വന്നത് നങ്ങേലിയെ ആയിരുന്നു. അങ്ങനെ നങ്ങേലി പതിമൂന്നാമത്തെ വയസ്സിൽ പണിക്കരുടെ വീട്ടിൽ വന്നു.

ആരോഗ്യവാനും ധനവാനുമായ പണിക്കർ, സുന്ദരിയും ദുർബലയുമായ ഭാനുമതി– അവൾക്ക് വേണ്ട ശുശ്രൂഷകൾക്കായി തുള്ളിച്ചാടി നടക്കുന്ന കൊച്ചുനങ്ങേലി–ആ മധുവിധുകാലം ആടി, പാടി, തളൎന്നു.

ഭാനുമതി പ്രസവിച്ചു. അപകടമായ പ്രസവം. കുട്ടി മരിച്ചു. തള്ള ജീവിച്ചു. പക്ഷേ ഭാനുമതി രോഗിണിയായി തീൎന്നു.

പണിക്കർ ലോഭം കൂടാതെ പണവും സമയവും ചിലവഴിച്ചു, ഭാൎയ്യയുടെ ആരോഗ്യം വീണ്ടെടുക്കുവാൻ. അയാൾ നിരാശനായി. നങ്ങേലി അവളുടെ കഴിവുകളെ അതിക്രമിച്ചുള്ള ശുശ്രൂഷയാണ് അവളുടെ കൊച്ചമ്മയ്ക്കു ചെയ്യുന്നത്. കട്ടിലും കിടക്കയുമായി കഴിച്ചുകൂട്ടുന്ന ഭാനുമതി എല്ലാം നങ്ങേലിയെ ഭരമേൽപ്പിച്ചു.

കൌമാരത്തിന്റെ കളിപ്പാട്ടിൽ തന്നെ അവൾ ഒരു കാൎയ്യക്കാരിയായിത്തീൎന്നു. ആ വീട്ടിൽ എല്ലായിടവും അവളുണ്ട്. ആ വീട്, അവളുടെ വീട്. അവിടത്തെ ഐശ്വൎയ്യം അവളുടെ ഐശ്വൎയ്യം. അയൽക്കാൎക്കും വാല്യക്കാൎക്കും എല്ലാം അവളെ പേടിയാണ്. അവളുടെ കണ്ണു മറച്ച് ഒന്നും അപഹരിക്കുവാൻ അവൎക്കാൎക്കും സാധിച്ചിരുന്നില്ല. "ഇതിനെ എവിടുന്നു വലിച്ചോണ്ടു വന്നു?" അവരെല്ലാം പിറുപിറുക്കും.

യൌവനം മെല്ലെമെല്ലെ അവളോടടുത്തു. അവൾ തിരണ്ടു തെളിഞ്ഞു. കണ്ടാൽ കൌതുകം തോന്നുന്ന ശരീരഘടന–ചൊടിയും ചുണയുമുള്ള പ്രകൃതം–സാമൎത്ഥ്യമേറിയ ഭരണപാടവം–യുവാവായ പണിക്കർ സംതൃപ്തനായി.

നങ്ങേലി നാലു വെളുപ്പിനു എഴുന്നേൽക്കും. രാത്രി പന്ത്രണ്ടുമണിക്കു ശേഷമേ ഉറങ്ങുകയുള്ളു. പിറ്റേദിവസത്തെ കാൎയ്യപരിപാടി അവളുറങ്ങുന്നതിനു മുൻപു തന്നെ തീൎച്ചചെയ്യും. അനാവശ്യമായുള്ള വേലക്കാരെയെല്ലാം പറഞ്ഞയച്ചു. വെള്ളം കോരാനും നെല്ലുകുത്താനും വച്ചു വിളമ്പാനും എല്ലാം അവൾ തികച്ചും മതിയാകും. സകലതിനും കണക്കുണ്ട്, ചിട്ടയുണ്ട്.

നങ്ങേലിയില്ലെങ്കിൽ ആ വീടിന്റെ ഐശ്വൎയ്യം നിലച്ചു. ആ പരമാൎത്ഥം പണിക്കരുടെ മുൻപിൽ ഭാനുമതി സമ്മതിച്ചു. നങ്ങേലിയുടെ അധികാരത്തുള്ളലും ആജ്ഞാശക്തിയും അവർ വകവച്ചുകൊടുത്തു.

പണിക്കരുടെ കുളിമുറിയിലും തീൻമേശയുടെ അരികിലും പ്രസന്നാവദനയായി നിൽക്കുന്ന നങ്ങേലിയെ കാണുമ്പോൾ ഭാനുമതിയുടെ ഹൃദയം പിടയും. നങ്ങേലിയെ ശകാരിക്കും. കമഴ്ന്നു കിടന്നു കരയും. ഈശ്വരാ! അവൾ സ്വയം ശപിച്ചു.

ഒരു ചന്ദ്രികയുള്ള രാത്രിയിൽ പൂന്തോട്ടത്തിൽ ഒരു പൊട്ടിച്ചിരി കേട്ടു. ഭാനുമതി കിടക്കയിൽ നിന്നു എണീററു. "ഇതിനേക്കാൾ നല്ലതു് എന്നെക്കൊല്ലുകയാണ്" ഭാനുമതി പണിക്കരോടടുത്തു. വിറയാ

ന്ന അവളുടെ ശരീരം അയാളുടെ കാൽക്കൽ പതിച്ചു. നങ്ങേലി ചെടികൾക്കിടയിൽ മറഞ്ഞു. അയാൾ ഭാര്യയെ വാരി എടുത്തു് വിരിമാറിലണച്ചു...അയാളും കരഞ്ഞു.

പണിക്കർ സഹധർമ്മിണിയുടെ കട്ടിലിൽ നിന്നു മാറുന്നില്ല. അവൾ വിങ്ങി വിങ്ങി കരയുന്നു. അയാൾ അവളുടെ കണ്ണുനീർ തുടച്ചു് കണ്ണുകളിൽ ചുംബിച്ചു. ഒരു പ്രേമയാചകിയേപ്പോലെ അവൾ അയാളുടെ നേരെ നോക്കി. അയാൾ അവളുടെ തലമുടിച്ചുരുളുകളെ മെല്ലെ മെല്ലെ തലോടി. ഏതോ ഗൂഢമായ പ്രേമാലോചന അവർ തമ്മിൽ നടക്കുന്നു. അതു തീർച്ച.

രാത്രിയിൽ പണിക്കരുടെ കിടക്കമുറിയുടെ വാതുക്കൽ നിന്നുകൊണ്ടു് നങ്ങേലി പറഞ്ഞു. "എനിക്കു് ആരുടേം വഴക്കു കേക്കാം വയ്യ." "നീ പേടിക്കേണ്ട." അവൾ സമ്മതിച്ചു. അയാൾ വിജയവാർത്ത പറഞ്ഞു് മന്ദഹസിച്ചു.

ശയനമുറിയിലും വിശ്രമഹാളിലും നിന്നു കേൾക്കുന്ന അവരുടെ പൊട്ടിച്ചിരി ഭാനുമതിയിൽ ഒരസ്വാസ്ഥ്യവും ഉണ്ടാക്കുന്നില്ല. അവൾ പൂർവ്വാധികം നങ്ങേലിയെ സ്നേഹിച്ചു. കുടുംബം ശാന്തതയിലും സംതൃപ്തിയിലും ഐശ്വര്യപ്പെട്ടു.

സന്താനങ്ങളില്ല. പണിക്കരുടെ ആനന്ദത്തിൽ ഇഴഞ്ഞു കയറുന്ന കറുത്ത ചിന്തയാണു്. വഴിപാടുകളും മന്ത്രവാദങ്ങളും ചികിത്സകളും പിന്നെയും നടത്തിക്കൊണ്ടിരുന്നു, ഭാനുമതി ഒന്നു പ്രസവിച്ചു കാണുവാൻ. കുടുംബം അന്യധീനപ്പെടും. ഒരു വിവാഹം കൂടി കഴിക്കണം. ബന്ധുക്കളും സ്നേഹിതന്മാരും ഉപദേശിക്കും. അയാൾ വിധിയുടെ തണലിൽ വിശ്രമിക്കുവാൻ അവരെ ഉപദേശിക്കും. പക്ഷെ അയാളുടെ സ്വപ്നങ്ങളിലും ഭാവനകളിലും ഒരു കൊച്ചു ദേവത അലഞ്ഞു നടക്കും. അയാൾ എത്തിപ്പിടിക്കും. പിടി കിട്ടുകയില്ല. അയാൾ ചിന്താധീനനാകും.

എന്തോ അയാളുടെ ശുക്രദശ: വസന്തകാലത്തിന്റെ അന്തിമഘട്ടത്തിലുള്ള തേന്തൂറുന്ന ഒരു പ്രഭാതത്തിൽ അയാൾക്കൊരു വാർത്ത കിട്ടി. അയാളുടെ ഭാര്യ ഗർഭിണിയാണെന്നു്. അടുത്ത സായംകാലത്തിൽ മറ്റൊരു വാർത്ത കിട്ടി, നങ്ങേലിയും ഗർഭിണിയാണെന്നു്. ഇരുവാർത്തകളും കൂട്ടിയിണക്കി അയൽക്കാരും ഉറ്റവരും നേരംപോക്കിനു് ഉപയോഗിച്ചിരുന്നു.

രണ്ടു മാസത്തെ പ്രായവ്യത്യാസത്തോടുകൂടിയ രണ്ടാൺകുട്ടികൾ ആ വീടിനെ അലങ്കരിച്ചു് സജീവമാക്കി. ഭാനുമതിയുടെ മകൻ ദാമുവും നങ്ങേലിയുടെ മകൻ കൃഷ്ണൻകുട്ടിയും ഒരേ രീതിയിൽ വളർന്നു. പണിക്കരും ഭാനുമതിയും അവരെ ഒരുപോലെ സ്നേഹിച്ചു. നങ്ങേലി പക്ഷഭേദം കൂടാതെ ശുശ്രൂഷിച്ചു. ഇരുകുട്ടികൾക്കും മുല കൊടുക്കുന്നതു് നങ്ങേലിയായിരുന്നു. ഭാനുമതി അതിനു് അപ്രാപ്തയാണു്.

നങ്ങേലിയുടെ ഭരണപാടവം കൂടുതൽ കൂടുതൽ തെളിഞ്ഞുവിളങ്ങി. നെൽപ്പാടങ്ങളിലും തെങ്ങിൽതോപ്പുകളിലും കന്നുകാലിവളപ്പിലും കൂടി അവളുടെ ശ്രദ്ധ എത്തിയിരുന്നു. പണിക്കർ വ്യവഹാരകാര്യങ്ങളിലും പൌരപ്രാമാണ്യത്തിലും കഴിച്ചുകൂട്ടുകയാണു്.

ഭാനുമതിയുടെ സുഖക്കേടു വീണ്ടും വർദ്ധിച്ചു. അവൾ വീണ്ടും ശയ്യയെ അവലംബിച്ചു. വല്ലപ്പോഴും എഴുന്നേറ്റിരുന്നു് ഓടിച്ചാടി നടക്കുന്ന കുട്ടികളെ കളിപ്പിക്കും. അതു മാത്രമാണു് അവൾക്കുള്ള ജോലി.

ഒരു സന്ധ്യാസമയത്തു് നങ്ങേലി ജോലിക്കാർക്കുള്ള കൂലി കണക്കുപറഞ്ഞു കൊടുക്കുകയാണു്. കന്നുകാലിച്ചെറുക്കൻ വിളിച്ചു കൂവിക്കൊണ്ടു് ഓടിവന്നു. "കൊച്ചമ്മാ! ഓടിവാ ദാമുക്കുഞ്ഞു് കൃഷ്ണൻകുട്ടിയെ കിണറ്റിൽ തള്ളിയിട്ടു." നങ്ങേലി ഓടി അലച്ചു ചെന്നു. കിണറ്റിൽ ചാടി. പുറമെ ജോലിക്കാരും ചാടി. കൃഷ്ണൻകുട്ടിയേയും നങ്ങേലിയേയും പുറത്തു കൊണ്ടുവന്നു. കൃഷ്ണൻകുട്ടിയുടെ ശവശരീരം കണ്ടു് ഭാനുമതി ബോധംകെട്ടു് നിലത്തു വീണു.

രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോൾ നങ്ങേലി ദാമുവിനെ മാറിടത്തിൽ അടുക്കിപ്പിടിച്ചുകൊണ്ടു് ചോദിച്ചു. "മോനെ എന്റെ കൃഷ്ണൻകുട്ടി മോനോടെന്തുചെയ്തു." അവൾ പൊട്ടിക്കരഞ്ഞു. ദാമു അവന്റെ കൊച്ചു മുഖം

അവളുടെ കണ്ണിൽ അർപ്പിച്ചുകൊണ്ടു് അവനും കരഞ്ഞു.

പ്രഭാതത്തിൽ ദാമു ഭാനുമതിയുടെ കട്ടിലിന്റെ തലയ്ക്കൽ ചെന്നുനിന്നു. അവൾക്കു് കോപം കൊണ്ടു. "ദൂരെപ്പോ പാപി" അവൾ അതിനെ പിടിച്ചൊരു തള്ളുകൊടുത്തു. അതു് ഉരുണ്ടടിച്ചു വീണു. "അറിവില്ലാത്ത കുഞ്ഞിനെ" നങ്ങേലി വാരിഎടുത്തു് തെരുതെരെ ചുംബിച്ചു.

മഞ്ഞുകാലത്തിന്റെ കാഠിന്യത്താൽ ഭാനുമതി തീരെ ശയ്യാവലംബിയായി. ദാമുവിനു് അവളുടെ അടുക്കൽ ഒരടുപ്പവുമില്ല. അവൻ എപ്പോഴും നങ്ങേലിയുടെ അടുത്താണു്. അവളെ അമ്മ എന്നാണു് അവൻ വിളിക്കുന്നതു്.

മഞ്ഞു പൊഴിയുന്ന ഒരു രാത്രിയിൽ ദാമുവിനെ നങ്ങേലിയെ ഏൽപ്പിച്ചിട്ടു ഭാനുമതി അമ്മ എന്നന്നേക്കുമായി യാത്ര പറഞ്ഞു.

ഭാനുമതിയുടെ മരണം ആ വീടിനെ ഒരുവിധത്തിലും ബാധിച്ചിരുന്നില്ല. അവൾ ഇല്ലാത്തതും ഉള്ളതും ഒന്നുപോലെയായിരുന്നു.

"ഇനി ഒരു കൊച്ചമ്മ വരുമ്പോൾ ഈ നങ്ങേലി പുറത്തു്" പണിക്കരെ വീശിക്കൊണ്ടു് നിന്ന നങ്ങേലിസഗൽഗദം പറഞ്ഞു "എടീ എത്ര ദേവകന്യകകൾ വന്നാലും എന്റെ നങ്ങേലി എൻറേതു്. ഈ ജന്മം നീയല്ലാതെ വേറൊരു ഭാര്യ എനിക്കുണ്ടാകയില്ല." അയാൾ അവളുടെ കൈകളെ ചുംബിച്ചു. നങ്ങേലി ആനന്ദബാഷ്പം പൊഴിച്ചു.

നങ്ങേലി പിന്നെയും മൂന്നുപ്രാവശ്യം ഗർഭിണിയായി. മൂന്നും അലസിപ്പോയി. പണിക്കർക്കും നങ്ങേലിക്കും സ്നേഹിക്കുവാനും ആശിക്കുവാനും ദാമുവേ ഉള്ളു. അവനു് അമ്പിളിഅമ്മാവനെവേണമെന്നുപറഞ്ഞാൽ അവൾ ഉടനെ ആകാശത്തേക്കു പറക്കുവാൻ ഭാവിക്കുകയായി. അവനൊന്നു കരഞ്ഞാൽ അവൾക്കു പിന്നെ ഊണില്ല. അവനൊന്നു പനിച്ചാൽ അവൾക്കു പിന്നെ ഉറക്കമില്ല. അവനൊന്നു ചുമച്ചാൽ അവൾക്കു തല ചുറ്റും. 'ദാമുക്കുഞ്ഞു്' അതിൽക്കവിഞ്ഞു് ഒരു നാമജപം അവൾക്കില്ല.

അവൻ ഇംഗ്ലീഷ് സ്ക്കൂൾ മട്രിക്കുലേഷൻ പരീക്ഷ പാസ്സായി. "ദാമുവിനെ ഒരു വക്കീലാക്കണം" പണിക്കർ പറഞ്ഞു. "വേണ്ട പോലീസ് ഇൻസ്പെക്ടരാക്കണം. വലിയ മീശേം വച്ചു് ബൂട്ടീസും തൊപ്പീയും ഇട്ടു് ഒരു മാതിരി വടീം കറക്കിക്കൊണ്ടു വരുന്നതു കണ്ടാ ആരാ ഒന്നു നോക്കാത്തെ" നങ്ങേലി സകൗതുകം പറകയാണു്. പണിക്കർ ഒന്നു ചിരിച്ചു.

ദാമു കാളേജിൽ പോയി. പിന്നെ അവനു വേണ്ടതെല്ലാം അയച്ചു കൊടുക്കുന്നതിലാണു് അവളുടെ ശ്രദ്ധ. വാതരോഗം പണിക്കരുടെ പ്രതാപത്തെ കുറേശ്ശെ കുറച്ചുതുടങ്ങി. തേച്ചും പിഴിച്ചിലും മരുന്നും മണ്ണുമായി അയാൾ വീട്ടിൽ കഴികയാണു്. നങ്ങേലി നാലുകാലിൽ നടന്നു് ശുശ്രൂഷിക്കുന്നു. വീട്ടിൽ ഒരു കുറവും കുറവുമില്ല. ദാമുവിനു് ആവശ്യമുള്ളതെല്ലാം ശരിക്കു് എത്തിക്കൊണ്ടിരിക്കുന്നു. "അവനൊരു പുരുഷനാണു്" പണിക്കർ ചിലപ്പോൾ തന്നത്താൻ പറഞ്ഞുപോകും.

അഞ്ചുവർഷം കൊണ്ടാണു് ദാമു ബി. എ. പാസ്സായതു്. അയാൾ വീട്ടിൽ താമസിച്ചുകൊണ്ടു് ഉദ്യോഗത്തിനു് നിരന്തരം പരിശ്രമിക്കയാണു്. "കുഞ്ഞിനു് ജോലി വാങ്ങിച്ചുകൊടുക്കണമല്ലൊ" ഹാളിൽ ഞൊണ്ടി ഞൊണ്ടി നടക്കുന്ന പണിക്കരോടു് നങ്ങേലി പറഞ്ഞു. "ഒരെഴുന്നൂറു രൂപാ ഉണ്ടെങ്കിൽ അതു സാധിക്കാമെന്നു് ഒരാളേറ്റിട്ടുണ്ടു്. ഒരു വസ്തു വിററാലെന്താ?" പണിക്കർ നങ്ങേലിയുടെ മുഖത്തു നോക്കി. അവൾ ആലോചിച്ചു. "വേണ്ടാ. ഒന്നും വിൽക്കണ്ടാ. രൂപാ ഞാൻ തരാം" അവൾ പതുക്കെപ്പറഞ്ഞു

അടുപ്പുകുറ്റിയുടെ അടുത്തു കുഴിച്ചു വെച്ചിരുന്ന ഒരു ഓട്ടുക്കലത്തിൽ നിന്നു തൊള്ളായിരത്തിൽപരം രൂപ എണ്ണി അവൾ ദാമുവിന്റെ കയ്യിൽ കൊടുത്തു. അവളുടെ അതുവരെയുള്ള സമ്പാദ്യം അവനു കാഴ്ചവച്ചു് അവൾ തൃപ്തി അടഞ്ഞു.

ദാമുവിനു് ഉദ്യോഗത്തിനു് ഓർഡർവന്നു. തിരുവനന്തപുരത്തേയ്ക്കു്, പോലീസ് ഇൻസ്പെക്ടർ. ആവൂ! നങ്ങേലിയുടെ ആനന്ദത്തിനു അതിരില്ല. അന്നു് വീട്ടു കാര്യങ്ങൾ പോലും അവൾ മറ

## ടൂത്തു് പേസ്റ്റു് വാങ്ങി വഞ്ചിതരാകാതിരിക്കുവിൻ.

ഊനഴുകി പഴുപ്പു വരിക, രക്തം ഒലിക്കുക മുതലായ ദന്തസംബന്ധമായ സകല രോഗങ്ങളും ഇല്ലാതാക്കുന്ന ആ ദിവ്യൗഷധം.

"കടയ്ക്കൽസ് ആൻറി പയറോൾ പൌഡർ" ഒന്നു മാത്രമാണു്.

കുപ്പി 1-നു വില രൂപാ 1. ആവശ്യക്കാർക്കു വി. പി. ആയി അയച്ചുകൊടുക്കുന്നതാണു്.

ഡാക്ടർ കടയ്ക്കൽ, പയോറിയാ സ്പെഷ്യലിസ്റ്റ്.

തിരുവനന്തപുരം.

ന്നുപോയി.

അവൻ തിരുവനന്തപുരത്തിനുപോയി. നങ്ങേലി ഓച്ചിറ ഒരു ഉരുളിച്ചയും, ശാസ്താം നടയിൽ ഒരു പൂജയും ഭദ്രകാളിക്ഷേത്രത്തിൽ പത്തു ചക്രവും നേർച്ച നടത്തി, ദാമുവിനു് ഒരാപത്തും ഉണ്ടാകാതിരിക്കാൻ.

അടുത്ത പ്രാവശ്യം അവൻ പോലീസു് ഇൻസ്പെക്ടരുടെ വേഷത്തിൽ വന്നു കയറി. നങ്ങേലി നോക്കിനിന്നു് കൃതാർത്ഥയായി. "ഇനി ചത്താലും വേണ്ടില്ല" അവൾ തന്നത്താൻ പറഞ്ഞു.

പണിക്കരുടെ രോഗം മൂർദ്ധന്യദശയിലെത്തി. ധാരാളം പണം ചിലവഴിച്ചു് വിദഗ്ദ്ധന്മാരായ ഭിഷഗ്വരന്മാർ ചികിത്സിച്ചിട്ടും ഫലിക്കുന്നില്ല. ദാമു അങ്ങനെ വരാറെയില്ല. വല്ലപ്പോഴും എഴുത്തയയ്ക്കും. അത്രതന്നെ.

"ദാമുക്കുഞ്ഞിനെ കാണുന്നില്ലല്ലോ." അവൾ പണിക്കരോടു് പറയും. അയാൾ ആ നിർഭാഗ്യവതിയുടെ മുഖത്തു നോക്കിക്കൊണ്ടു കിടക്കുമെന്നല്ലാതെ ഒന്നും പറയുകയില്ല.

ദാമുവിൻെറ ഒരെഴുത്തു കിട്ടി. അയാൾ മിസ്സ് ശാരദാമണിയെ വിവാഹം ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നും അതിനു് പണിക്കർ ചെല്ലണമെന്നും കാണിച്ചുകൊണ്ടു്. "അയ്യോ ഇതെന്തുവാ കേക്കുന്നെ" നങ്ങേലി പരിഭ്രമത്തോടെ ചോദിച്ചു. പണിക്കർ തിരിഞ്ഞു കിടന്നുകളഞ്ഞു.

ഗ്രീഷ്മകാലം ഒന്നുകൂടി കഴിഞ്ഞു. പണിക്കർ തീരെ അവശനായി. അയാൾ നങ്ങേലിയെ നോക്കിപ്പറഞ്ഞു. "എടീ ദാമുവിനെ വരുത്തണം. എനിക്കിനി അധികം താമസമൊന്നുമില്ല" "അയ്യോ എന്നെ ആരെ ഏല്പിച്ചേച്ചാ" അവൾ അയാളുടെ മാറിത്തിൽ മുഖമണച്ചു് വിങ്ങിവിങ്ങിക്കരഞ്ഞു. അയാൾ തണുത്ത കൈകൾ പൊക്കി അവളുടെ നരച്ച തലമുടിയെ തലോടി.

ദാമു വന്നു. പണിക്കരും നങ്ങേലിയും കരഞ്ഞു. ദാമു അച്ഛൻെറ കാൽക്കൽ വീണു മാപ്പിനിരന്നു. അവനും കരഞ്ഞു. പണിക്കരുടെ മരണപത്രിക എഴുതുകയാണു്. "നങ്ങേലിക്കെന്തുവേണം" പണിക്കർ ചോദിച്ചു. ദാമുവും വക്കീലും കൂടിയിരുന്നവരുമെല്ലാം നങ്ങേലിയുടെ മുഖത്തു നോക്കി. "എനിക്കൊന്നും വേണ്ട. എനിക്കെൻെറ ദാമുക്കുഞ്ഞു മതി" ഗദ്ഗദം അവളുടെ വാക്കുകളെ തടഞ്ഞു. വസ്തുവകളെല്ലാം ദാമുവിനു് തീറെഴുതി. പത്രം പണിക്കർ കയ്യിൽ വാങ്ങി, ഒപ്പിടുവാൻ. "ദാമൂ! നങ്ങേലിയാണു് ഈ ഐശ്വര്യത്തിനെല്ലാം കാരണം. നീ അവളെ മറക്കരുതു്"" നങ്ങേലി പൊട്ടിക്കരഞ്ഞുകൊണ്ടു് അപ്പുറത്തേയ്ക്കു പോയി. കണ്ണുനീർ കൊണ്ടു നനഞ്ഞ പത്രം പണിക്കർ മകൻെറ കയ്യിൽ കൊടുത്തു. ദാമു തൊഴുതു വാങ്ങി. കണ്ണിലണച്ചു.

മനോഹരമായ ഒരു കല്ലറയിൽ പണിക്കരുടെ ശവശരീരം ആഡംബരപൂർവ്വം മറവു ചെയ്തു.

ദാമു പാട്ടുക്കാരെയും ചിട്ടിക്കാരെയും പണമിടപാടുകാരേയും എല്ലാം വരുത്തി കണക്കുകൾ നോക്കി. അതിലെങ്ങും ഒരു ക

ഴല്പവും ഉണ്ടായില്ല. എല്ലാവരും നങ്ങേലിയെ അഭിനന്ദിച്ചു.

രാമു വീണ്ടും തിരുവനന്തപുരത്തിനു പോയി. നങ്ങേലി ഏകാകിനി, ചിറകററ പക്ഷി, അർത്ഥമില്ലാത്ത ഗാനം, ശബ്ദമില്ലാത്ത വീണ— അവൾ ദിവസവും സായംകാലത്തിൽ പണിക്കരുടെ ശവക്കല്ലറയുടെ മുൻപിൽ വിളക്കു കത്തിക്കും. അതിൻെറ മുൻപിൽ നമസ്ക്കരിക്കും. കണ്ണുനീർകൊണ്ടു ആ കൽത്തറ അഭിഷേകം ചെയ്യും.

രാമുവിനു് സ്വന്തനാട്ടിലേക്കു് സ്ഥലം മാററം കിട്ടിയ വാർത്ത പരന്നു. രാമുവും മിസ്സിസ്സ് രാമുവും വരുന്നു. എഴുന്നെള്ളത്തിനു് പട്ടണങ്ങൾ ഒരുക്കുന്നതുപോലെ നങ്ങേലി ആ വീടുമുഴുവൻ അലംകരിച്ചു. അവരെ എതിരേൽക്കുവാൻ അടുത്ത പ്രഭാതത്തിൽ അകമ്പടിക്കാരോടും സേവകന്മാരോടും കൂടി രാമുവും മിസ്സിസ്സ് രാമുവും വന്നിറങ്ങി. ജനങ്ങൾ കൂടി. നങ്ങേലി അത്യാഹ്ലാദപൂർവം അടുത്തുചെന്നു, തൻെറ മരുമകളെ ആലിംഗനം ചെയ്യുവാൻ. ശാരദാമണി—സംഗീതവിദുഷി—നാഗരികാംഗന— മിസ്സ് തിരുവനന്തപുരം—അവൾ അവജ്ഞയോടെ നങ്ങേലിയെ ഒന്നു നോക്കിയിട്ടു് അകത്തേക്കു കടന്നു പോയി. നങ്ങേലി സ്തംഭിച്ചു നിന്നുപോയി. ആ അഭിമാനിത അടുക്കളയിലേക്കു മടങ്ങി.

അടുത്ത ദിവസം ശാരദാമണി അടുക്കളയിലേക്കു കയറിച്ചെന്നു. ഒരു നടിയെപ്പോലെ അടുക്കളയിലെല്ലാം സൂക്ഷ്മാവലോകനം നടത്തി. "നങ്ങേലിത്തള്ളെ" കുനിഞ്ഞിരുന്നു് തീ കത്തിക്കുന്ന നങ്ങേലിയെ വിളിച്ചു. "നങ്ങേലിത്തള്ള" അങ്ങനെ ഇതുവരെ അവരെ ആരും വിളിച്ചിട്ടില്ല. അവരുടെ സപ്തനാഡികളും വിറച്ചു. അവർ തല ഉയർത്തി നോക്കി. "നിങ്ങൾ ഇനി ഈ അടുക്കളയിൽ കയറണ്ടാ. കേട്ടോ? വൃത്തികേടു്!! ആ ഉരപ്പുരയിലിരുന്നോളണം. അവിടെ വല്ലതും തരും. വാങ്ങിച്ചു കഴിച്ചോളണം." മണികിലുക്കി. "ആരുടെ കല്പനയാ" നങ്ങേലി മോണകൾ കൂട്ടിക്കടിച്ചുകൊണ്ടു് എഴുന്നേററു. "എൻെറ കല്പനയാ. എന്താ— ഇംം! ഇറങ്ങണം പുറത്തു് ഇംം?..." ശങ്കരൻ അകത്തു കടന്നു. നങ്ങേലിത്തള്ള പുറത്തു തള്ളപ്പെട്ടു.

ഉരപ്പുരയിൽ വൃദ്ധനായ ടൈഗർ മാത്രം അവൾക്കു കൂട്ടുണ്ടു്. ശങ്കരൻെറ കരുണകൊണ്ടു് വല്ലതും കിട്ടിയാൽ കഴിക്കാം. വല്ലപ്പോഴും രാമു അതിലെ കടന്നുപോകുമ്പോൾ എന്തെങ്കിലും ഒന്നു ചോദിച്ചു എന്നു വരാം. അത്ര തന്നെ.

കുറച്ചുദിവസം കൂടി തിരുവനന്തപുരത്തു് ഔദ്യോഗികസംബന്ധമായി താമസിച്ചിരുന്ന രാമു അന്നാണു് വന്നതു്. തിക്കും തിരക്കും വെപ്പും വിളമ്പും ബഹളം. ഉച്ചകഴിഞ്ഞിട്ടും നങ്ങേലിക്കു് തുള്ളിവെള്ളം കിട്ടിയില്ല. വയറുകത്തിയും നാവുവരണ്ടും ആ വൃദ്ധയ്ക്കു വയ്യാ. അവൾ അടുക്കളയുടെ വാതുക്കലേക്കു ചെന്നു.

"എടാ! ചങ്കരാ! ഇററു കഞ്ഞോളമെങ്കിലും താടാ" വരണ്ട നാവിളക്കി അവൾ യാചിച്ചു.

"കൂടിയെ കഴിയത്തൊള്ളോ? നൂറുകൂട്ടം വേലയ്ക്കിടയ്ക്കു വന്നിരിക്കുവാ കഞ്ഞോളക്കാരി. ഇതിനെന്തേ, ചത്തുകൂടെ!" തിളച്ചു ഉരുളിയിൽ മുട്ടി പൊള്ളിയ കൈനക്കിക്കൊണ്ടു് ശങ്കരൻ ശകാരിച്ചു. ആ വൃദ്ധ അങ്ങനെ തന്നെ നിന്നു. പലപ്പോഴും അവൾ അവൻെറ ശകാരം കേട്ടിട്ടുള്ളതാണു്. അടുക്കളയിൽ നിന്നു പൊങ്ങിയ പാചകസുഗന്ധം അവളുടെ വായിൽ വെള്ളമൂറിച്ചു. "എടാ ചങ്കരാ" അവൾ പേടിച്ചുപേടിച്ചു് ഒന്നുകൂടി വിളിച്ചു.

"ഭേ, പോയില്ലെങ്കി തിളച്ചു വെള്ളം കോരി ഞാൻ തലവഴി ഒഴിക്കുവെന്നു് കണ്ടോളണം" അവനു കോപം തന്നെ. നങ്ങേലി ദീർഘമായി ഒന്നു നിശ്വസിച്ചു. അവൾ ആ അടുക്കളയിലെ റാണിയായി നിന്ന

**WELCOME.**
**The Gujarati Cafe.**
Near Bridge, Main Road Pazavangadi
TRIVANDRUM.
**prop. T. M. Mehta.**

കാലം! അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അവൾ ഉരപ്പുരയിലേക്കു തന്നെ തിരിച്ചു. വാതുക്കൽ ചുരുണ്ടു കൂടി ഇരുന്നു.

അപ്പുറത്തു് ഹാളിൽ നിന്നുയർന്ന ചിരികളും ചില ശബ്ദങ്ങളും ഉറപ്പുരയുടെ ഉറച്ചുത്തൂണിൽ മുഴങ്ങി. നങ്ങേലിത്തള്ള ശ്രദ്ധിച്ചു— ശ്രദ്ധിച്ചു...ചുക്കിച്ചുളിച്ച ആ മുഖം ഒന്നുമിനുത്തു. പിടയിലേക്കാണ്ടുപോയ കൺകുഴികൾ ഒന്നു വികസിച്ചു. അവൾ പുഞ്ചിരിച്ചു. "ദാമുക്കുഞ്ഞു വന്നു. എന്റെ ദാമുമോന്റെ ചിരി!" ആ വൃദ്ധ എഴുന്നേററു. നോക്കിയതു ശാരദാമണിയുടെ മുഖത്തു്. "എന്റെ ദാമുക്കുഞ്ഞു വന്നോ?" പല്ലുപോയ മോണമുഴുവനും വെളിയിൽ കാണിച്ചുകൊണ്ടു് അവൾ ചോദിച്ചു.

"ദേ, അപ്പുറത്തു് അദ്ദേഹത്തിന്റടുത്തെങ്ങും ചെല്ലരുതു്, കേട്ടോ. അവിടെ പലരും ഇരിപ്പുണ്ടു്" ആ വൃദ്ധ ഞെട്ടിപ്പോയി. മുഖം ഇരുണ്ടു. ഗൌരവത്തിൽ കടന്നു പോയ ശാരദാമണിയെ നോക്കി നിന്ന കൺകുഴികൾ താനെ അടഞ്ഞു. ഒരു കനത്ത നിശ്വാസം വായിൽ കൂടി വമിച്ചു. ആ നിശ്വാസം താരുണ്യത്തിന്റെ താരാട്ടിൽ കുല നീട്ടിയ ഒരു വാഴച്ചെടിയിൽ ചെന്നലച്ചു. ഒരു പഴുത്ത പ്ളാവില കാററിൽ ലാവലാവ പാടി അവളുടെ നരച്ച തലമുടിയെ തഴുകിക്കൊണ്ടു് നിലം പതിച്ചു. അവൾ വീണ്ടും കണ്ണുതുറന്നു. ഉരപ്പുരയിലേക്കു തന്നെ നീങ്ങി ഇരുന്നു. വൃദ്ധനായ ടൈഗർ അവളുടെ കാൽപ്പാദങ്ങളെ നക്കി. അവളുടെ കണ്ണുനീർ അവന്റെ നെററിത്തടത്തിൽ അടർന്നു വീണു. അവൻ അവളുടെ മുഖത്തു നോക്കി ഓലിയിട്ടു.

സന്ധ്യ കഴിഞ്ഞു. നങ്ങേലിത്തള്ളയ്ക്കു് ഒന്നും കിട്ടിയിട്ടില്ല. വിറച്ചുവിറച്ചു് അവൾ പണിക്കരുടെ കല്ലറയുടെ അടുത്തു ചെന്നു. "ഉടയവനെ നീ എന്തിനെന്നെ ഇട്ടേച്ചുപോയി" അവൾ പൊട്ടിക്കരഞ്ഞു. അതിന്റെ മുൻപിൽ വീണു. വളരെ നേരം കഴിഞ്ഞാണു് അവൾക്കു ബോധമുണ്ടായതു്. അവൾ എഴുന്നേററു കല്ലറയിൽ കയ്യൂന്നിക്കൊണ്ടു് നിലയായി. അവൾ നട്ടുവളർത്തി നാലുവശവും കുലതിങ്ങിയ തെങ്ങിൻ തോപ്പുകൾ, തളിരും പൂവും അണിഞ്ഞുനിൽക്കുന്ന തേൻമാവുകൾ ഇവയെല്ലാം ചന്ദ്രികയിലെ മൂടൽ മഞ്ഞേററു് മനോഹരമായി കാണപ്പെടുന്നു. അവ നോക്കി നോക്കി അവൾക്കു കലികൊണ്ടു. "അവളെ ഞാനിന്നു കൊല്ലും. ഞാനും ചാകും" നങ്ങേലിത്തള്ള വേച്ചുവേച്ചു് കെട്ടിനകത്തേക്കു പാഞ്ഞു. നിലക്കണ്ണാടിയുടെ മുൻപിൽ നിന്നു് തന്റെ ലാവണ്യം കണ്ടാനന്ദിക്കുന്ന ശാരദാമണിയോടടുത്തു. "നിന്നെ ഞാൻ കൊല്ലുമെടി ദുഷ്ടേ! കൊല്ലും" അലറിക്കൊണ്ടു് ശാരദാമണിയെ കടന്നു പിടിച്ചു. അവൾ മാറി നിന്നു് ഒരു തൊഴി കൊടുത്തു. നങ്ങേലിത്തള്ള മലർന്നടിച്ചു വീണു.

അർദ്ധരാത്രിയിൽ പറമ്പിൽ കന്നേലെ മൂലയിൽ ഒരു വെളിച്ചം കണ്ടു. "നങ്ങേലിത്തള്ളയെ മൂടുന്നു" അയൽക്കാരൻ കിട്ടു പറഞ്ഞു. "ആ ദുഷ്ട തല്ലിക്കൊന്നു" അവന്റെ ഭാര്യ ദുഃഖിച്ചു. "എടി, മിണ്ടരുതു്. ഏമാനനറിഞ്ഞാൽ നമ്മുടെ കഥ തീർന്നു" പിന്നെ ആരും ഒന്നും പറഞ്ഞില്ല.

——


## കോളറാ മഹാമാരി.

കോളറാ വരാതെ സൂക്ഷിക്കുന്നതിനും വന്നാൽ ഉപയോഗിച്ചു രക്ഷ പ്രാപിക്കുന്നതിനും ഏററവും പററിയ സിദ്ധൌഷധം വില്പാൻ തയ്യാർ. എല്ലാ ഭവനങ്ങളിലും ഈ ഔഷധം ഇന്നു തന്നെ കരുതി വയ്ക്കുക.

ഒരു ഔൺസ് കുപ്പി 1-ക്കു് 2 രൂ. മാത്രം
3 കുപ്പിക്കു 5 രൂ 8 ണ

ഡോക്ടർ, ററി. സി. കോര.
(താഴത്തു്)

ദി കോട്ടയം ഹോമയപ്പതിക്കു ഡിസ്പെൻസറി
മൈതാനത്തിനു കിഴക്കുവശം, കോട്ടയം.

## മലയാളം.

കേരളത്തിലെ പ്രത്യേകിച്ചു, തിരുവിതാംകൂറിലെ, മുസ്ലീംകളുടെ ഏകപത്രമായ മലയാളം മി. ററി. കെ. മുഹമ്മദുകുഞ്ഞു ലബ്ബയുടെ പത്രാധിപത്യത്തിൽ അവശസമുദായങ്ങളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിയെ ലക്ഷീകരിച്ചു വെള്ളിയാഴ്ചതോറും പ്രസിദ്ധീകരിച്ചു വരുന്നു. സ്വതന്ത്രമായ അഭിപ്രായങ്ങളും, നിശിതമായ നിരൂപണങ്ങളും, സാഹിത്യപരമായ ലേഖനങ്ങളും ഇവകളാൽ അലംകൃതമായ "മലയാളം" ഏവരും വരുത്തി വായിക്കുവിൻ. വരിസംഖ്യ ആണ്ടിൽ മുൻകൂർ 5 രൂപാ മാത്രം.

മാനേജർ, "മലയാളം", കായംകുളം.

# ശ്രീ ചിത്തിര തിരുനാൾ

## പൊന്നുതമ്പുരാൻ തിരുമനസ്സിലെ

## മുപ്പത്തിരണ്ടാം ആട്ടത്തിരുനാൾ ദിനത്തിൽ

## തിരുമനസ്സിലെ തൃപ്പാദങ്ങളിൽ

# വിജയസംഗീതനടനസഭ

ഭക്തിപൂർവ്വം പ്രണമിച്ചുകൊണ്ടു്
അവിടത്തെ ആയുരാരോഗ്യത്തിനായി പ്രാർത്ഥിച്ചുകൊള്ളുന്നു.



മഹനീയവും നവീനവുമായ
ആദർശങ്ങളോടുകൂടിയ ഏക മലയാള
നടനകലാസമിതി!
കൈരളിയുടെ അനർഘസമ്പാദ്യം!
കണ്ണാനന്ദകരമായ സംഗീതത്തിന്റെയും
ഹൃദയാവർജ്ജകമായ അഭിനയത്തി
ന്റെയും സമ്മോഹനസമ്മേളനം.

നായകൻ — ചലച്ചിത്രരാജൻ
**ശ്രീ: എസ്സ്. ഡി. സുബ്ബയ്യാ**

നായിക — സംഗീതവിദുഷി
**ശ്രീ. എൻ. പൊന്നമ്മ.**

— ചരിത്രം —
**ശ്രീ. പി. കേശവദേവിന്റെ**

# സുഹൃത്ത്.

കഥാസൂചന—

"വത്സേ, നിന്റെ സൗന്ദര്യം എന്നെ ഭയപ്പെടുത്തുന്നു. നമ്മുടെ പ്രേമം എന്നിൽ അസൂയ ഉണ്ടാക്കുന്നു." എന്നാണ് അവളുടെ ഭർത്താവായ പ്രഭാകരൻ അവളോട് പറഞ്ഞതു്.

ഭർത്താവിന്റെ ആത്മസുഹൃത്തായ ചിത്രകാരനെയല്ലാ, അദ്ദേഹത്തിന്റെ ചിത്രനിർമ്മാണപാടവത്തെയാണ് അവൾ സ്നേഹിച്ചതു്. എന്നാൽ ഭർത്താവു് അവളെ സംശയിക്കുന്നു. ആ സംശയതീപ്പൊരിയെ കൃതഘ്നരായ രണ്ടു വ്യക്തികൾ ആളിക്കത്തിച്ചു് മാതൃകായോഗ്യമായ ഒരു സൗഹാർദ്ദബന്ധത്തെയും, അസൂയാർഹമായ പ്രേമത്തെയും ചാമ്പലാക്കികളഞ്ഞു. പക്ഷെ തിന്മ എന്നും ജയിക്കുകയില്ല. ദുഷ്ടനു് ദുഷ്പ്രവൃത്തിയുടെ ഫലം ഉടൻ ലഭിച്ചു. സത്തുക്കൾക്കു് തദനുസരണമായ ഫലവും സിദ്ധിക്കുന്നു. പ്രേക്ഷകരെ ആദ്യന്തം വികാരതരളിതരാക്കി സ്തബ്ധചിത്തരാക്കിത്തീർക്കുന്ന ഈ ചരിത്രം ഒന്നല്ലാ പല പ്രാവശ്യം കണ്ടാലും തൃപ്തിയാകുകയില്ല. നിരാശക്കിടയാക്കാതെ മുൻകൂട്ടി ബുക്കുചെയ്യുക.

Victory Dramatic Association
Changanacherry.

## ദേവിൻെറ

# ചെറുകഥകൾ

3-ാംവാല്യം തയാറായി വരുന്നു. വില അണ 12 മാത്രം.

1-ാംവാല്യം വില അണ 8. 2-ാംവാല്യം വില അണ 6.

അപേക്ഷിക്കേണ്ടും മേൽവിലാസം—

മിസ്സിസ്സ് **ഗോമതിദേവ്**, കായംകുളം.

## കെൻസ് ഹോമിയോ മെഡിക്കൽ ഹാൾ



(ഓപ്പസിററ് ദി ബമ്മാഷെൽ)

**കായംകുളം**

എല്ലാവിധ ''ഹോമിയോ, ബയോ കെമിക്ക്'',- ഔഷധങ്ങളും മൊത്തമായും ചില്ലറയായും മിതമായ വിലയ്ക്കു വില്പാൻ തയ്യാർ.

N. B. അനേകം പേരുടെ പ്രശംസാപത്രങ്ങൾ ലഭിച്ചിട്ടുള്ള **"കാളറാ ഗുളിക"** (വിഷൂചികാസംഹാരി) പതിനാറെണ്ണമടങ്ങിയ കുപ്പി ഒന്നുക്ക് വില അണ എട്ടുമാത്രം.

സാധുക്കളെ സൗജന്യമായി ചികിത്സിക്കാൻ എപ്പോഴും തയ്യാർ.

മാനേജിംഗ് പ്രൊപ്രൈററർ,

ഡാക്ടർ പി. ലക്ഷ്മണൻ.

## ധന്വന്തരിവിലാസം വൈദ്യശാല.

മുക്കോലയിൽ—കായംകുളം

ആയുർവ്വേദവിധിപ്രകാരം ശാസ്ത്രീയമായി തയ്യാർ ചെയ്തിട്ടുള്ള എല്ലാവിധ ഔഷധങ്ങളും അല്ലോപ്പതി മരുന്നുകളും വിൽക്കപ്പെടും.

വൈദ്യൻ, ഗോവിന്ദപ്പണിക്കർ.



# ആ സമാഗമം.

(ടി. എൻ. ഗോപിനാഥൻ നായർ)

ക്ളാന്തപാദയാം സന്ധ്യ-
സാമന്ദമണയുമ്പോൾ
കാന്തകോമളേ, നിന്റെ
യാഗമം കാത്തീട്ടും ഞാൻ.
ചൊല്ലുവാനെനിയ്ക്കുണ്ടൊരായിരംരഹസ്യങ്ങൾ
മല്ലികനവും മധുവെത്രനാൾസൂക്ഷിയ്ക്കേണം?
താവകചികുരത്തിൽ ചേന്നമന്നാനന്ദിയ്ക്കാൻ
ഞാൻനെയ്തമലർമാല്യംവെമ്പുകയാണിപ്പോഴും
ഹേമന്തനിലാവിലീപ്പൂവനം സുശോഭനം
പ്രേമനിർഭരം മനംകാമ്യം നിൻ സമ്മേളനം

*    *    *    *    *

സ്യന്ദനം സമീപിയ്ക്കേമുഗ്ദ്ധസുസ്മിതം തങ്ങും
സുന്ദരാനനം കാൺകെ,സവ്വവും മറന്നു ഞാൻ
പ്രേമയാചന ചെയ്യുമെൻ മിഴി കണ്ടിട്ടും നീ
മൂകയായ് നിരീഹയായ്
പോയല്ലോ മനോരമേ?
കഷ്ടം, നിൻ കളിത്തേരു
കാൽക്ഷണം നിറുത്താതെ
വിട്ടുപോകുവാൻ വേണ്ട
കാറിന്യം കൈവന്നല്ലോ.
വിളറിപ്പോയി,നിനക്കർപ്പിയ്ക്കാൻവിരചിച്ച
മലർമാല്യമെൻ കൈയിൽ;
ഉള്ളിലെൻ സ്വപ്നംപോലെ;

*    *    *    *    *

ആരാമരംഗത്തുനിന്നാരമ്യവസന്തശ്രീ
വേർപിരിഞ്ഞപ്പോൾ കഷ്ടം,
നീയെന്നെസ്സമീപിച്ചു.
കാവിലെമുല്ലവല്ലിയോരോന്നുംതിരഞ്ഞു ഞാൻ
കേവലമൊരു കൊച്ചുമുകുളം സമ്മാനിയ്ക്കാൻ
യാചനക്കൂടാതെന്റെമാറിൽനീയമരവേ
ലോചനങ്ങളിൽ നിന്നെ
ബന്ധിയ്ക്കാൻ മോഹിച്ചു ഞാൻ.
തേനീച്ചക്കൂട്ടിന്നുള്ളിൽ,
പൊയ്പ്പോയവസന്തത്തിൻ
മാധുര്യമൊതുങ്ങാ പോ-
ലെന്നിൽ ഞാൻ നിന്നെക്കാണ്മൂ.

Use **SHAH'S SHOES.**

For Comfort, Cost, and Appearance.

**Leather Emporium,**

*H. O. Punalur.* *Branch Ambasamudram.*

THE KRISHNA—PIN—COMPANY. Kottayam, S. India


പരിപൂർണ്ണ ഉത്തരവാദിത്വമുള്ളതു്.P. T. H. മിഷ്യൻ സൂചി, ഐബറിസാധനങ്ങൾ, ഫാൻസി സ്ളയിഡുകൾ, രുചികരമായ E. A. B. തേയില, പ്യൂവർ സിൽവർ ആഭരണങ്ങൾ; പരിശുദ്ധമായ K. P. C. നല്ലെണ്ണ ഇവകൾ ഉപയോഗിച്ചു് തൃപ്തരാകുവിൻ

Prop: E. A. Bava.

ഓം.

# ഓച്ചിറ പരബ്രഹ്മോദയ സംഗീത നടന സഭ.

രാജ്യസേവാനിരതൻ രാജശ്രീ കെ. ജി. പരമേശ്വരൻ പിള്ള അവർകളുടെ മഹനീയ രക്ഷാധികാരത്തിലും ശ്രീമാൻ, പൊട്ടക്കനേത്തു വേലുപ്പിള്ള അവർകളുടെ ഉടമസ്ഥതയിലും നടത്തി വരുന്ന ഓച്ചിറ പരബ്രഹ്മോദയ സംഗീതനടനസഭ.




## നമ്പർ 1.

നായകൻ

വൈക്കം വാസുദേവൻ നായർ.

നായിക.

തങ്കം വാസുദേവൻ നായർ.



കഥകൾ.

1. കേരളബർണാഡ്ഷാ, മുൻഷി പരമുപിള്ള അവർകളുടെ, നാടക വേദിയിലേക്ക ആദ്യമായി വരുന്ന ഡിററക്ടീവ് (അപസർപ്പക) കഥയായ 'സുഭഗ"

**2. യാചകി 3. രാജഭക്തി By** മുതുകളം രാഘവൻപിള്ള.

## നമ്പർ 2.

"സുപ്രഭ" **By** മുൻഷി പരമുപിള്ള.

നായകൻ:—ശ്രീ: അഗസ്റ്റിൻ ജോസഫ്. നായിക:—സി. കെ. രാജം.

## നമ്പർ 3.

ഏററവും സംഭ്രമജനകമായ "**പ്രകാശം**" എന്ന ട്രാജഡി (ശോകാന്ത നാടകം) By മുൻഷി പരമുപിള്ള. നായകൻ:-ഹരിപ്പാട്ട ജി. രാമൻകുട്ടി നായർ. നായിക:-സംഗീതവിദുഷി, ശ്രീ. സാവിത്രീദേവി.

ജനറൽ മാനേജർ, ആർ. കെ. കീഴൂട്ട്.



# മാംസവും ചേതനയും.

(കെ. ഭാസ്കരൻ നായർ.)

"മാംസനിബദ്ധമല്ല രാഗം" എന്നു് കുമാരനാശാൻ പറയുന്നു. വളരെ മനോഹരവും സാത്വികവുമായ ഒരാശയമാണു്. ആത്മീയാനുഭവങ്ങളുടെ അത്യുച്ചകോടിയിൽ ശരീരത്തോടുണ്ടാകുന്ന ഒരു വിരോധഭാവത്തെയാണു് അതു കാണിക്കുന്നതു്. ശരീരത്തെയും ആത്മാവിനെയും ഇങ്ങനെ പരസ്പരം എതിർത്തു നിൽക്കുന്ന വസ്തുക്കളായി സങ്കല്പിക്കുന്നതു് സാധാരണമാണു്. "ലാ മിസറാബിളി"ലെ ഉജ്ജ്വലമായ ഒരു പ്രണയരംഗത്തിന്റെ അവസാനത്തിൽ വിക്ടർ യൂഗോ ഈ വിരോധഭാവത്തെ വെറുപ്പിന്റെ സീമകളോളം എത്തിക്കുന്നുണ്ടു്. എങ്കിലും ഈ സങ്കല്പം പരമാർത്ഥമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മാംസനിബദ്ധമല്ലാത്തതായി എന്താണു് ഈ ലോകത്തിലുള്ളതു്? നാന്നൂറു ലക്ഷം ദീപ്തിവത്സരം അകലെ നിൽക്കുന്ന നക്ഷത്രവും നാളത്തെ പ്രഭാതത്തിൽ മറന്നു പോകുന്ന നറുംസ്വപ്നവും ഒന്നു പോലെ മാംസനിബദ്ധമാകുന്നു. മാംസത്താൽ നിർമ്മിക്കപ്പെട്ട നമ്മുടെ ശരീരമാണു് അവയെക്കുറിച്ചുള്ള അറിവിന്റെ ആസ്പദം. രാഗവും ദ്വേഷവും അന്തരാത്മാവും അന്തിമലക്ഷ്യങ്ങളുമെല്ലാം ഇതുപോലെ പാഞ്ചഭൗതികവും പഞ്ചേന്ദ്രിയ പരിക്ലിപ്തവുമായ ഈ ശരീരത്തോടു് വേർപെടുത്തുവാൻ കഴിയാത്തവണ്ണം കെട്ടുപെട്ടു കിടക്കുന്നു. ഇങ്ങനെ പറയുമ്പോൾ ആത്മീയാനുഭവങ്ങളുടെഅസ്തിത്വത്തെ നിഷേധിക്കുകയല്ല ചെയ്യുന്നതു്. മാംസവും ചേതനയും ഒരുപോലെ യാഥാർത്ഥ്യമുള്ളവയാണു്. പക്ഷെ അവയ്ക്കു് പ്രത്യേകം പ്രത്യേകമായും നിരപേക്ഷമായും ഉള്ള അസ്തിത്വമില്ല. ദീപവും പ്രകാശവും പോലെ അവ അന്യോന്യ സംശ്ലിഷ്ടങ്ങളായി അവിയുക്തങ്ങളായി നിൽക്കുന്നു. രാഗം മാംസനിബദ്ധമായിരിക്കുന്നതു പോലെ മാംസം രാഗനിബദ്ധവുമായിരിക്കുന്നു. രണ്ടും പവിത്രമാണു്. അഥവാ ഒന്നിന്റെ കളങ്കം മററതിനേയും ബാധിക്കുന്നു. ഈ സത്യത്തിന്റെ ഉദീരണത്തിനാണു് ഇന്നത്തെ സാഹിത്യം യത്നിക്കുന്നതു്. നിഷ്കളങ്കതയേയും കളങ്കപൂർണ്ണതയെയും അതു വർജ്ജിക്കുന്നു. അതിന്റെ പ്രതിപാദ്യവസ്തു കളങ്കമോ പൂർണ്ണതയോ അല്ല. കളങ്കവും പൂർണ്ണതയും കലർന്ന പ്രപഞ്ചമാകുന്നു. മാംസവും ചേതനയും കലർന്ന ജീവിതവും.

ആദർശപുരുഷന്മാരെയോ ആദർശ ജീവിതത്തെയോ വരച്ചു കാട്ടുവാൻ ആധുനിക സാഹിത്യം ഇഷ്ടപ്പെടുന്നില്ല. ജീവിതത്തിൽ നന്മയും തിന്മയും നിറഞ്ഞു കിടക്കുന്നു. ഇതിൽ ഏതെങ്കിലും ഒരു ഭാവത്തെ മാത്രം തിരഞ്ഞെടുത്തു്, മററതിനെ മനഃപൂർവ്വം വിഗണിച്ചു പ്രകാശിപ്പിക്കുകയാണു് പണ്ടൊക്കെ ചെയ്തു വന്നിരുന്നതു്. തൽഫലമായി ജീവിതം, മനുഷ്യത്വം എന്ന ഒരൊററ പൊതുസ്വഭാവം പോലുമില്ലാത്ത സൽപാത്രങ്ങളുടെയും ദുഷ്പാത്രങ്ങളുടെയും വിഹാരരംഗമാണെന്നു വന്നുകൂടി. ശരീരം നിഷിദ്ധമായ ഒരു വസ്തുവാണെന്നും, ആത്മാവിന്റെ താൽക്കാലികമായ ആവാസസ്ഥാനമാണെന്നുള്ളതല്ലാതെ അതിനു മറെറാരു പ്രാധാന്യവുമില്ലെന്നും കരുതിപ്പോന്നു. മനുഷ്യപ്രകൃതിക്കു യോജിച്ചതല്ലാത്ത ഈ സങ്കല്പമണ്ഡലത്തിൽ നിന്നു് കലയെ മു

റച്ച മണ്ണിലേക്കു വലിച്ചിറക്കിയതാണു് ഈ നൂറ്റാണ്ടിന്റെ ഏറ്റവും വലിയ നേട്ടം. ഇതിനൊരു ഭഗീരഥപ്രയത്നം തന്നെ ആവശ്യമായിരുന്നു. ദേഹദേഹികളുടെ അധൃഷ്യമായ ഗാഢബന്ധത്തെക്കുറിച്ചുള്ള ഉപദർശനമാണു് ഇതിനു വഴി തെളിച്ചതു്. അതിന്റെ പ്രചോദനം മനുഷ്യജീവിതത്തിന്റെ സകല മണ്ഡലങ്ങളിലും വ്യാപിക്കുകയുണ്ടായി. മാർക്സിന്റെയും ലെനിന്റെയും പ്രയത്നങ്ങൾ മൂലം ഒരു പുതിയ ജീവിതരീതിക്കു തന്നെ അതു കാരണമായിത്തീർന്നു. അത്യുൽക്കടമായ പണ്ടത്തെ ആദർശവാദത്തിന്റെ സ്ഥാനത്തു് അതുപോലെ തന്നെ അത്യുൽക്കടമായ ഒരു വസ്തുവാദമാണു് ആദ്യം പ്രതിഷ്ഠിക്കപ്പെട്ടതു്. ഷെല്ലിയേയും മാർക്സിനേയും ഒന്നു താരതമ്യപ്പെടുത്തി നോക്കുക. ഒരാളുടെ ലോകത്തിൽ ആത്മീയാനുഭൂതികളും അനശ്വരപ്രേമവുമല്ലാതെ വിശപ്പെന്നൊരു വിചാരമേയില്ല. മറ്റയാളുടെ ലോകത്തിലാകട്ടെ വിശപ്പു മാത്രമേയുള്ളു. ആദ്യമാദ്യം വളരെ ശക്തിമത്തായി നിന്നിരുന്ന ഈ വസ്തുവാദത്തിന്റെ തീക്ഷ്ണത പിൽക്കാലത്തു് ഒട്ടധികം മങ്ങിപ്പോയിട്ടുണ്ടു്. ഇന്നത്തെ കലാകാരൻ ഈ എതിർധ്രുവങ്ങൾ രണ്ടിനെയും വിട്ടു അവയ്ക്കു മധ്യത്തിലുള്ള വിശാലഭൂമിയിലൂടെയാണു് സഞ്ചരിക്കുന്നതു്. ശരീരം അയാൾക്കു വർജ്യമല്ല. പക്ഷെ, അതുമാത്രം കൊണ്ടു തൃപ്തിപ്പെടുവാനും അയാൾ സന്നദ്ധനല്ല. മാംസത്തിന്റെ ചങ്ങലച്ചുറ്റുകളിൽ കുരുങ്ങിക്കിടക്കുന്ന ചേതനയേയും, ചേതനയുടെ നിയോഗങ്ങൾക്കു വശഗമായി നട്ടം തിരിയുന്ന മാംസത്തെയും അയാൾ വർണ്ണിക്കുന്നുണ്ടു്. ഈ രണ്ടു ഭാവങ്ങളും ഒരേ ഒരു വ്യക്തിയുടെ ജീവിതത്തിൽ ദർശിക്കുവാനും അയാൾക്കു കഴിയുന്നു.

ഭൗതികഭോഗങ്ങളിൽ വിരക്തമായി നിൽക്കുന്ന ചേതനയ്ക്കു് സങ്കല്പമാത്രമെങ്കിലും അത്യുജ്ജ്വലമായ ഒരു സൗന്ദര്യമുണ്ടു്. നമ്മുടെ ഭാവനയെ അതു് എന്തെന്നില്ലാതെ ആകർഷിക്കുന്നു. ഒരു പക്ഷെ ആ നിലയെ നമുക്കു് ഒരു കാലത്തും പ്രാപിക്കുവാൻ കഴിയാത്തതുകൊണ്ടായിരിക്കാം നമ്മുടെ മേൽ അതിനിത്ര വശീകരണശക്തിയുള്ളതു്. അപ്രാപ്യങ്ങളായ ലക്ഷ്യങ്ങൾക്കു് ആകർഷകത്വം കൂടി നിൽക്കുന്നു. ഉത്തരരാമായണത്തിലെ സീതയെ നോക്കുക. ദുരിതാനുഭവക്കാരിയും ഭർത്തൃപരിത്യക്തയുമായ ആ നായികയെ ഒരു തപസ്വിനിയായിട്ടാണു് വാല്മീകി വർണ്ണിച്ചിട്ടുള്ളതു്. ഈശ്വരഭജനത്തിലും പാതിവ്രത്യ ധർമ്മനിഷ്ഠയിലും ദൃഢപ്രതിഷ്ഠിതവും, പ്രപഞ്ചകാര്യങ്ങളിൽ നിന്നെല്ലാം വിരക്തവും രാഗദ്വേഷാദികൾക്കൊന്നും സ്ഥാനമില്ലാത്തതും ആയ ഒരു ഹൃദയത്തെ ആ സതീരത്നത്തിൽ നാം കാണുന്നു. അത്യുഗ്ര

രോഗികൾ നിരാശപ്പെടേണ്ട!

ആരോഗ്യം! ആനന്ദം! ഇതാ നിങ്ങളുടെ കതകിൽ മുട്ടുന്നു.

എഴുന്നേൽക്കുവിൻ! സ്വീകരിക്കുവിൻ!

എത്ര പഴകിയതും ഭേദമാകാത്തതുമായ രോഗങ്ങൾ പരിപൂർണ്ണമായി സുഖപ്പെടണമെങ്കിൽ ഡാക്ടർ എസ്സ്. നീലകണ്ഠൻ M. D. (Homeo) അവർകളെ സമീപിക്കുക. രോഗികളെ സൗജന്യമായി പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതും, ഔഷധങ്ങൾ വി. പി. അയച്ചുകൊടുക്കുന്നതുമാണു്.

കൂടാതെ ഇവിടെ എല്ലാവിധ ഇംഗ്ലീഷ് ഹോമിയോ മരുന്നുകളും കവിരാജന്റെ സിദ്ധൌഷധങ്ങളും പുസ്തകമറിസാമാനങ്ങളും *Stanes Coffee* മുതലായവയും വിൽക്കപ്പെടുന്നതാണു്.

മേൽവിലാസം.

The Saraswathy Stores,
General Merchants
Karunagappally (A. O.)

വും മനുഷ്യരാശിക്കു് അപ്രാപ്യവുമായ ഒരു തുംഗപദത്തിലാണു് ആ മഹർഷിവര്യൻ തന്റെ ആദർശനായികയെ നിർത്തിയിരിക്കുന്നതു്. ആ ചിത്രം പെയ്തു തെളിഞ്ഞ സായന്തനാകാശത്തിൽ തിളങ്ങുന്ന അന്തിനക്ഷത്രത്തെപ്പോലെ വിദൂരമോഹനവും ഏകാന്തഗംഭീരവുമായി നിൽക്കുന്നു. ആ നിലയിലേക്കുയരുവാൻ മാംസനിബദ്ധമായ മനുഷ്യചേതനയ്ക്കു കൊതിയുണ്ടെങ്കിലും കഴിവില്ല. പ്രസ്തുത കഥാവസ്തുവിനെത്തന്നെ വർണ്ണിക്കുന്ന കാളിദാസൻ മനുഷ്യജന്മത്തിന്റെ പാരതന്ത്ര്യങ്ങളെ പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടാണു് കാവ്യനിർമ്മാണം ചെയ്തിട്ടുള്ളതു്. പരമസാത്വികവും കരുണാവാത്സല്യസ്വരൂപവുമായ ഉൽകൃഷ്ടപ്രണയത്തിനു കൂടി അദ്ദേഹം സീതാഹൃദയത്തിൽ സ്ഥാനം കൊടുക്കുന്നു. അവസാനഘട്ടമായ ഭൂപ്രവേശാവസരത്തിൽ പോലും സീതയുടെ അക്ഷികൾ കാന്തനിൽ പതിയുന്നതായി ആ കവിശ്രേഷ്ഠൻ വർണ്ണിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ചിത്രത്തിൽ മനുഷ്യജീവിതത്തിന്റെ സൂക്ഷ്മരൂപങ്ങളാണു് നാം കാണുന്നതു്. അത്യദ്ധ്വാനം കൊണ്ടെങ്കിലും പ്രാപിക്കുവാൻ കഴിയുന്ന സ്ഥാനംവരെ മാത്രമേ അദ്ദേഹം തന്റെ ഭാവനയെ നയിക്കുന്നുള്ളൂ. മരണത്തിന്റെ കരുണാകടാക്ഷം കൊണ്ടു മാത്രമേ മനുഷ്യന്റെ അന്തരാത്മാവിനു് വാല്മീകി വർണ്ണിക്കുന്ന തരത്തിലുള്ള സ്വാതന്ത്ര്യം ലഭിക്കയുള്ളൂ. വിവേകശക്തിയുടെ സഹായത്താൽ ചില മനുഷ്യർക്കു് ആ സ്വാതന്ത്ര്യത്തിൽ ശ്രദ്ധ വെയ്ക്കുവാനും, അതിനെ ജീവിതലക്ഷ്യമായിക്കരുതി ആ വഴിയ്ക്കു് യത്നിക്കുവാനും അങ്ങനെ ചിലപ്പോഴെങ്കിലും അതിന്റെ സ്വാദറിയുവാനും സാധിച്ചേക്കാം. പക്ഷെ അതിന്റെ സമ്പൂർണ്ണമായ സാക്ഷാൽക്കാരം ഐഹികത്തിലെ അസാധ്യതകളിലൊന്നാകുന്നു. സമാധിയിൽ ലയിച്ചു് മോക്ഷസുഖം അനുഭവിക്കുന്ന യോഗിവര്യനു പോലും സമാധിയിൽ ലയിക്കാതെ അതിനു കഴിവില്ല.

'ലീല'യിൽ അനുരാഗത്തിനു ഇതിൽ ആദ്യം ഉദ്ധരിച്ച വിശേഷണം കൊടുത്തെങ്കിലും കുമാരനാശാൻ തന്റെ കാവ്യജീവിതത്തിന്റെ അവസാനഘട്ടത്തിൽ മനുഷ്യചേതനയുടെ അനുല്ലംഘ്യങ്ങളായ പരിധികളെ മനസ്സിലാക്കുകയും, തദനുസരണം തന്റെ ആദ്യത്തെ നിലയെ ഉപേക്ഷിക്കുകയും ചെയ്തെന്നു് എനിക്കു തോന്നുന്നു. അദ്ദേഹം 'കരുണ' എഴുതുവാനുണ്ടായ കാരണം ഇതാണെന്നാണു് ഞാൻ കരുതുന്നതു്. ആദ്യന്തസാത്വികമായ പ്രണയമായിരുന്നു അതിനു മുൻപു് അദ്ദേഹത്തിന്റെ ചിന്താവിഷയം. അതിനു ശരീരത്തോടു് മായാമയമായ ഒരു ബന്ധം മാത്രമേ അദ്ദേഹം സങ്കല്പിച്ചിരുന്നുള്ളൂ. ചിതാശവങ്ങളിൽ പൂവുപോലെ അതു് അശുഭനശ്വരങ്ങളിൽ അർപ്പിക്കരുതെന്നു് അദ്ദേഹം ദിവാകരനെക്കൊണ്ടു് പറയിക്കുന്നതു നോക്കുക. കരുണയിൽ അദ്ദേഹം ഒരു വേശ്യാഹൃദയത്തിൽ ഉദിച്ചതും അവസാനനിമിഷം വരെ മാംസനിബദ്ധമായിനിൽക്കുന്നതുമായ ഒരു പ്രണയത്തെയാണു് വിവരിക്കുന്നതു്. സാത്വികപ്രേമത്തിന്റെ ചിതാഭസ്മത്തെ ചൂണ്ടിക്കാണിച്ചു വിലപിച്ച അദ്ദേഹം തന്റെ അവസാന കൃതിയിൽ 'മധുരയിലെ മുഖ്യകാമനീ

**S. K. V.**
**BRAHMINS' HOTEL**
**& LODGE, KOTTAYAM**
Opposite: Telephone Exchange·
MOST UP-TO-DATE & LEADING
LUNCH HOME.
NOTED FOR BEST CATERING
& SERVICE.

**K. Krishnan Achary & Sons.**
The Jayalaxmi Jewellery Stores,
MULLAKKAL, ALLEPPEY.
Dealers in all kinds of
Jewelleries & Silver Vessals of all
descriptions·

# ഒരു പ്രേമസന്ദേശം.

(എം. പി. അപ്പൻ എം. ഏ. എൽ. ററി)

കനകക്കൊടി, പോന്നു കൊൾകയെൻ
കവനപ്പൂവന ദേവി പോലെ നീ
കളിയാട്ടകരാഗലോലയായ്
കളഗാനോത്സവവൈജയന്തികേ! 1

സുഷമാവൃതമായി മിന്നുമെൻ
സുമിതാരാമമലങ്കരിക്കുവാൻ
സുകൃതക്കുളിർവെണ്ണിലാവു പോൽ
സുഭഗേ, പോരിക സുപ്രസന്നയായ്. 2

അഖിലോർവിയെയും ജയിച്ചു ഞാ-
നമൃതപ്പൂങ്കൊടി നീയിണങ്ങുകിൽ
അതിനാലലിവാർന്നു പോരികെൻ
പ്രമദാരണ്യവസന്തകാന്തിയായ്. 3

സദനത്തിനു ഭാഗ്യലക്ഷ്മിയായ്
സമുദായത്തിനു കണ്ണിലുണ്ണിയായ്
കവനത്തിനു കല്പവല്ലിയായ്
കമനീതല്ലജമുല്ലസിപ്പു നീ. 4

നയനാമൃതധാരതൂവി നീ
നടകൊള്ളുന്നൊരു കാഴ്ച കാൺകവെ
നലമാർന്നൊരു കൊച്ചുപൂവുപോൽ
നടമാടുന്നു മദീയമാനസം. 5

അരിയോരു കിനാവു കണ്ടു നാം
ചരിതവ്യം സഖി, വിസ്മരിക്കയോ?
ശരിയായിതരേതരാർപ്പണാൽ
പരിപൂർണ്ണത്വമിയന്നിടാമിനി. 6

സുകുമാരസുവർണ്ണഭാസ്സെഴും
മുകുളംപോലതിമുഗ്ദ്ധ ഭംഗിയിൽ
സുഖദായകസുപ്രതീക്ഷയാൽ
സുധയോലുന്നൊരു ഭാവി കാൺക നീ. 7

സരളേ, തവസൗമ്യസൗമ്യമാം
ചരണം ഭംഗിയിൽവിന്യസിക്കുവാൻ.
സരസംമൃദു പൂ വിരിക്കുമെൻ
കരൾനിൻ ജീവിത വീഥിയിൽ സദാ. 8

അരികത്തു പറന്നു പോരികെ-
ന്നരുമപ്രാവിനൊടൊപ്പമോമനെ,
കരയറ്റരസാമൃതാബ്ധിതൻ
നിരവദ്യോത്സവമാസ്വദിക്കുവാൻ. 9

ഒരുമിച്ചു നമുക്കു വാണിടാം
നിരഘപ്രേമമനോജ്ഞവാടിയിൽ;
ഒരുമിച്ചു നമുക്കു പാടിടാം
പരമാനന്ദകലാവിലോലരായ്. 10

ലളിതോർമ്മികൾ ചന്ദ്രികാഭയിൽ
തെളിയും ജീവിതശാന്തസിന്ധുവിൽ
കളിവഞ്ചി തുഴഞ്ഞിടാം നമു-
ക്കൊളിവിൽപാവന ലീലപൂണ്ടിടാം. 11

മധുമഞ്ജരിയേന്തി ഭാവനാ-
മധുരം പ്രേമസുഗന്ധമാർന്നിടും
മഹനീയലതാമതല്ലികേ,
മമജീവേശ്വരി പോന്നു കൊൾക നീ. 12

---

യകത്തിന്റെ ഭസ്മകദംബത്തിലാണ് ആമലകീഫലം പോലുള്ള അശ്രുകണം വീഴ്ത്തുന്നത്. വാസവദത്തപ്രാണപാശമറുമാറായിക്കിടന്നപ്പോൾ പോലും യുവമുനിയെക്കാണ്മാൻ തലപൊക്കുന്നതു കണ്ടാണ് അദ്ദേഹത്തിന് രാഗവൈഭവത്തിൽ ആശ്ചര്യം തോന്നുന്നത്. ഭാവബന്ധബലംകൊണ്ടായിരിക്കാം അവളുടെ ശിഥിലമായ പ്രാണൻ തങ്ങി നിൽക്കുന്നതെന്നും മലര് വീണടിയുന്നതിനു മുൻപ് അന്തിമമായ മണം പോലും അർപ്പിക്കുവാൻ വേണ്ടി ഗന്ധവാഹനെ കാത്തു നിന്നേക്കാമെന്നും അദ്ദേഹം സംശയിക്കുന്നതു നോക്കുക. രാഗം മാംസനിബദ്ധമല്ലായിരുന്നെങ്കിൽ വീഴുവാൻ പോകുന്ന പൂവിന് ഇത്രവളരെ കാത്തുനിൽക്കേണ്ട ആവശ്യമെന്താണ്; അതർപ്പിക്കുന്ന മണം അന്തിമമാകുന്ന

തെങ്ങനെ? ഉപഗുപ്തന്റെ ദർശനത്തിൽ അവളുടെ പാണ്ഡുമുഖത്തിൽ രക്തരേഖകൾ ആവിർഭവിച്ചതും, അദ്ദേഹത്തിന്റെ കരസ്പർശത്തിൽ അവൾക്കു രോമങ്ങൾ ചീക്കുന്നതും അവളുടെ കെടുന്ന സംജ്ഞ ഉജ്ജ്വലിക്കുന്നതും അവസാനത്തെ ആ നിർവ്വാണരംഗത്തിൽ പോലും ഉപകാരസ്മരണ സൂക്തങ്ങൾ പാടുന്ന ആ മിഴികളിൽ തൂമുത്തുകൾ പോലെ സ്ഫുരിച്ച ബാഷ്പബിന്ദുക്കളെ ഉപഗുപ്തന്റെ കൈവിരലുകൊണ്ട് ആശാൻ തുടപ്പിക്കുന്നതും നാം ശ്രദ്ധിക്കേണ്ട സൂചനകളാകുന്നു. ഇവയെക്കുറിച്ച് ആലോചിക്കുന്തോറും കരുണയിൽ ആശാൻ പുതിയ ഒരു വീക്ഷണകോടിയാണ് സ്വീകരിച്ചതെന്നുള്ള എന്റെ സംശയം സ്ഥിരപ്പെട്ടുവരുന്നു. ശരീരത്തെ വെറുക്കുന്നതും ഐഹികത്തിൽ അക്ഷമവുമായ അനശ്വരതത്വങ്ങളെക്കാൾ ശരീരത്തെയും അതിന്റെ ഓരോ പരമാണുവിനെപ്പോലും ഉൾക്കൊള്ളുന്നതും സംസ്കരിക്കുന്നതും സാത്മീകരിക്കുന്നതുമായ ആത്മീയാനുഭൂതികളെ വിലമതിക്കേണ്ടതാണെന്ന് അദ്ദേഹം വിശ്വസിച്ചതായി തോന്നുന്നു.

അപൂർണ്ണമെന്നും അനിത്യമെന്നും കരുതി ജീവിതത്തെ വെറുക്കുകയല്ല വേണ്ടത്. മാംസനിബദ്ധമായ ശരീരത്തെ ഭയപ്പെട്ട് ഭാവന നിർമ്മിക്കുന്ന മരീചികാസന്നിഭങ്ങളായ മണിയറകളിലേക്ക് ഒളിച്ചോടിയതുകൊണ്ട് ഫലമൊന്നുമില്ല. അത് ബുദ്ധിക്കും പൗരുഷത്തിനും യോജിച്ചതാണെന്നും തോന്നുന്നില്ല. ഈ ജീവിതത്തിന്റെ ഭോഗപുഷ്കലമായ പരിപാടികളിൽ അന്തർലീനമായിരിക്കുന്ന ആത്മീയസത്തയെ അറിയുകയും അതിനെ വികസിപ്പിക്കുകയും, പ്രഫുല്ലമായ ആ ചേതനാകുസുമത്തിന്റെ സൗരഭ്യത്തിൽ സംതൃപ്തി നേടുകയും, ചെയ്യുവാനാണ് മനുഷ്യൻ ശ്രമിക്കേണ്ടത്. നമുക്കു വേറെ പോംവഴിയില്ല. അപൂർണ്ണതയിൽ പൂർണ്ണതയേയും നിമിഷാർദ്ധത്തിൽ നിത്യതയേയും കളങ്കത്തിൽ നിർമ്മലത്വത്തെയും ദർശിക്കുവാനുള്ള മാർഗ്ഗം അതാകുന്നു. ക്ഷണപ്രഭമായ ഈ ജീവിതത്തിന്റെ മുൻപും പിൻപും കാണുവാൻ നമുക്കു കഴിവില്ല. പ്രതീക്ഷകളെ പുലർത്തിയതുകൊണ്ടു മാത്രം സാഫല്യം നേടുവാനും പ്രയാസമാണ്. ദ്വന്ദ്വഭാവങ്ങളെ അകററിയെങ്കിലേ സുഖവും ശാന്തിയും ലഭിക്കയുമുള്ളൂ.

“അതിചപലമീയന്തഃകരണം; ലോകഭോഗങ്ങൾ പ്രതിനവരസങ്ങളാൽ ഭൂരിശക്തികൾ” ഈ പ്രലോഭനങ്ങൾക്കു വഴിപ്പെട്ട് ‘ബദ്ധപങ്ക’മാകാതെ ജീവിതനദിക്ക് ശാന്തിസമുദ്രത്തെ പ്രാപിക്കാൻ കഴിവില്ല. എങ്കിലും വിവേകശക്തിയെ വിനിയോഗിച്ച് വികാരതീവ്രങ്ങളായ ഈ അനുഭവങ്ങളെപ്പോലും ആത്മീയസത്തകളായി രൂപാന്തരപ്പെടുത്തുകയും ജീവിതത്തെ അതിന്റെ സകല വൈരുദ്ധ്യങ്ങളോടും വൈകല്യങ്ങളോടും കൂടി അംഗീകരിക്കുകയും ചെയ്യുന്ന പരിണതചിത്തത്തിനേ ശാന്തിയുള്ളൂ. നദിയിൽ കലങ്ങിയിട്ടുള്ള ചെളിയല്ല ചെളിയിൽ കലർന്നിട്ടുള്ള ശുദ്ധജലമാണ് നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിക്കേണ്ടത്. ജീവിതത്തിന്റെ സാരസർവ്വസ്വം അതാകുന്നു. അതിനുപരിയായി യാതൊന്നുമില്ല.


# ഭാവിഫലം.

അവനവന്റെ ജനനവർഷമാസാദികളെ അറിയിക്കാതെ $1\frac{1}{2}$ വർഷത്തെ ഭാവിശുഭാശുഭഫലങ്ങളെ അറിയുന്നതിന്, ആവശ്യക്കാരന്റെ കൈപ്പടയിൽ എഴുതയയ്ക്കുകയും എഴുതി അവസാനിക്കുമ്പോഴുള്ള ഇപ്പോഴത്തെ കൃത്യസമയം കാണിച്ചിരിക്കുകയും വേണം. എഴുതയയ്ക്കുന്നതിന്റെ 15-ാം ദിനം ഫലവിവരം സിദ്ധിക്കുന്നതാണ്. ഇതിനുള്ള ഫീസ് 2 രൂപാ മാത്രം. 1 രൂപാ മുൻകൂർ അയച്ചിരിക്കണം. കൂടാതെ ജ്യോതിഷസംബന്ധമായ സർവ്വാവശ്യങ്ങളും ശരിയായ വിധത്തിൽ കൃത്യസമയം സാധിച്ചു കൊടുക്കുന്നതാണ്.

എന്ന്, ജ്യോത്സ്യൻ

ഇ. കെ. രാമകൃഷ്ണനാശാൻ (കുരോപ്പുഴ)

ജ്യോതിഷനിലയം

കോട്ടയം.



# കാമുകി.

(പുളിമാന പരമേശ്വരൻ പിള്ള)

"സമ്പന്നയും, വിദ്യാസമ്പന്നയും, സൗന്ദര്യസമ്പന്നയുമാണ്."

ഞാൻ:– 'പിന്നെന്തിനാണ് ഈ—"

സ്നേഹിതൻ:–"പറഞ്ഞില്ലേ? പ്രേമം! അവൾക്കതു കേൾക്കണം. ലോകം മുഴുവൻ അവളെ പ്രേമിക്കണമെന്ന്. അങ്ങിനെ ഒരു സ്വപ്നത്തിൽ—"

ഇടിവെട്ടി. മിന്നൽ വീശി പൊലിഞ്ഞു. മഴ തീരുകയില്ലെന്നു തോന്നി. കറുത്ത കൂററൻ ഇരുട്ട്. നനഞ്ഞു ഞങ്ങൾ വിറച്ചു.

"ഇനി ഞെക്കുവിളക്കു തെളിക്കരുതു്." സ്നേഹിതൻ ഉപദേശിച്ചു.

"അതെന്താ?"

"നാം അടുത്തു കഴിഞ്ഞു."

മിന്നൽ വീശി. മുന്നിൽ വലിയ മതിൽക്കെട്ടുകളും സൗധങ്ങളും കണ്ടു. ഞാൻ വിസ്മയത്തോടെ ചോദിച്ചു, "ഇതൊരു വലിയ വീടാണല്ലോ." അടക്കിച്ചിരിച്ചുകൊണ്ടു സ്നേഹിതൻ പറഞ്ഞു,

"അതേ."

ഞാൻ:–"ഇവിടാണോ?"

"അതേ."

ഞാൻ:–"ഇവിടത്തേതാണോ?"

"അതേ."

എനിക്കൊരു സംശയം കൂടെ തോന്നി, "ഇവിടത്തെ സ്വന്തം?"

"അതേ." എന്നിട്ടും എൻെറ സംശയം തീർന്നില്ല. അത്ര വിസ്മയകരമായിരുന്നു, ആ വാർത്ത. ഞാൻ ചോദിച്ചു, "പിന്നെങ്ങിനെയാണവൾ ഈ—" ക്ഷമയററു സ്നേഹിതൻ മുറുമുറുത്തു, "അല്പം കൂടെ ക്ഷമിച്ചുകൂടേ?"

ആ ഇരുട്ടിൽ, മഴയിൽ, ഞങ്ങൾ ഒരു വരാന്തയിലെത്തി. സ്നേഹിതൻ പരാതിപ്പെട്ടു, "ഛെ, ഇതെന്തൊരു മിന്നൽ." ഞാൻ കൂടുതൽ വിറച്ചു തുടങ്ങി.

ഇരുട്ടിൽ എൻെറ സ്നേഹിതൻ മുന്നോട്ടു നീങ്ങി. അവ്യക്തമായ ചില ശബ്ദങ്ങൾ. ഒരു ജനാല തുറക്കപ്പെട്ടു. ഒരു തീക്കോൽ തെളിഞ്ഞണഞ്ഞു. എൻെറ ഹൃദയത്തുടിപ്പ് അസഹനീയമായി. പെട്ടെന്ന് ഒരു കരം എന്നെ സ്പർശിച്ചു. ഞാൻ ഞെട്ടി. സ്നേഹിതൻ ചിരിച്ചു. "വരൂ" അദ്ദേഹം മന്ത്രിച്ചു.

അദൃശ്യകരങ്ങൾ ഒരു വാതിൽ തുറന്നു. ഞങ്ങൾ അകത്തു കടന്നു. സ്നേഹിതനു് അവിടമെല്ലാം നിശ്ചയമായിരുന്നു. എന്നെ ഒരു മഞ്ചത്തിൽ ഇരുത്തി. മെത്തയും മാർദ്ദവമുള്ള തലയിണകളും അതിൽ ഉണ്ടായിരുന്നു. അതുവരെ ആരോ ശയിച്ചിരുന്ന ചൂടുണ്ടായിരുന്നു. ആ ഇളംചൂടു സുഖപ്രദമായിരുന്നു. സ്നേഹിതൻ മന്ത്രിച്ചു, "കാണണ്ടേ?"

ഞാൻ:–"വേണം."

അദ്ദേഹം എഴുന്നേററു മുന്നോട്ടു നീങ്ങി. ആ അന്ധകാരത്തിൽ ഒന്നുരണ്ടു രഹസ്യശബ്ദങ്ങൾ. അടക്കിയ സ്വരത്തിൽ ഒന്നു രണ്ടു കളകൂജിതങ്ങൾ. അടച്ച ഒരു വളക്കിലുക്കം. അദ്ദേഹം ഒരു തീപ്പെട്ടിക്കോൽ പെട്ടെന്നു ഉരച്ചുയർത്തി. ഉത്തരക്ഷണത്തിൽ ഒരു പൊൻകരം ഉയർന്നു് അതണച്ചു. എങ്കിലും, ആ നിമിഷം! അഴിഞ്ഞുലഞ്ഞ കുന്തളാവലിയോ

ട്ടുകൂടിയ ഒരു മോഹിനി! ഒരപ്സരസ്സ്! ഞാൻ നിശ്ചേഷ്ടനായി പോയി. എന്റെ പ്രതീക്ഷകളെ പരമാർത്ഥം നൂറു യോജന മുന്നോട്ടു നീക്കി. "സൗന്ദര്യസമ്പന്നയും, വിദ്യാസമ്പന്ന—"

എന്റെ സ്നേഹിതൻ അവളോടു കെഞ്ചുന്നതു കേട്ടു. "ആ വിളക്കൊന്നു തെളിക്കു. എത്ര ദിവസമായി കണ്ടിട്ട്. അദ്ദേഹത്തിനും കാണണ്ടേ?"

"അദ്ദേഹമാരാ?" അവൾ ചോദിച്ചു. എനിക്കാശ്വാസമായി. അവളുടെ സ്വരത്തിൽ കാലുഷ്യമേ ഇല്ലായിരുന്നു.

"അതോ? ഞാൻ പറഞ്ഞിട്ടില്ലേ?—അദ്ദേഹമാണ്. ചെന്ന് എന്തെങ്കിലും ഒന്നു മിണ്ടു. ഇങ്ങനെ ആണോ അതിഥിസൽക്കാരം?"—എന്റെ സ്നേഹിതന്റെ ആ അടച്ച ചിരി.

"പതുക്കെ. വല്ലവരും കേട്ടാൽ—" അവൾ പരിഭവിച്ചു.

"മഴയല്ലേ...ദൈവത്തെ ഓർത്ത് ആ ലൈററൊന്നിടു!"

അകത്തേക്കുള്ള ജനാലകൾ ഒന്നു രണ്ടടഞ്ഞു. പെട്ടെന്ന്, അതാ, ആ മുറിക്കുള്ളിൽ ഒരു ഹരിതപ്രകാശം. അവിടെ ഒരു പച്ച ബൾബായിരുന്നു...അവളുടെ മുഖം കുനിഞ്ഞു. എങ്കിലും അധരങ്ങളിൽ ഒരു പുഞ്ചിരി തത്തിനിന്നു. ജിജ്ഞാസയാൽ ആരും ആരെയും നോക്കിപ്പോകും. അവളും അതിഥിയെ ഇടയ്ക്കിടെ നോക്കി—മന്ദാക്ഷഭാരത്തോടെ. പക്ഷെ, അവളുടെ നോട്ടം ഭ്രാന്തു പിടിപ്പിക്കുന്നതായിരുന്നു. അവളുടെ സൗന്ദര്യത്തിന്റെ മാദകശക്തി അത്രക്ക് അനിഷേധ്യമായിരുന്നു. വിജയിയുടെ ഭാവത്തിൽ സ്നേഹിതൻ എന്നെ നോക്കി. "സമ്പന്നയും, വിദ്യാസമ്പന്നയും, സൗന്ദര്യസമ്പന്നയുമാണവൾ" എന്നദ്ദേഹം പറഞ്ഞിരുന്നു. ഞാൻ വിശ്വസിച്ചില്ല: ഇപ്പോഴോ? എന്നാണാ നോട്ടത്തിന്റെ അർത്ഥം. ഞാൻ തലകുനിച്ചു. എന്റെ പരാജയം പ്രകടമായിരുന്നു.

സ്നേഹിതൻ മെല്ലെ അവളെ സമീപിച്ചു. ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. "നല്ല അതിഥിസൽക്കാരം" അവൾ ഒന്നു കുണുങ്ങി, കരക്കു കയറി വെള്ളം കുടഞ്ഞു കളയുന്ന ഒരു താറാവിനെപ്പോലെ. മധുരമായി എന്റെ സ്നേഹിതൻ പറഞ്ഞു, "എന്റെ ശാന്തേ! നീ എന്റെ നിധിയല്ലേ?" ആ ലജ്ജാവനമ്രമായ വദനത്തിലെ പുഞ്ചിരിക്കുന്ന ചുണ്ടുകൾ, കാൽനഖങ്ങളെ പുളകംകൊള്ളിച്ചു കൊണ്ടിരുന്ന കണ്ണുകൾ—ഇവ തെല്ലുപോലും ചലിച്ചില്ല. അദ്ദേഹം അവളുടെ തോളിൽ കൈവച്ചു. മുഖം ഒന്നുകൂടെ വികസിച്ചു; പുഞ്ചിരി ഒന്നുകൂടെ തെളിഞ്ഞു; ലജ്ജ ഒന്നുകൂടെ വളർന്നു.

"ശാന്തേ!"

ഒരു കുണുങ്ങൽ; ഒരു പിടയൽ; ഒന്നു രണ്ടു മൃദുമധുര നിസ്വനങ്ങൾ.


## മാതൃഭൂമി ഏജൻസി.

### ലക്ഷ്മിനട - കൊല്ലം.

മഹാത്മജി, ജവഹർലാൽ, ടാഗോർ, H. G. വെൽസ്, ഷേക്സ്പീയർ മുതലായവരുടെ വിശ്വവിഖ്യാതങ്ങളായ കൃതികളുടെ (ആത്മകഥകളും മററും) ഒന്നാംതരം മലയാളവിവർത്തനങ്ങളും പ്രശസ്ത കേരളീയകവികളുടെ പുസ്തകങ്ങളും ഇവിടെ വിൽപ്പനക്കുണ്ട്.

പ്രസിദ്ധസാഹിത്യവാരികയായ "മാതൃഭൂമി ആഴ്ചപ്പതിപ്പ്" ഇവിടെ നിന്നും കൈവഴിയായും അഞ്ചൽമാർഗ്ഗമായും അയച്ചുകൊടുക്കുന്നതാണ്.

ഏജൻറ്.

"ശാന്തേ, വത്സ. ശ്രേഷ്ഠനായ ആ മധുപൻ നിന്റെ പ്രണയമധുവിനു് തപസ്സു ചെയ്യുകയാണു്. എന്റെ നിധി അദ്ദേഹത്തിനു ഞാൻ സമ്മാനിക്കട്ടേ?"

പിടയലിന്റെ ശക്തി ഒന്നു വർദ്ധിച്ചു. ഒന്നു രണ്ടു നീണ്ട കളക്രൂജിതങ്ങൾ അവളുടെ പ്രതികൂലതയെ പ്രഖ്യാപനം ചെയ്‌വാൻ പ്രയോഗിക്കപ്പെട്ടു. എങ്കിലും, തല ഉയർത്തി ഹൃദയം പൊള്ളിക്കുന്ന ഒരു നോട്ടം എന്നെ നോക്കിയതു് ഒരു ക്ഷണമായിരുന്നു. അദ്ദേഹം അവളെ എന്റെ സമീപം നിറുത്തി. "ഞാൻ പോകുന്നു. സ്നേഹിതാ! ഈ പ്രേമചഷകത്തെ ഏറ്റെടുക്കൂ." പരിഭവം നിറഞ്ഞ, നീണ്ട മിഴികൾ ഒന്നുയർത്തി, ഒരു വലിയ പിടയലോടെ, രണ്ടു മൂന്നു് പ്രതിഷേധസൂചകമായ മധുരക്രൂജനങ്ങളോടെ, അവൾ എന്റെ ഗാത്രത്തിലേക്കമർന്നു. ഞാൻ നോക്കിയപ്പോൾ, സ്നേഹിതൻ പൊയ്ക്കഴിഞ്ഞു.

"എന്നെക്കാണാൻ വന്നതാണോ?" ആ ലജ്ജാവതി ചോദിക്കയാണു്.

"അതേ."

"എന്തിനാ?" അവൾ എന്നോടു കൂടുതൽ ചേർന്നിരുന്നു. എനിക്കുത്തരം മുട്ടി. എന്റെ കൈ ഗ്രഹിച്ചുകൊണ്ടവൾ ചോദിക്കയാണു്. "എന്നോടു സ്നേഹമുണ്ടോ?" എന്നൊരു മുഷിപ്പൻ ചോദ്യം!

ഞാൻ:—"ഉണ്ടു്."

"ഉം. കള്ളമാ." അവൾ സംശയഗ്രസ്ഥയായി മൂളി.

ഞാൻ:—"നിനക്കു വിശ്വാസമില്ലേ? എനിക്കറിഞ്ഞുകൂടാ, എന്തോ, ശാന്തേ, ഞാൻ നിന്നെ സ്നേഹിക്കുന്നു."

അവൾ തല പൊക്കിയില്ല. അവൾ ചിന്താഗ്രസ്ഥയായതു പോലെ കാണപ്പെട്ടു. ഞാൻ ആലോചിച്ചു, യുഗയുഗങ്ങളായുള്ള പരിചയം ഉള്ളതുപോലെ ഇവൾ എന്റെ അടുക്കൽ ഇരിക്കുന്നു: കോഴയില്ല, കാലുഷ്യം ഇല്ല; പ്രേമം കൊഞ്ചുന്നു. പണം പിടുങ്ങുന്ന വേശ്യയുമല്ല. സൌന്ദര്യം, സംസ്കാരം, സമ്പത്തു് —എല്ലാമുണ്ടു്......

അവളുടെ മുറി കമനീയമായി അലങ്കരിച്ചിരുന്നു. അവിടെങ്ങും ഒരു സുഗന്ധം തത്തിനിന്നു. മെത്തയിൽ പൂ വിതറിയിരുന്നു. ഞാൻ ചോദിച്ചു പോയി, "ശാന്തേ, നീ ഇന്നു് ആർക്കു വേണ്ടിയാണു് അണിഞ്ഞൊരുങ്ങിയിരുന്നതു്?"

സാകൂതസ്മിതയായി അവൾ പറഞ്ഞു. "എന്റെ പ്രാണനാഥനു വേണ്ടി."

അവളുടെ ശബ്ദം മറെറാരു ലോകത്തിൽ നിന്നും വരികയാണെന്നു തോന്നി. അവളുടെ ഒരു കൈ, എന്റെ കരാംഗുലികളെ അലസമായി തലോടിക്കൊണ്ടിരുന്നു. അവളുടെ കണ്ണുകൾ പകുതി അടഞ്ഞു. മുഖത്തിൽ അലോകസഹജമായ ഒരാനന്ദം തെളിഞ്ഞു. പകുതി വിടർന്ന ചുണ്ടുകളിൽ ഒരത്ഭുത മന്ദഹാസം. ആ നിമിഷത്തിൽ അന്നാദ്യമായി എനിക്കൊരു ഭയമുണ്ടായി. വഴി പിഴച്ച ആ പെണ്ണിന്റെ സ്ഥാനത്തു്—അവൾ—എന്റെ അവധാരണത്തിനു് അതീതമായ ഒരു ദിവ്യതയുണ്ടവളിലെന്നു് എനിക്കു തോന്നി. ഞാൻ മനുഷ്യനായി ഇരിക്കവെ തന്നെ, എന്റെ ചാരത്തിരിക്കുന്നവൾ ഒരു ദേവതയായി മാറുന്നുവെന്നു് തോന്നി. അവളുടെ വാക്കുകളിൽ ഏതോ ഒരു ഗംഭീരമായ സത്യം ഉണ്ടെന്നു ഞാൻ ഭയന്നു. "എന്റെ പ്രാണനാഥനുവേണ്ടി" ഭീകരമായ ഒരപരാധബോധം എന്നെ ചഞ്ചലപ്പെടുത്തി. അവളുടെ ഹൃദയം, ഭൗമപരിധികളെ അതിലംഘിച്ചു ഗന്ധർവ്വനഗരങ്ങളിൽ - പാറിപ്പറക്കുകയാണു്. അവൾ ഒരു സ്വപ്നത്തിൽ മുഴുകിയിരിക്കയാണു്. അവളുടെ പ്രാണനാഥനുമായി പ്രണയമധു ആസ്വദിക്കയാണു്......എനിക്കു് ആ രംഗം ദുസ്സഹമായിരുന്നു. ഞാൻ വിളിച്ചു.

"ശാന്തേ, ശാന്തേ" അവൾ കണ്ണു തുറന്നു. "നീ സ്വപ്നം കാണുകയായിരുന്നോ?" അവളുടെ മുഖം മുഴുവൻ ഹൃദയംഗമമായ ഒരു പുഞ്ചിരി വ്യാപിച്ചു. അവൾ മിണ്ടിയില്ല. പെട്ടെന്നു് ഞാൻ പറഞ്ഞു, "ശാന്തേ, ഞാൻ പോകുന്നു." അടക്കാൻ വയ്യാത്ത അല്ലലോടെ അവൻ എന്റെ കൈക്കു കടന്നു പിടിച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ദയനീയമായി അവൾ പ്രാർത്ഥിച്ചു. "പോകരുതു്, എന്നെ വിട്ടുപോകരുതു്. എന്റെ പ്രാണനാ



# നിർവൃതി.

(വി. പ്രഭാകരൻ-കൊല്ലം)

പാടിത്തളർന്നൊരപ്പാതിരാപ്പൂങ്കുയിൽ
ഗാനം നിറുത്തിയുറങ്ങും.
അങ്ങ,പ്പടിഞ്ഞാറു, കുന്നിൻചരിവില-
പ്പാലൊളിച്ചന്ദ്രനൊളിക്കും.
നിശ്ചലമാകുമിപ്പാരിനോടേതോ നി-
ശ്ശബ്ദതമന്ത്രിച്ചു നിൽക്കും.
താരാകുമാരികളപ്പൊഴുമെന്നിനോ
വാരൊളി തൂകിച്ചിരിക്കും.
അങ്ങനെ മന്നൊരു മംഗളഭൃതിയിൽ
മുങ്ങിക്കുളിക്കുന്ന നേരം,
ഇങ്ങീധരയിലൊഴുകി വരുമൊരു
സംഗീത ഗംഗാ പ്രവാഹം
ആയതിൻ കുഞ്ഞലച്ചാർത്താം മുറിച്ചെന്റെ
ഭാവനപ്പൊൻ തോണിനീങ്ങും.
പേശലസ്വപ്നസൂനങ്ങളിൽ നിന്നൊഴു-
മാശതൻ മന്ദാനിലനിൽ
അച്ചെറുവഞ്ചിയും മന്ദം തുഴഞ്ഞുഞാ-
നപ്പുണ്യദേശത്തിറങ്ങും.

* * * * *

നിഷ്ഠുരയാണിയതിക്കു കനിവെന്നി-
ലല്പവുമില്ലായിരിക്കാം.
മാമകജീവിതമീവിധം മൂകമായ്
മായണമെന്നായിരിക്കാം.
ലോകമേ! നിന്നിൽഞാൻദർശിപ്പതൊക്കെയും
ശോകാത്മകമായിരിക്കാം.
എങ്കിലുമസ്സുരസങ്കല്പലോകത്തി-
ലുണ്ടെനിക്കാനന്ദമേറെ.
അങ്ങവിടത്തിലൊന്നെത്തിയാൽ പോരുമെ-
ന്നാത്മാവു നിർവൃതിനേടാൻ.

—*—

ഹാ—" എനിയ്ക്കു ഭ്രാന്തു പിടിക്കുമെന്നു തോന്നി............

മഴ ശമിച്ചിരുന്നു. നീലാംബരത്തിൽ വെള്ളിത്താരങ്ങൾ നിരന്നു മിന്നി. കിഴക്കു ഒരു നവ്യദ്യുതി തെളിഞ്ഞു. സ്നേഹിതൻ പറഞ്ഞു, "വെളുക്കാൻ പോകുന്നു." ഞങ്ങൾ നിന്നു. തണുത്ത കിഴക്കൻകാററു തട്ടി ആ വയസ്സൻ പേരാൽ ഒന്നു വിറച്ചു. സ്നേഹിതൻ ചോദിച്ചു, "എന്തു തോന്നുന്നു?" അദ്ദേഹത്തിന്റെ ശബ്ദം മാറിയിരുന്നു. ഞാൻ സൂക്ഷിച്ചു നോക്കി. പ്രഭാതത്തിന്റെ ആദ്യ കിരണങ്ങൾ തട്ടി ത്തെളിഞ്ഞു കണ്ട ആ മുഖവും അജ്ഞേയമാണെന്നു് എനിക്കു ശങ്ക തോന്നി. ഞാൻ ചോദിച്ചു, "സ്നേഹിതാ, സത്യം പറയൂ, അവൾ ആരാണു്? എനിക്കു മനസ്സിലാകുന്നില്ല." വികാരവേഗത്തോടെ അദ്ദേഹം പറഞ്ഞു. "അപ്പോൾ, നിങ്ങൾക്കും എന്റെ അനുഭവം തന്നെ ഉണ്ടായി, അതേ സംശയം?"

വിദൂരതയിൽ ഉരുണ്ടു കൂടിയിരുന്ന ഇരുട്ടു മെലിഞ്ഞു വിളർത്തു കഴിഞ്ഞിരുന്നു. പരസഹസ്രം ഭംഗികളെ അനാഛാദനം ചെയ്തുകൊണ്ടു പ്രഭാതം ഉദയം ചെയ്തു. പെട്ടെന്നു് എന്റെ സ്നേഹിതൻ പറഞ്ഞു, "അവൾ ഒരു കാമുകിയാണു്."

"എന്നു വച്ചാൽ?"

"എല്ലാ യുഗങ്ങളിലും, എല്ലാ ദേശങ്ങളിലും അവൾ ജനിച്ചിരുന്നു."

"വ്യക്തമാക്കൂ."

"വൃന്ദാവനത്തിലെ രാധയായും, മഗ്ദലന മറിയമായും—" തരുശിഖരങ്ങളും, ഗഗനമണ്ഡലവും പെട്ടെന്നു് ഗാനസമ്പൂർണ്ണമായി. ആ കളഗാനപ്രവാഹത്തിൽ എന്റെ സ്നേഹിതന്റെ ശബ്ദം നഷ്ടപ്പെട്ടു പോയി. അദ്ദേഹം തുടർന്നതിങ്ങനെയാണു്:

"ഇന്നുമവൾ കാമുകി തന്നെ; പ്രണയാർത്ഥി തന്നെ. പക്ഷെ ഇന്നത്തെ ലോകത്തിനവൾ, ശാന്ത, ഒരഭിസാരിക.

"ഭാരതീയ വൈദ്യകലാപ്രണയികളുടെ ആശ്വാസകേന്ദ്രം"

# സ്വാതന്ത്ര്യ ഫാർമസി

## ചാലക്കുടി—കൊച്ചിൻ സ്റ്റേററ്.

ബ്രാഞ്ചുകൾ—1. ആലപ്പുഴ(പോലീസ് സ്റ്റേഷന്നു സമീപം)
2. കൊടകര.

ഭാരതീയ വൈദ്യശാസ്ത്രം—ആയുർവ്വേദം—വേണ്ടത്ര സ്വാതന്ത്ര്യം ചികിത്സകന്നു അനുവദിച്ചിട്ടുണ്ട്. വൈദ്യൻ ഒരു സ്വതന്ത്ര ചിന്തകനായിരിക്കണം, ആചാര്യൻ നൽകിയിട്ടുള്ള അധികാരങ്ങളും അവകാശങ്ങളും വിനിയോഗിച്ചു കലാപോഷണത്തിനു കഴിവുള്ളതു ചെയ്യേണ്ടതു് വൈദ്യൻെറ കർത്തവ്യമാണു്. സ്വാതന്ത്ര്യവിചിന്തനം കൊണ്ടു യുക്തിയും ശാസ്ത്രവും സമരസപ്പെടുത്തി ആചാര്യപാദങ്ങളെ അനുഗമിക്കുകയാണു് വൈദ്യധർമ്മം. ആ ധർമ്മപരിപോഷണമാണു് "സ്വാതന്ത്ര്യ ഫാർമസി"യുടെ കർമ്മം.



ശാസ്ത്രത്തിൽ നിന്നു അണുമാത്രം വ്യതിചലിക്കാതെ സംസ്കരണത്തിൽ വേണ്ടപോലെ നിഷ്കർഷിച്ചുണ്ടാക്കിയ ഔഷധങ്ങൾ സുലഭമാകണം. അതിൻെറ വിലയും വളരെ പരിമിതമായിരിക്കണം. ശാസ്ത്രത്തിൻെറ തണൽ പററി വൈദ്യോപദേശം തരുന്ന വൈദ്യന്മാർ വേണം. ഇവയുടെ എല്ലാം പരിപൂർണ്ണ സമ്മേളനത്താൽ പുരോഗതിയെ പ്രാപിച്ചിരിക്കുന്ന ഒരു മഹൽസ്ഥാപനമാണു ഇന്നു നാം കാണുന്ന "സ്വാതന്ത്ര്യഫാർമസി"

ഫലപ്രദങ്ങളായ എല്ലാ ആയുർവ്വേദൌഷധങ്ങളും ഇവിടെ സംഗ്രഹിച്ചു സംഭരിച്ചിരിക്കുന്നു. ചുരുങ്ങിയ വിലയ്ക്കു ലഭിക്കുകയും ചെയ്യുന്നു. ശാസ്ത്രജ്ഞന്മാരും ചിന്തകന്മാരുമായ പരീക്ഷായോഗ്യതയുള്ള വൈദ്യന്മാർ ഫാർമസിയുടെ ശാഖകളിലും കൂടി വൈദ്യസേവനത്തിനു സന്നദ്ധരായിരിക്കുന്നു.

ദൂരസ്ഥന്മാരായ രോഗികൾ രോഗവിവരം എഴുതി ഹെഡാഫീസിൽ അയച്ചാൽ, ഫാർമസി പ്രൊപ്രൈററർ വൈദ്യകലാനിധി വി. ഗംഗാധരൻ വൈദ്യരും ശാസ്ത്രജ്ഞന്മാരും പരീക്ഷാവിജയികളുമായ രണ്ടു വൈദ്യന്മാരും കൂടി, വിചിന്തനം ചെയ്തു ചികിത്സ നിർണ്ണയിച്ചറിയിക്കുന്നതും ഔഷധങ്ങൾ വി. പി. ആയി എത്തിച്ചു കൊടുക്കുന്നതുമാണു്.

മാനേജർ.

# സാഹിത്യവും — സമുദായവും.

(വക്കം, എം. അബ്ദുൽഖാദർ.)

വ്യക്തിപരമായ ഉദ്ദേശ്യങ്ങളെയും താല്പര്യങ്ങളെയും പിന്തള്ളി, സാമൂഹ്യമായ ഉദ്ദേശ്യങ്ങൾക്കും താല്പര്യങ്ങൾക്കും മുൻഗണന നൽകി, അവയെ തൃപ്തമാക്കിത്തുടങ്ങിയിട്ടുണ്ടെന്നുള്ളതാണു് അഭിനവസാഹിത്യപരിവർത്തനത്തെ സംബന്ധിച്ചു് പറയുവാനുള്ള ഏററവും പ്രധാനമായ കാര്യം. രാഷ്ട്രീയവും സാമൂഹ്യവും ആയ സജീവ പ്രശ്നപരമ്പരയുടെ ഏററവും ഗൗരവാവഹമായ ഒരു സന്തപ്തദശയെയാണു് നാം ഇന്നു് തരണം ചെയ്യുന്നതു്. അത്യുഗ്രമായ ഒരു ജീവിതഞെരുക്കത്തിന്റെ എന്തെന്നില്ലാത്ത ഒരു വ്യഗ്രത വ്യക്തികളുടെ മാത്രമല്ല, വർഗ്ഗങ്ങളുടെയും രാഷ്ട്രങ്ങളുടെയും ജനതകളുടെയും രക്തത്തിൽ കൂടി കുത്തിമറിഞ്ഞുകൊണ്ടിരിക്കുന്നു. നിലവിലിരിക്കുന്ന സാമുദായികഘടനകളെ ഉടച്ചു കളഞ്ഞു് ഒരു നവീനസാമൂഹ്യവ്യവസ്ഥയേയും തദ്വാരാ ഒരു നവീന ലോകത്തെയും സൃഷ്ടിക്കാൻ സമർപ്പിക്കപ്പെട്ടിട്ടുള്ള സമുദ്ധാരണ പദ്ധതികളുടെ പരിഷ്കരണസംരംഭകോലാഹലങ്ങൾ നാം കേട്ടുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ, ന്യായത്തിന്റെയും ധർമ്മത്തിന്റെയും അചഞ്ചലമായ അധിഷ്ഠാനത്തിൽ സുഖസൗകര്യങ്ങളുടെ നവീനജീവിതമേടകൾ നിർമ്മിക്കുന്ന ഒരു മഹാപരിവർത്തനത്തിന്നു് വേണ്ടി ഹൃദയത്തിന്റെ അഗാധതവരെ അലച്ചുകയറുന്ന ശക്തമായ ആക്രന്ദനങ്ങൾ നാം കേൾക്കുന്നു. ഈ വിളികൾ കർമ്മലോകത്തും ചിന്താലോകത്തും വമ്പിച്ച മാററങ്ങളുടെ വമ്പിച്ച അലകൾ ഇളക്കുന്ന കാഴ്ച നാം കാണുകയും ചെയ്യുന്നു.

ഈ പരിവർത്തനസംരംഭം ഉദ്ഭമിച്ചുതുടക്കം സാഹിത്യലോകത്തിന്റെ പ്രാണസിരകളിൽ തട്ടി അവയെ ഉച്ചലിപ്പിച്ചു തുടങ്ങിയിട്ടു് വളരെ കാലമായിട്ടില്ല. ഇന്നത്തെ സാമൂഹ്യവിപ്ളവം ൧൮-ാം ശതാബ്ദത്തിന്റെ മദ്ധ്യദശ മുതൽക്കാരംഭിച്ചുവെങ്കിലും അതു് വേറൊരു പ്രകാരത്തിൽ സാഹിത്യത്തിൽ കടന്നതു് അനന്തരകാലത്താണു്. റൂസ്സോവിന്റെ നേതൃത്വത്തിൽ തുടങ്ങിയ ഈ സാമൂഹ്യപരിവർത്തനസംരംഭത്തിന്റെ പിൽക്കാല നായകന്മാരിൽ പെട്ട ബ്രിസോട്ടിന്റെയും ബേബിന്റെയും ഉദ്ബോധനങ്ങൾ സാഹിത്യലോകത്തും പുതിയൊരു വിപ്ളവത്തീയൂതി. ൧൯-ാം ശതാബ്ദത്തിന്റെ പ്രാരംഭദശയിലെ വിപ്ളവകരമായ ഗൂഢാലോചനകൾക്കു് അന്തഃപ്രചോദനം നൽകിയ ബേബിന്റെ ഉദ്ബോധനങ്ങൾ തന്നെയാണു് 'സിൻഡിക്കാലിസ'ത്തിന്റെയും 'ബോൾഷെവിസ'ത്തിന്റെയും ആവിർഭാവത്തിന്നാവേശമരുളിയതു്. ൧൫൦ കൊല്ലം മുമ്പു് ബേബ് പരത്തിവിട്ട വിപ്ളവബീജം ഇന്നത്തെ സാഹിത്യത്തിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ മഹായുദ്ധത്തിനു ശേഷമാണു് ഒരു നവീനസാഹിത്യലോകത്തിന്റെ രൂപവത്ക്കരണത്തെ നാം വ്യക്തമായി ദർശിച്ചുതുടങ്ങിയതു്. മഹായുദ്ധത്തിനും ഭൗതികശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾക്കും മുൻപു് വിശ്വസാഹിത്യകാരന്മാരെയും കലാകാരന്മാരെയും നയിച്ചിരുന്ന വികാരങ്ങൾക്കും വീക്ഷണങ്ങൾക്കും, ലോകവ്യാപകവും ചരിത്രപ്രസിദ്ധവും ആയ പ്രസ്തുത സംഭവങ്ങൾ

വലിയ മാററം വരുത്തി. രാഷ്ട്രീയവും സാമൂഹ്യവും ആയ വിപ്ലവങ്ങൾക്കു പുറമെ ശാസ്ത്രീയമനോവിജ്ഞാനീയത്തിന്റെ വികാസവും ആധുനികമനുഃശാസ്ത്രത്തിന്റെയും ശരീരശാസ്ത്രത്തിന്റെയും ജീവശാസ്ത്രത്തിന്റെയും കണ്ടുപിടുത്തങ്ങളും അവ നടത്തിക്കൊണ്ടിരിക്കുന്ന സവിശേഷപഠനങ്ങളും സാഹിത്യലോകത്ത് ഒരു നൂതനജീവിതബോധത്തെ കടത്തിവിടുന്നു. മഹായുദ്ധം വ്യാപരിപ്പിച്ച കടുത്ത വിഷാദാത്മകത്വവും ഭൗതികശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ വെളിപ്പെടുത്തിയ മനുഷ്യന്റെ അല്പത്വവും പ്രകൃതിയെ സംബന്ധിച്ച് അവ അവനിൽ ഉളവാക്കിയ ബോധവും പാശ്ചാത്യകലാകാരന്മാരെയും സാഹിത്യകാരന്മാരെയും പ്രധാനമായി രണ്ടു വഴിക്കു തിരിച്ചു വിടുകയാണ് ചെയ്യുന്നതു്. ഒരു കൂട്ടർ, ടി. എസ്സ്. ഇലിയട്ടിനെപ്പോലെ മതഭക്തരും 'ക്ലാസിക്' സാഹിത്യകാരന്മാരുമായി ഭവിക്കുന്നു. ആഡെൻ, ഡേലെവിസ് എന്നിവരെപ്പോലെ മറെറ കൂട്ടർ കമ്മ്യൂണിസ്റ്റുകളും നാസ്തികരും പുരോഗമനസാഹിത്യപ്രണയികളുമായി മാറുന്നു. സാഹിത്യത്തെ ബഹുജനോദ്ധാരണത്തിനായി വിനിയോഗിക്കണമെന്ന സിദ്ധാന്തക്കാരും ഒടുവിൽ പറഞ്ഞ തരക്കാരിൽ ഉൾപ്പെടുന്നു. മഹായുദ്ധവും ആധുനികശാസ്ത്രവും വരുത്തിയ പരിവൎത്തനങ്ങൾ കലയുടെയും സാഹിത്യത്തിന്റെയും പഴയ മൗലികതത്വങ്ങളെപ്പോലും തട്ടിയിളക്കിയിട്ടുണ്ട്. കൂടുതൽ അകൃത്രിമവും കൂടുതൽ ജീവിതസംബന്ധിയുമായ കലാതത്വത്തെയാണ് നവീനസാഹിത്യലോകം അംഗീകരിച്ചിട്ടുള്ളതു്. അതിൽ നിന്ന് സൃഷ്ടമാവുന്ന നൂതനസാഹിത്യം ജീവിതത്തിന് പ്രചോദനമേകി അതിന് പരിവൎത്തനമരുളുന്ന സാഹിത്യമാകുന്നു.

പുരോഗമനസാഹിത്യം 'റൊമെൻറിസിസത്തിനും' റിയലിസത്തിനും പ്രതിഷേധമിയി ജനിച്ച സാഹിത്യമാണ്. പരിതഃസ്ഥിതികൾക്കൊത്ത രൂപം കൊടുത്ത് ജീവിതത്തെ പരിവർത്തിതമാക്കുവാൻ 'എക്സ്പ്രഷണിസ'ത്തിനും അതോടു ചേൎന്ന് നില്ക്കാൻ കഴിവുള്ള 'ഫ്യൂച്ചുറിസ'ത്തിനുമേ കഴികയുള്ളൂ.

ജീവിതത്തെ ചൊല്ലി പരിവർത്തനേച്ഛുക്കളായ പുതിയ മനുഃസ്ഥിതിക്കാർ എപ്പോഴും ഏതിലും അങ്ങേ അററത്തെ നില


# കരിംകുരങ്ങു രസായനം.

## യൌവനത്തെ നില നിർത്തും.

കരിംകുരങ്ങിന്റെ മാംസത്തിലെ ഉപയുക്തഭാഗങ്ങൾ മാത്രം ഗ്രഹിച്ചു യന്ത്രസഹായത്തോടുകൂടി സംസ്ക്കരിച്ചു സത്തെടുത്തു വീൎയ്യവത്തുക്കളായ അനവധി മൂലികകളും മേൽമരുന്നുകളും ചേൎത്തു രസായനമാക്കി സൂക്ഷിച്ചിരിക്കുന്നു. ക്ഷയം, കാസം, ഏങ്ങൽ, വാതരോഗങ്ങൾ എന്നിവയ്ക്കു സിദ്ധൌഷധം. ബലത്തെ വളൎത്തും. ശരീരത്തെ തടിപ്പിക്കും. ഓജസ്സിനെ പ്രദാനം ചെയ്യും. ആയുസ്സിനെ ദീൎഘിപ്പിക്കും. പ്രസവരക്ഷയ്ക്കു വിശേഷം.

റാത്തൽ 1-ന് 4 ക മാത്രം.

**സ്വതന്ത്ര ഫാർമസി.**

ചാലക്കുടി-Cochin State.

ബ്രാഞ്ചുകൾ:—1. ആലപ്പുഴ (പോലീസ് സ്റ്റേഷൻ സമീപം} 2. കൊടകര.

അവലംബിക്കുന്നതും ജീവിതത്തെ വിഗണിച്ച് അന്നുമിന്നും ഒന്നുപോലെ കഴിയുന്ന പഴയ മനുഃസ്ഥിതിക്കാർ ഇങ്ങേ അററത്തെ നില അവലംബിക്കുന്നതും ചിന്താശൂന്യത കൊണ്ടാണ്. കേവലം ക്ലാസിസമോ റീയലിസമോ കൊണ്ട് തൃപ്തിപ്പെടുന്ന സാഹിത്യകാരനെ പുരോഗമനസാഹിത്യം ഒരിക്കലും സ്വാഗതം ചെയ്യുകയില്ല. പരിവർത്തനോന്മുഖമായ കലയെ പരിപാലിക്കുന്നതു എക്സ്പ്രഷണിസമാകുന്നു. റീയലിസത്തിനും റൊമാൻറിസിസത്തിനും സിംബോളിസത്തിനും പരിവർത്തനം വരുത്തുക സാധ്യമല്ല. റൊമാൻറിസിസം വ്യക്തിപരമായതിനാൽ അതു എക്സ്പ്രഷണിസത്തിൻെറ ശത്രുവാകുന്നു. റൊമാൻറിക് സിംബോളിസം ജീവിതായോധനത്തിൽ നിന്നുള്ള ഒരു പിന്തിരിച്ചിലാണ്.

കല സമുദായത്തിൻെറയും രാഷ്ട്രത്തിൻെറയും വേലക്കാരനായി മാത്രം ജോലി ചെയ്തുകൊള്ളണമെന്ന് ഫ്യൂച്ചറിസം ആവശ്യപ്പെടുന്നുവെങ്കിൽ, അല്ല ആജ്ഞാപിക്കുന്നുവെങ്കിൽ അതിനോട് അപ്പടി യോജിക്കവയ്യ. മർത്തിലോകത്തിൻെറ സർവ്വാധിപത്യത്തിന് മാത്രമെ കലയെ വിനിയോഗിക്കാവൂ എന്ന് കലാമർമ്മജ്ഞന്മാർ ശഠിക്കയില്ല. എന്നാൽ പരിവർത്തനോന്മുഖമായ കല സാമൂഹ്യവീക്ഷണകോടിയിൽ നിന്ന് ഒരിക്കലും പിന്മാറുകയില്ല. വിപ്ലവകരമായ കലയെ വിപ്ലവമുണ്ടാക്കുന്ന പ്രചാരകനാക്കേ സൃഷ്ടിക്കാൻ കഴികയുള്ളൂവെന്ന് പരിവർത്തനേച്ഛുക്കളായ സാഹിത്യപ്രണയികളിൽ ഒരു പക്ഷക്കാർ വിശ്വസിക്കുന്നു. ഫ്രെഞ്ചുവിപ്ലവകാലത്ത് ആ വിപ്ലവത്തിന് ശക്തി കൂട്ടിയ ഏററവും ഗണ്യമായ കലാപ്രവർത്തനം നടത്തിയവർ, ഫ്രെഞ്ചുകലാകാരന്മാരല്ല, ജർമ്മനിയിലേയും ഇംഗ്ലണ്ടിലേയും മററും കലാകാരന്മാരായിരുന്നുവെന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നു.

'കലാകാരൻെറ ഇതിവൃത്തം വിപ്ലവകരമായിരിക്കണം. അവൻെറ വാക്കുകളും ആശയങ്ങളും വിപ്ലവകരമായിരിക്കണം.' ഇതാണ് മാർക്സിയൻ പക്ഷക്കാരായ സാഹിത്യപ്രണയികൾ ഉന്നയിക്കുന്ന വാദമുഖം. എന്നാൽ കല തലതിരിവും വകതിരിവും ഇല്ലാത്ത മുട്ടാളനും താന്തോന്നിയുമായ ഒരു ലഹളക്കാരനായിരുന്നു കൂടാ. "കല അനന്തതയിൽ കൂടി നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു ധൂമകേതുവാണ്. അനന്തതയാണ് അതിൻെറ ബലം. അതു വിണ്ണിൽ നിന്നു വീഴുന്ന ഒരു ദിവ്യപ്രഭയാണ്. തൊഴിലാളി ലോകത്തു നിലവിലിരിക്കുന്ന നിയമത്തിനു അതു പ്രത്യക്ഷത്തിൽ


## കേരള ജ്യോതിഷാലയം.

### ലക്ഷ്മിനട-കൊല്ലം.

(1931-ൽ സ്ഥാപിച്ചതു്.)

അനുഭവം കൊണ്ടു തികച്ചും തൃപ്തികരമായ നിലയിൽ ജ്യോതിശ്ശാസ്ത്രപ്രവർത്തനം നടത്തുന്ന ഈ സ്ഥാപനം ബഹുജനങ്ങളുടെ ഹാർദ്ദമായ സഹകരണങ്ങളോടു കൂടി അതിൻെറ ഒന്നാം വ്യാഴവട്ടം—12 സംവത്സരം—പൂർത്തിയാക്കിയിരിക്കുന്നു. കൃത്യമായ വിധത്തിൽ ജാതകപ്രശ്നങ്ങൾ കൊണ്ട് ഭാവിസംഭവങ്ങളുടെ സത്യമറിയണമെന്ന തോന്നുമ്പോൾ നിങ്ങളുടെ ജനന ദിവസവും സമയവും അറിയിക്കുക. നിങ്ങളുടെ വ്യക്തമായ ഒരു ഭാവി ജീവചരിത്രം ഇവിടെ നിന്നും കിട്ടുന്നതാണ്. ചാർജ്ജു വിവരത്തിനും മററും കത്തെഴുതുക.

ASTROLOGER,

**K. N. KRISHNA PILLAI.**

# കഷ്ടമാം പണം.

(ചങ്ങമ്പുഴ കൃഷ്ണപ്പിള്ള എം. എ.)

സേവനോൽകൃഷ്ടമാം സ്നേഹത്തിൽ,വാടാ
ഭാവുകദീപം കൊളുത്തിയനിൻഗൃഹം, (അത
നിത്യവൃത്തിയ്ക്കുള്ള ജോലിത്തിരക്കിനാ–
ലത്യന്തതാന്തമാമെൻ ജീവിതത്തിനെ,
കാത്തുനിൽക്കുന്നു വിദൂരത്തു, ചുററിലും
പൂത്തമരങ്ങളുമാളിമാരൊത്തതാ!
മാപ്പെനിയ്ക്കേകു മനസ്വിനി, ജീവിത–
ത്തോപ്പിൽഞാൻനിന്നൊത്തനിച്ചുനിത്തുന്ന
പങ്കെടുക്കാനാശയില്ലായ്കയല്ലെനി– (ത്തിൽ!
യ്ക്കൻപോടതിൻെറ വസന്തോത്സവങ്ങളിൽ.

എന്തുചെയ്യട്ടേ, പരതന്ത്ര്യത വന്നു
മുൻപിൽ നിൽക്കുന്നു ശകുനം മുടക്കുവാൻ!
സംതൃപ്തനാണു ഞാ,നെങ്കിലും, സാദ്ധ്വി,നിൻ
സമ്പൂതരാഗവിഭവസമൃദ്ധിയിൽ
ആഗമിച്ചില്ലായിരുന്നു നീയെങ്കി,ലെ–
ന്താശാരഹിതമായ്ത്തീർന്നേനെ ജീവിതം!
എന്നിട്ടുമൊററയ്ക്കൊഴിച്ചുനിൽക്കുന്നു, ഹാ
നിന്നെ ഞാൻ–മാപ്പേകനീ ദേവതേ!
വാരിവിതറിവിരിച്ചതരികനീ
വാടാമലരുകളെൻ വഴിത്താരയിൽ!!

---

നിരുപയോഗവും ആപൽക്കരവുമായിരിക്കാം. എന്നാലും അതു ഒരു ശക്തിയാണു്." എന്ന റൊമയിൻ റോളണ്ടിൻെറ കലാപരമായ വീക്ഷണത്തെ ഇവിടെ ഓർമ്മിക്കുന്നതു് നന്നു്. കല മാനസോജ്ജീവന (inspiration) ത്തിൽ നിന്നു ജനിക്കുന്നു. അതിൽക്കൂടി വളരുന്നു. കല വിശ്രമം ആവശ്യപ്പെടുന്നു; സുഖം ആവശ്യപ്പെടുന്നു. സൌകര്യവും, സമൃദ്ധിയും ആവശ്യപ്പെടുന്നു. ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ദർപ്പണമായിരിക്കുന്നതോടൊപ്പം കല ജീവിതത്തെ രൂപവല്ക്കരിക്കുന്ന ആയുധംകൂടിയായിരിക്കണം.

കല ഉദ്ദേശരഹിതമല്ല. ആനന്ദം, പരമമായ ആനന്ദം അരുളുന്നതുകൊണ്ടു യഥാർത്ഥ കലയുടെ പ്രയോജനം അവസാനിക്കുന്നില്ല. അതു കൊണ്ടു അതു തൃപ്തിപ്പെടുകയും ചെയ്യുന്നില്ല. കലയെ ഒരു കണ്ണാടിയായി കാണുന്ന റീയലിസക്കാരൻെറ കല ഒരു സുന്ദരമായ 'റിപ്പോർട്ടിംഗ്' മാത്രമാണു്. ജീവിതത്തിൽ നിന്നുയർന്നു് ജീവിതത്തിൽ കടക്കുന്ന കലയ്ക്കു് ഒരു റിപ്പോർട്ടിൽ ഒതുങ്ങിക്കിടക്കാൻ കഴികയില്ല. ഒരു പരിധിയിലടങ്ങത്തക്ക വണ്ണം അതു ചെറുതോ അശക്തമോ അല്ല. അതു ജീവൻെറ ജീവനു് ഉദ്ദീപനം നൽകിക്കൊണ്ടു് അനശ്വരതയെ കീഴടക്കുന്ന ഒരു ഉദ്യമമാണു്. കല കലയ്ക്കുവേണ്ടി എന്ന വിശ്വാസത്തിൽ റിയലിസക്കാരനെപ്പോലെ കലയെ നോക്കുന്നവൻ കലയുടെ ആപൽക്കാരിയാണു്. അവൻ കലയെ ചതിക്കുന്നു. അവൻെറ കല അവനെയും ചതിക്കുന്നു. ജീവിതം ആവശ്യപ്പെടുന്ന ആവേശം സമ്മാനിക്കാത്ത കല നിശ്ചേഷ്ടതയുടെ ഒരു നിദ്ര മാത്രമാകുന്നു. എപ്സ്റ്റീൻ ജീവിതത്തെയല്ല, മരണത്തെയാണു് കീഴടക്കുന്നതു്. തൻെറ പ്രവർത്തനങ്ങൾ തെററാണെന്നു വിധിച്ചു കൊണ്ടു് നാം അദ്ദേഹത്തെ വേർപെട്ടു പോകാൻ ശ്രമിക്കട്ടെ. കൂടുതൽ കൂടുതൽ ശ്രമിക്കും തോറും നാം കൂടുതൽ കൂടുതൽ തോൽക്കുകയേയുള്ളു. അദ്ദേഹം നമ്മെ ആകർഷിക്കുന്നു. നാം പിന്തിരിഞ്ഞു പോയാലും അവർണ്ണ്യമായ ഒരു അദൃശ്യപാശത്താൽ അദ്ദേഹം നമ്മെ പിടിച്ചു അദ്ദേഹത്തോടു് ചേർത്തു വരിഞ്ഞു കെട്ടുന്നു. നമ്മുടെ ബഹുമാനത്തെയും നമ്മുടെ അഭിനന്ദനത്തെയും നമ്മുടെ സ്നേഹത്തെയും കവർന്നെടുത്തു് അദ്ദേഹം നമ്മെ തൻെറ പ്രാതികൂല്യത്തിൻെറ അലംഘനീയ ഭിത്തിയിൽ അടിച്ചുടച്ചു താറുമാറാക്കുന്നു.

ആശയുടെയും പ്രോത്സാഹനത്തിന്റെയും ചൈതന്യത്തെ തേടിച്ചെല്ലുന്നവനെ റിയലിസ്റ്റ് കണ്ണുനീരോടെ തിരിച്ചയക്കുന്നു. ജീവിതത്തെ ചൂണ്ടിക്കാണിക്കുവാനല്ലാതെ ജീവിതത്തെ സമ്മാനിക്കാൻ അവൻ അശക്തനാണു്. അവൻ ശരിയായി ചിത്രീകരിക്കുന്നുവെന്നു് ഗണിക്കപ്പെടുന്ന ലോകം വാസ്തവത്തിൽ കൃത്രിമലോകമാണു്. തന്റെ വീക്ഷണത്തിനും വിശ്വാസത്തിനും അനുയുക്തമായ ഒരു ലോകത്തെ അവൻ സൃഷ്ടിക്കയാണു് ചെയ്യുന്നതു്. ഒരു പ്രകാരത്തിൽ അവൻ അവനെത്തന്നെയാണു് പ്രകാശിപ്പിക്കുന്നതെന്നു പറയാം. "ഏററവും റിയലിസ്റ്റിക്കായ ഒരു എഴുത്തുകാരൻ തന്റെ താല്പര്യ്യ ഗതിക്കനുസരിച്ചു് തന്റെ കഥാപാത്രങ്ങളുടെ സ്വഭാവത്തെ മാററി മറിക്കുന്നു. ഉള്ളതിൽ കൂടുതലായി അവൻ അവരെ സ്വാത്മബോധാന്വിതരാക്കുന്നു. തന്റെ ആളുകളെ സാധാരണക്കാരാക്കുവാൻ അവൻ അവരുടെ ഇടയിൽ ചെന്നു കയറുന്നു. എന്നാൽ ഉദ്യമത്തിൽ അവൻ ജയിക്കുന്നില്ല. തനിക്കു സാമർത്ഥ്യം നല്കുന്ന തന്റെ പ്രത്യേകത, സാധാരണക്കാർ ആരാണെന്നറിയുന്നതിൽ നിന്നു് അവനെ തടയുന്നു. അവൻ ആർജ്ജിക്കുന്നതു യാഥാർത്ഥ്യമല്ല. അവന്റെ വ്യക്തിത്വത്തിന്റെ അവസ്ഥാന്തരം മാത്രം. അവന്റെ കഴിവു് എത്രത്തോളം ശ്രേഷ്ഠമായിരിക്കുന്നുവോ അത്രത്തോളം അവന്റെ വ്യക്തിത്വവും ശ്രേഷ്ഠമായിരിക്കും" അവൻ സൃഷ്ടിക്കുന്ന ചിത്രങ്ങളും അത്രത്തോളം സാങ്കല്പികമായിരിക്കും." എന്നു സാമർ സെററുമുഗാം പറയുന്നതു ശ്രദ്ധേയമാണു്.

മലയാള സാഹിത്യത്തിലെ അനുഗൃഹീതകലാകാരനും കഥാകൃത്തുമായ മി. തകഴിയുടെ റിയലിസം പരിവർത്തനത്തിലേക്കാവശ്യമായ എക്സ്പ്രഷണിസത്തിൽ ചെന്നെത്തുവാനുള്ള ഒരു മാർഗ്ഗമാണെന്നു് നവീന കേരളത്തിന്റെ അഭിമാനസമ്പത്തും പ്രസിദ്ധ പണ്ഡിതനും വിപ്ലവചിന്തകനും സുധീരവിമർശകനും ആയ മി. കേസരി ബാലകൃഷ്ണപിള്ള അഭിപ്രായപ്പെടുന്നതിനോടു് ഈ ലേഖകനും യോജിക്കുന്നു.

—*—


# KRISHNAN NAIR & SONS,

(Estd 1911)

**KOTTAYAM.**

FOR

NEW WATCHES & BEST REPAIRS

PRESENTATION ARTICLES OF CHARMING DESIGNS

LATEST FASHION IN JEWELLERY WORKS

**WE OFFER THE BEST PRICES FOR YOUR GOLD.**

Equipped with best that is in equipment and workmanship, ours is the largest watch repairing house in the state. Send your watch to us. We guarantee to put new life into them.



# പ്രതീക്ഷകൾ.

(എസ്. കെ. ആർ. കമ്മത്ത്)

റോഡിലൂടെ ഓരോ വണ്ടിയും പോകുമ്പോൾ അവൾ ആരെയോ പ്രതീക്ഷിക്കാറുണ്ടു്. ഓരോ പ്രാവശ്യവും ഗേററു തുറക്കപ്പെടുമ്പോൾ അവളുടെ ദൃഷ്ടി അങ്ങോട്ടു പായാറുണ്ടു്. ഓരോ കാലടിശബ്ദം കേൾക്കുമ്പോഴും അവളുടെ ഹൃദയം തുടിക്കും.

അവൾ എന്നും അധികം നേരം ആ കണ്ണാടിയിൽ നോക്കി നിൽക്കുന്നതെന്തിനു്? അവളുടെ മുടി നരച്ചിട്ടില്ല. മുഖത്തു ചുളി വീണിട്ടില്ല. അതു ആശ്വാസകരമാണു്.

ചെറുപ്പത്തിലെ കൂട്ടുകാരികളെല്ലാം മൂന്നും നാലും കുട്ടികളുടെ അമ്മമാരായിക്കഴിഞ്ഞു. ആ ഓമനസന്താനങ്ങളെ അവർ എത്ര വാത്സല്യത്തോടാണു് വളർത്താറുള്ളതു്! അവരുടെ താരാട്ടിനു് ഒരു പ്രത്യേക മാധുര്യമുണ്ടു്. ആ ചുംബനങ്ങളിൽ വാത്സല്യം വഴിയുന്നു.........

ആ രംഗം അവൾ എപ്പോഴും ഓർമ്മിക്കും.

"ജാന്തു, ഞാൻ പോകട്ടെ. ധാരാളം പണവുമായി ഞാൻ വരും. എന്റെ തങ്കത്തിനുവേണ്ടി."

"എന്നെ മറന്നു പോകരുതു്" അവൾ പറഞ്ഞു.

"ഛേ! അസംബന്ധം പറയാതെ. ഓരോ നിമിഷവും ആ സ്മരണമാത്രമേ എനിക്കു ആശ്വാസം തരികയുള്ളു. എന്നെത്തന്നെ ഞാൻ മറന്നാലും എന്റെ തങ്കത്തെ മറക്കുവാൻ എനിക്കു സാദ്ധ്യമല്ല." അയാൾ പറഞ്ഞു.

"വേഗം വരുമോ?" അവൾ ചോദിച്ചു

"നിശ്ചയമായും"

അയാൾ മുന്നോട്ടു നടന്നു. റോഡിന്റെ വളവു തിരിയുന്നതുവരെ അയാൾ കൂടെക്കൂടെ അവളെ തിരിഞ്ഞു നോക്കി. അവൾ അയാളേയും. അങ്ങു്, ദൂരെ, തീവണ്ടിയുടെ ചൂളംവിളി കേൾക്കപ്പെട്ടു. ആ വണ്ടി അയാളേയും കൊണ്ടു് വിദൂരമായ ഒരു ദിക്കിലേക്കു യാത്രയാകും. അവൾക്കു അതിനോടു് വിരോധം തോന്നി. അവൾ നിശ്ചലയായി അവിടെ അധികം നേരം നിന്നുപോയി.

അവൾ ആശ്വസിച്ചു. അയാൾ വേഗം വരും......

പ്രേമനിർഭരമായ വാക്കുകളെ ഉൾക്കൊള്ളുന്ന ആ കത്തുകൾ എത്ര എത്ര പ്രാവശ്യം അവൾ വായിച്ചിട്ടുണ്ടു്! എത്ര എത്ര പ്രാവശ്യം അവൾ ആവേശത്തോടെ അവയെ മാറോടണച്ചു പിടിച്ചിട്ടുണ്ടു്! നെഞ്ചിടിപ്പുകൾ അവയെ വിറകൊള്ളിച്ചിരുന്നു.

ഇന്നു് ആ എഴുത്തുകൾക്കു് അനേകം വർഷത്തെ പഴക്കം വരും. ലിപികൾ അക്തമായിത്തുടങ്ങി. ആ ഓരോ ലിപിയും അനേകം കണ്ണുനീർ കണികകൾക്കു് സാക്ഷ്യം വഹിച്ചു കഴിഞ്ഞിട്ടുണ്ടു്.

അവളുടെ സൗന്ദര്യം പലരേയും ആകർഷിച്ചതാണു്. പലരും കാംക്ഷിച്ചതാണു്. കാലം അതിന്റെ മാററു് കുറയ്ക്കുന്നു. ഒരിക്കൽ അതു നാമാവശേഷമാകും.

അതുവരെ അയാൾ വരാതിരുന്നുവെ

ങ്കിൽ? പിന്നീട് അയാൾ അവളെ സ്നേഹിക്കുമോ? എങ്ങനെ വിശ്വസിക്കും? അയാളെ ആനന്ദിപ്പിക്കുന്ന യാതൊന്നും അവളിൽ അന്നു കാണുകയില്ല. വികാരവായ്പോടെ അയാൾ അവളെ നോക്കുകയില്ല. വാടിപ്പോയ ഒരു പുഷ്പമായിരിക്കും അതു്...

അടുത്ത വീട്ടിൽ വലിയ ബഹളമാണു്. അവിടെ അന്നു് ഒരു വിവാഹം നടക്കും.

ജാനകി വീട്ടിൽ തനിച്ചേയുള്ളു. അച്ഛനമ്മയും വിവാഹത്തിനു പോയിരിക്കുകയാണു്. അവൾ ഏതോ കാരണം പറഞ്ഞു് പോയില്ല.

ആ വധുവിനെ അവൾക്കു നല്ല പരിചയമുണ്ടു്. കൊച്ചുന്നാളിൽ അവൾ മാധവിയെ എളിയിലെടുത്തു് നടന്നിട്ടുണ്ടു്. ഇക്കിളിയാക്കി ആ കുട്ടിയെ അവൾ ചിരിപ്പിച്ചിട്ടുണ്ടു്. അവൾ സൗന്ദര്യമുള്ള ഒരു ബാലികയായിരുന്നു.

കാലം എത്ര പെട്ടെന്നു് പറന്നുപോയി! എത്ര വേഗമാണു് ആ പൂമൊട്ടു് വിടന്നതു്! അവളും വിവാഹിതയായി. അവളുടെ സ്ത്രീത്വവും അംഗീകരിക്കപ്പെട്ടു.

ഒരു നെടുവീർപ്പോടെ, ജാനകി കട്ടിലിൽ നിന്നും എണീറ്റു. കൈമേശ തുറന്നു് ഏതോ സാധനം വെളിയിലെടുത്തു. അതു് അയാളുടെ ഫോട്ടോവാണു്. പിരിയുന്നതിനു കുറച്ചുദിവസം മുമ്പു് അയാൾ അതു് അവൾക്കു കൊടുത്തതായിരുന്നു.

ആ കണ്ണുകൾ തേജസ്സു് നിറഞ്ഞവയാണു്. അയാളുടെ ചുരുണ്ട മുടിക്കു് ഒരു പ്രത്യേക മോഹനത്വമുണ്ടു്. ആ പുഞ്ചിരി സജീവമാകുന്നു.

മുറിയുടെ വാതൽ തുറന്നു് ആരോ അകത്തു വരുന്നതായിട്ടു് അവൾക്കു തോന്നി. അവൾ അങ്ങോട്ടു നോക്കി. അതു് അയാളാണു്! അവളുടെ ആരാധ്യപുരുഷൻ!! കണ്ണുകളെ അവൾ വിശ്വസിച്ചില്ല. വീണ്ടും വീണ്ടും നോക്കി. അതെ. അയാൾ തന്നെ. ദീർഘമായ വിയോഗത്തിനു ശേഷം അയാൾ വന്നിരിക്കുന്നു.

“ജാനു!” മാധുര്യം നിറഞ്ഞ സ്വരത്തിൽ അയാൾ അവളെ വിളിച്ചു.

“എന്തു്? എന്തു്?—അവിടുന്നു്—”

“അതെ, ജാനു. ഞാൻ തന്നെ. എന്റെ കുറ്റം ക്ഷമിക്കണം. നിന്നെ ഞാൻ അത്യധികം ദുഃഖിപ്പിച്ചുവെന്നു് എനിക്കറിയാം”

അയാൾ അവളെ സമീപിച്ചു. ഒരു കൊച്ചു കുട്ടിയെപ്പോലെ അവൾ അയാളുടെ മാറിലേക്കു ചാഞ്ഞു. ആ കവിൾത്തടങ്ങളിൽ അയാൾ ഇടവിടാതെ ചുംബിച്ചു.

“ഇനി എന്നെ പിരിഞ്ഞു പോകരുതു്.” അവൾ മന്ത്രിച്ചു.

“ഇല്ല; ഒരിക്കലുമില്ല.” അയാൾ പറഞ്ഞു.

അയാളുടെ കരവലയത്തിൽ പെട്ടു് കൂടുതൽ നേരം അവിടെ നിന്നുവെന്നു് അവൾക്കു തോന്നി......പെട്ടെന്നു് അവൾ ഞെട്ടിയുണർന്നു. ആ ഭാവനാലോകം തകർന്നു. അവൾ ഏകാകിനിയായിട്ടു് ആ മുറിയിൽ നിൽക്കുകയാണു്!

* * * * *

## രോഗികൾ നിരാശപ്പെടേണ്ട!

എത്ര പഴക്കമേറിയ മഹാരോഗങ്ങളേയും ശരിയായ ഉത്തരവാദിത്വത്തിൽ ചികിത്സിച്ചു് ക്ലിപ്ത കാലത്തിനുള്ളിൽ സുഖപ്പെടുത്തും. വലിയ ചിലവില്ല, പഥ്യമില്ലാ. ദൂരസ്ഥരായ രോഗികളുടെ ആവശ്യാനുസരണം ചികിത്സ നിശ്ചയിച്ചു ഔഷധങ്ങൾ അയച്ചു കൊടുക്കപ്പെടും. കൂടുതൽ വിവരങ്ങൾക്കു സ്റ്റാമ്പു് സഹിതം അപേക്ഷിക്കുക. ഡാക്ടർ, കെ. ബി. പിള്ള, എച്ച്. എം. ബി. ഒപ്പ്റേഷ്യൻ & യൂനാനി ഫിസിഷൻ Near ചീഫ് അഞ്ചൽ ആപ്പീസ്, കോട്ടയം.

രാത്രികാലങ്ങളിൽ അച്ഛനമ്മയും എന്തൊക്കെയോ അടക്കം പറയുന്നതു് അവൾ കേൾക്കാറുണ്ടു്. അതിൽ ഒട്ടുമിക്കതും തന്നെ പരാമർശിച്ചുള്ളതാണെന്നു അവൾക്കറിയാം. ഒരു ദിവസം രാത്രി അമ്മ എന്തോ പറഞ്ഞപ്പോൾ അച്ഛൻ അല്പം ഉറക്കെ ചോദിച്ചു—

"ഞാൻ എന്തു വേണമെന്നാ നീ പറയുന്നതു്?"

"അവളെ ആർക്കെങ്കിലും കെട്ടിക്കൊടുക്കണം."

"എനിക്കതാവില്ല."

"ഉം?"

"അവൾക്കു അതിനു സമ്മതമില്ല."

"അവളുടെ സമ്മതം എന്തിനുനോക്കണം?"

"അവൾ പറയുന്നതു അയാൾ തിരിച്ചു വരുമെന്നാ?"

"ആരു്?"

"കേശവൻ!"

"മഹാപാപി! എന്റെ കുഞ്ഞിനെ സങ്കടപ്പെടുത്തുന്ന ദുഷ്ടൻ! അയാൾ ഏതെങ്കിലും പെണ്ണുമായി അവിടെ കഴിയുകയായിരിക്കും."

അടുത്ത മുറിയിൽ ജാനകി അതെല്ലാം കേട്ടുകൊണ്ടു ഉറങ്ങാതെ കിടക്കുകയാണു്. ഒട്ടുവിലത്തെ വാക്കുകൾ അവളുടെ നെഞ്ചിൽ തറച്ചു.

അതു് സംഭാവ്യമാണോ? സൗന്ദര്യവതികൾക്കു് പുരുഷഹൃദയങ്ങളെ വശീകരിക്കുവാൻ കഴിവുണ്ടായിരിക്കാം. അയാൾ—?

അവളുടെ ഹൃദയം വേഗം വേഗം ഇടിച്ചു. ശരീരമാസകലം എരിയുന്നതുപോലെ അവൾക്കു തോന്നി.

അവൾ കരഞ്ഞു. അതു ഉച്ചത്തിലായി.

മാതാവും പിതാവും തെല്ലു് പരിഭ്രമിച്ചു. അവർ മുഖത്തോടു മുഖം നോക്കി.

"എന്താ, കുഞ്ഞേ കരയുന്നതു്?" അച്ഛൻ അടുത്തു ചെന്നു അവളോടു ചോദിച്ചു.

"എന്നെ എന്തോ കടിച്ചു. പഴുതാരയോ മറ്റോ ആണെന്നു തോന്നുന്നു." അവൾ ഒരു കള്ളം പറഞ്ഞു.

"എവിടെയാ." അമ്മ പെട്ടെന്നു ചോദിച്ചു.

അവൾ ആ ചോദ്യം കേൾക്കാത്ത ഭാവം നടിച്ചതേയുള്ളു.........

ആ വൃദ്ധദമ്പതികൾ ഉറങ്ങിക്കാണണം. അവിടം നിശ്ശബ്ദമാണു്. ജാനകി മെല്ലെ എണീററിരുന്നു.

അയൽ വീട്ടിൽ ഒരു കുഞ്ഞുണർന്നു് കരഞ്ഞു. മാധവി അതിനെ പാട്ടുപാടി ഉറക്കു

WHEN YOU ARE AT KOTTAYAM

VISIT

Sattar Textile

Proprietors:—ABOOBAKER & AHOMED SAIT.

Fancy Cloth & Umbrella Merchants,

K. K. Road, Kottayam, Travancore.

ന്നതു് അവൾ കേട്ടു. ആ കുട്ടിയെ അവൾ കണ്ടിട്ടുണ്ടു്.

മാധവി അതിനെ എടുത്തു നടക്കുന്നതു കാണുമ്പോഴെല്ലാം അവളുടെ ഉള്ളിൽ നിന്നും തപ്തനിശ്വാസങ്ങൾ പുറപ്പെടും. ആ കണ്ണുകൾക്കു നനവുണ്ടാകും.

അവൾ മേശ തുറന്നു് അയാളുടെ ഫോട്ടോ വെളിയിലെടുത്തു. ജനാലയുടെ സമീപം ചെന്നു് നിലാവെളിച്ചത്തിൽ അവൾ അതിൽ നോക്കി. അയാൾ അവളിൽനിന്നും അകലുകയാണു്. അങ്ങനെ ഒരു ബോധം അവളുടെ ഹൃദയത്തെ മഥിക്കുന്നു: അവൾക്കു അതു സഹിക്കുക സാദ്ധ്യമല്ല.

അവൾ ഫോട്ടോ ജനാലയുടെ പടിയിൽ വച്ചു. കൂപ്പു കൈകളോടെ അവൾ അതിന്റെ മുമ്പിൽ നിന്നു. അവൾ സങ്കടം പറയുകയാണു്...............

കാലത്തു് അച്ഛൻ അവളെ കണ്ടു. കുറച്ചുനേരം അയാൾ അവളെ സൂക്ഷിച്ചു നോക്കി. അവളുടെ മുഖം മ്ളാനമായിരുന്നു.

അയാൾ ഒന്നും ചോദിച്ചില്ല. ആ അണ പൊട്ടിപ്പോകും. അയാൾക്കു് അതു നിശ്ചയമുണ്ടു്.

* * * *

കണ്ണാടിയിൽ നോക്കി അവൾ നിൽക്കുകയാണു്, പലതും ചിന്തിച്ചുകൊണ്ടു്. എത്ര എത്ര വസന്തങ്ങൾ പൂത്തു കഴിഞ്ഞു!

പെട്ടെന്നു് അവൾ ഞെട്ടി. ആ പ്രതിഛായ അവളുടെ ദൃഷ്ടിയിൽ പെട്ടു. അവളുടെ നാലോ അഞ്ചോ മുടികൾ നരച്ചിരിക്കുന്നു!

അവൾ സ്തംഭിച്ചു നിന്നു, തുറിച്ചു കണ്ണുകളോടെ. താൻ വാർദ്ധക്യത്തിലേക്കു കാലു കുത്തുകയാണോ?

അവൾ നാലു വശത്തും കണ്ണു പായിച്ചു. അവിടെയെങ്ങും ആരുമില്ല. ആ മുടികൾ പറിച്ചെടുത്തു അവൾ ജനാലയിൽ കൂടി വെളിയിൽ കളഞ്ഞു. നൊമ്പരം അവൾ വകവച്ചില്ല. അന്നു അനേകം പ്രാവശ്യം അവൾ കണ്ണാടിയിൽ നോക്കി.

അതിശയഫലം!!! അപൂർവ്വസിദ്ധൌഷധം!!!

# അഭിനവസാനട്ടോജൻ

സ്ത്രീപുരുഷബാലവൃദ്ധഭേദമെന്യേ എപ്പോഴും ഉപയോഗിക്കാവുന്ന ഏക സിദ്ധൌഷധം. മെലിച്ചിൽ, അജീർണ്ണം, ശുക്ലദോഷം, ഇവകളെ നശിപ്പിച്ചു്, ശരീരപുഷ്ടി, ഓർമ്മശക്തി, മുതലായവയെ വർദ്ധിപ്പിച്ചു് നഷ്ടപ്പെട്ടുപോയ ആരോഗ്യത്തേയും, യൗവനത്തേയും നിങ്ങളിൽ പ്രദാനം ചെയ്യുന്നു. ഉപയോഗിക്കേണ്ട വിധം കുറിപ്പുസഹിതം.
വില റാത്തൽ 1-ക്കു ക 5—0—0

റോൺസിൽസ്പിൽസ്. കുരുനാക്കിനു് (റോൺസിലിറ്റീസിനു്) പറ്റിയ ഒരു സിദ്ധൌഷധം. റോൺസിലിറ്റീസിന്റെ ഉപദ്രവത്താൽ വിഷമിക്കുന്നവർ ഞങ്ങളുടെ ഈ മരുന്നു് ഒരിക്കൽ ഉപയോഗിച്ചാൽ ആ സുഖക്കേടു് നിശ്ശേഷം വിട്ടുമാറുന്നതാണു്.
വില ഡ: 1-ക്കു് 1 രൂ 8 ണ. മാത്രം.

*N. B.* ഇവിടെ ആയുർവ്വേദവിധിപ്രകാരം പാകം ചെയ്തിട്ടുള്ള എല്ലാ ഔഷധങ്ങളും എപ്പോഴും തയാർ.
വിലവിവരപ്പട്ടിക സൗജന്യം.

## വർമ്മാസ് ആയുർവേദ ഫാർമസി.

H. O. കോട്ടയം. ബ്രാഞ്ചു് ആലപ്പുഴ.

വൈകിട്ട് മാധവി വീട്ടിൽ വന്നപ്പോൾ, ഒരു വല്ലാത്ത പരിഭ്രമത്തോടാണ് ജാനകി അവളുടെ അടുത്തു ചെന്നതു്.

"ചേച്ചിക്ക് സുഖമില്ലേ?" മാധവി അവളോട് ചോദിച്ചു.

അവൾ മന്ദഹസിച്ചതേയുള്ളു. ആ മന്ദഹാസത്തിനു് ഒരു വിഷാദാത്മകതയുമുണ്ടായിരുന്നു.

മാധവി അവളുടെ മുഖത്തു നോക്കിയപ്പോൾ, ഒരുൾനടുക്കൽ അവൾക്കുണ്ടായി.

"മൂത്ത മകൻെറ എഴുത്ത് ഇന്നു വന്നിരുന്നു." മാധവി പറഞ്ഞു.

"എന്തുണ്ട്, വിശേഷം?"

"അവൻ ബി. എ. പരീക്ഷയ്ക്ക് ഒന്നാമതായിട്ടാണ് ജയിച്ചിരിക്കുന്നതു്." ഒരു മാതാവിൻെറ അഭിമാനത്തോടെ മാധവി പറഞ്ഞു. അതിൻെറ ബാഹിസ്ഫുരണം അവളുടെ വാക്കുകളിൽ പോലും തുളുമ്പി നിന്നിരുന്നു.

മാധവി തുടൎന്നു:-"അവനെ ബി. എൽ. വരെ പഠിപ്പിക്കണമെന്നാണ് എൻെറയും, അവൻെറ അച്ഛൻേറയും വിചാരം. അവൻ ഒരു വക്കീലായി വരുന്നതു കാണാൻ ഞങ്ങൾ എത്രകൊതിച്ചിരിക്കയാണെന്നോ?നാലു കൈയുൻ ഉടുപ്പുമായിട്ട് അവൻ വീട്ടിലേക്കു വരുന്ന ആ കാഴ്ച—അതിനെപ്പററി ആലോചിച്ച എത്ര എത്ര പ്രാവശ്യം ഞങ്ങൾ ആനന്ദിച്ചിട്ടുണ്ട്! അവൻ ഒരു വലിയ വക്കീലായിത്തീരും. ആളുകൾ അവനെ ആദരിക്കും. അവൻെറ പേരു് എല്ലാവരും ഭക്തിയോടുച്ചരിക്കും. അതിനേക്കാൾ കൂടുതൽ ഞങ്ങൾക്കു് എന്താണാഗ്രഹിക്കുവാനുള്ളതു്? അങ്ങനെ വയസ്സുകാലത്തു സന്തോഷം നിറഞ്ഞ ഹൃദയങ്ങളോടെ, അവനെ കണ്ടു കണ്ടു് ഞങ്ങൾ ജീവിക്കും—"

ഒരു മാതാവിൻെറ സുന്ദര സ്വപ്നങ്ങൾ—അവയ്ക്കു വാക്കുകൾ ആകാരം നൽകി.

ഭാവനയിൽ ലയിച്ചു്, ചുററുപാടുകൾ വിസ്മരിച്ചു, മാധവി ഇരിക്കുകയാണു്. യാദൃച്ഛികമായി അവളുടെ ദൃഷ്ടി ജാനകിയുടെ മുഖത്തു പതിഞ്ഞു. നമ്രമുഖിയായിരുന്നു് അവൾ കരയുന്നു. കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ധാരധാരയായി ഒഴുകുന്നുണ്ടു്.

"ചേച്ചീ, എന്തു്-എന്തു്-എന്തുപററി?'

അവൾ മിണ്ടിയില്ല...........

സന്ധ്യമയങ്ങിയിരുന്നു. ചിലവീടുകളിൽകുട്ടികൾനാമംചൊല്ലുന്നതുകൾക്കാം. ഇടയ്ക്കിടെപൊട്ടിച്ചിരികളും.ആ മാതാക്കൾഭാഗ്യമുള്ളവരാണു്.

അവൾ ഗൃഹത്തിനുള്ളിൽ ചെന്നു. അതിനകം അന്ധകാരം നിറഞ്ഞിരുന്നു. അവിടെ വിളക്കു കത്തിയ്ക്കപ്പെട്ടിട്ടില്ല. അവൾക്കു അതിലൊന്നും താല്പര്യമില്ല.

ജനാല തുറന്നു് അവൾ വെളിയിൽ നോക്കി. കിഴക്കു്, പൂൎണ്ണചന്ദ്രൻ നിലാവൊളി പരത്തി, അങ്ങനെ വിളങ്ങുന്നതു് അവൾ കണ്ടു. അതു് അൎത്ഥശൂന്യമായ ഒരു സംഭവമായിട്ടു് അവൾക്കു തോന്നി. അവൾ ജനാല വീണ്ടും അടച്ചു.

ദ്രുതമായ ആ ഹൃൽസ്പന്ദം—അതു അകാരണമായിരുന്നോ?

—*—


**Ananda Mandiram Brahmins Hotel and Restaurant, Kottayam.**

—നിങ്ങൾ കോട്ടയത്തു വരുമ്പോൾ സന്ദർശിപ്പിൻ.—

ആനന്ദമന്ദിരം ബ്രാഹ്മണാൾ ഹോട്ടൽ

ആൻഡ് റസ്റ്റാറൻ്റ്.

സുഖകരമായ ഭക്ഷണത്തിനും താമസത്തിനും പററിയ സ്ഥലം

# ഗോപികാ വസ്ത്രാപഹരണം.

(പി. ദാമോദരൻപിള്ള, ബി. എ.)

ദശാവതാരങ്ങളിൽ ഏററവും മഹത്വം ശ്രീകൃഷ്ണാവതാരത്തിനാണെന്നു് പ്രസിദ്ധമാണല്ലോ. എന്നല്ല, ബംഗാളിലെ ചൈതന്യാനുയായികൾ ശ്രീകൃഷ്ണനെ പരബ്രഹ്മോപരി പ്രതിഷ്ഠിക്കുകപോലും ചെയ്യുന്നുണ്ടു്. ശ്രീകൃഷ്ണനെപ്പററി അവധാനപൂർവ്വം ചിന്തിക്കുന്നവക്കു് ഇതിൽ അത്ഭുതം തോന്നുകയുമില്ല. മഹായോഗി, യോഗയോഗേശ്വരൻ എന്നിങ്ങനെയുള്ള പേരുകളുടെ അന്വർത്ഥം അറിയണമെങ്കിൽ പാതഞ്ജലയോഗമനുസരിച്ചു് ശ്രീകൃഷ്ണനെപ്പററി പഠിക്കുകതന്നെ വേണം. മററാരവതാരവും വിശ്വരൂപം കാണിച്ചതായി നാം അറിയുന്നില്ല. ശ്രീകൃഷ്ണൻ ഒന്നിലധികം പ്രാവശ്യം അങ്ങനെ ചെയ്യുന്നു മാത്രമല്ല, ഏകകാലത്തിൽ തന്നെ അനേകം കൃഷ്ണന്മാരെ പല അവസരങ്ങളിൽ പലേടങ്ങളിൽ കാണിച്ചുകൊടുക്കയും ചെയ്തു. കുട്ടിക്കാലത്തിൽ ഈരേഴു പതിന്നാലുലോകവും വാ തുറന്നു് കാട്ടിക്കൊടുത്ത ഭഗവാൻ, ഈ പ്രപഞ്ചം മുഴുവൻ നമ്മുടെ ഉള്ളിൽ തന്നെയാണെന്നുള്ള വേദാന്തസിദ്ധാന്തത്തെ വെളിപ്പെടുത്തുകയല്ലേ ചെയ്തതു്?

ബുദ്ധൻ, ക്രിസ്തു, ചൈതന്യൻ, രാമാനുജൻ എന്നിങ്ങനെ ഒട്ടേറെ അവതാരങ്ങളെ നാം ചരിത്രത്തിൽ കാണാറുണ്ടു്. അവരെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ നമുക്കെല്ലാം അവതാരങ്ങൾ തന്നെയാണെന്നുള്ളതിൽ യാതൊരു തക്കവുമില്ല. എന്നാൽ അവർ നമുക്കു് അവതാരങ്ങളായിരിക്കുമ്പോൾ ശ്രീകൃഷ്ണൻ അവക്കു് അവതാരമായിരിക്കുന്നു. യോഗികൾക്കു് അദ്ദേഹം മഹായോഗിയാണു്. അവക്കു മാത്രമേ ശ്രീകൃഷ്ണന്റെ മഹത്വത്തിന്റെ ഏതെങ്കിലും ഒരംശം അറിവാൻ കഴിവുള്ളു. നമുക്കു് ആ കഴിവില്ലാത്തതിനാൽ ശ്രീകൃഷ്ണനെ നാം പെട്ടെന്നു തെററിദ്ധരിക്കുന്നു. നമ്മുടെ അജ്ഞതയാലുള്ള വികടതകൾ അദ്ദേഹത്തിൽ ആരോപിക്കുന്നു. രാസക്രീഡയാൽ അനേകം കൃഷ്ണന്മാർ ഏകകാലത്തിൽ പ്രത്യക്ഷരായെന്നുള്ള വസ്തുത വിസ്മരിച്ചുപോലും അദ്ദേഹത്തിൽ നമ്മുടെ കാമലമ്പടത്വം കാണുന്നു. അത്രമാത്രമല്ല, വെറും ബാലപ്രായത്തിൽ അദ്ദേഹം ചെയ്ത ഗോപികാവസ്ത്രാപഹരണത്തെ ദുഷ്ടരൂപത്തിൽ വ്യാഖ്യാനിക്കുക കൂടി ചെയ്യുന്നു.

ഈ ലേഖനത്തിന്റെ വിഷയം ഗോപികാവസ്ത്രാപഹരണമാണല്ലോ. ആററിൽ നഗ്നരായി കുളിക്കാനിറങ്ങിയ കൃഷ്ണഭക്തകളായ സ്ത്രീകളെ അദ്ദേഹം ഒരു പാഠം പഠിപ്പിച്ചു എന്നു് ആ കഥയിൽ നിന്നു് പെട്ടെന്നു് മനസ്സിലാകുന്നുണ്ടു്. പക്ഷെ അവിടം കൊണ്ടു് കാര്യം തീരുന്നില്ലെന്നോക്കണം. എന്തെന്നാൽ അത്രമാത്രം മനസ്സിലാക്കി തൃപ്തിപ്പെട്ടാൽ ശ്രീകൃഷ്ണൻ വെറും ഒരു കുസൃതിക്കുട്ടനാണെന്നും, അദ്ദേഹത്തിന്റെ പ്രവൃത്തി ഒരു ചാപല്യമാണെന്നും തോന്നിപ്പോകും.

ലൌകികമായ സകല ഭാവങ്ങളും മനുഷ്യനെ ഈശ്വരനിൽനിന്നു് അകററുന്നു. ഈ

ഭാവങ്ങളിൽ ഏററവും ശക്തിയേറിയതു് അഹങ്കാരമാണു്. അഹങ്കാരം ഉള്ള സ്ഥാനത്തു് ഈശ്വരൻ ഒരിക്കലും പ്രവേശിക്കയില്ല. അഹങ്കാരത്തിൻെറ ശക്തി കുറഞ്ഞ ഒരു ഛായയാണു് അഭിമാനം. തൻെറ ദേഹം ഏററവും മനോഹരമായ വസ്ത്രങ്ങളാലും ആഭരണങ്ങളാലും മോടി പിടിപ്പിക്കണമെന്നും മറയ്ക്കണമെന്നും തോന്നുന്നതു് ദേഹത്തെപ്പററിയുള്ള അഭിമാനം കൊണ്ടാണു്. അഭിമാനം ശേഷിക്കുന്നിടത്തോളം കാലം ഈശ്വരസാക്ഷാത്ക്കാരം ഉണ്ടാകയില്ലെന്നു് സ്പഷ്ടവുമാണു്.

ദേഹാഭിമാനം ഏററവും കൂടിയിരിക്കുന്നതു് സ്ത്രീകൾക്കാണല്ലോ. "മൃതിയിലും മഹിളമാർമറക്കാമാനം." വാസവദത്തമാത്രമല്ല ഇതിനു് ഉദാഹരണം. ഇംഗ്ലണ്ടിൽ തൻെറ പിതാവിനെ കാമുകനുവേണ്ടി വിഷം കൊടുത്തു കൊന്ന ഒരു സ്ത്രീയെ തൂക്കിക്കൊല്ലുവാൻ വിധിച്ചു. ഉയർന്ന രണ്ടു തൂണിനു് മുകളിൽ വിലങ്ങനെ ഒരു തടി വച്ചാൽ അന്നത്തെ ഇംഗ്ലണ്ടിലെ തൂക്കുമരമാകുമായിരുന്നു. വിലങ്ങനെയിരിക്കുന്ന തടിയിൽ നിന്നു് കഴുത്തിൽ കുരുക്കിട്ടു് കീഴോട്ടു് തള്ളിയാണു് അന്നു് തൂക്കിക്കൊല നടത്തിവന്നതു്. കയറിൽ തൂങ്ങുന്ന കുററവാളിയുടെ പാദങ്ങൾ തറയിൽ തൊടാതെയിരിക്കുന്നതിനും, ദൂരത്തു നിന്നു് തന്നെ പലരും കാണുന്നതിനും തക്കവിധം തൂക്കുമരത്തിൻെറ കാലുകൾക്കു് ധാരാളം ഉയരമുണ്ടായിരിക്കും. മേൽപ്പറഞ്ഞ കുററക്കാരിയെ തൂക്കിക്കൊല്ലുവാൻ കൊണ്ടുവന്നപ്പോൾ അവൾക്കു് അവസാനമായി ഒരപേക്ഷയുണ്ടായിരുന്നു. തന്നെ അത്ര ഉയരെ തൂക്കരുതെന്നായിരുന്നു ആ അപേക്ഷയെന്നു് പ്രസിദ്ധമായ കൊലക്കേസുകളെപ്പററിയുള്ള "Famous Trials" എന്ന ഗ്രന്ഥത്തിൽ കാണുന്നു. ഉയരെ തൂങ്ങിനിൽക്കുന്ന തൻെറ ശരീരം നേരെ താഴെനിന്നു് പലരും കണ്ടേക്കാമെന്നുള്ള ചിന്തയാണു്, അഥവാ, മൃതിയിലും മറക്കാത്ത മാനമാണു് ആ മഹിളയെ അപ്രകാരം ഒരപേക്ഷയ്ക്കു പ്രേരിപ്പിച്ചതെന്നു് പറയേണ്ടതില്ലല്ലോ.

സ്ത്രീകളുടെ ദേഹാഭിമാനത്തിനു് ഇവ തികഞ്ഞ തെളിവുകളാണെങ്കിലും പൊതുവേ കാണപ്പെടുന്ന മറെറാരു സംഗതികൂടി പറയേണ്ടിയിരിക്കുന്നു. പുരുഷന്മാരായ സന്യാസിമാർ സാധാരണ അർദ്ധനഗ്നതയേയും, വെറും നഗ്നതയേയും ഭയപ്പെടാറില്ല. അതിപുരാതനകാലം മുതൽതന്നെ നഗ്നതാപ്രസ്ഥാനം ഇന്ത്യയിൽ നിലവിലിരുന്നതായി കാണുന്നുണ്ടു്. അലക്സാണ്ടർ ചക്രവർത്തി ഇന്ത്യയിൽ വന്നപ്പോൾ ദണ്ഡിസ്വാമി എന്നൊരു നഗ്നസന്യാസിയെ കാണ്മാൻ ആഗ്രഹിച്ചു. ഇന്നും അനേകം ദിഗംബരസന്യാസികളെ ഇന്ത്യയിൽ കാണാം. നിർഗ്രന്ഥി സന്യാസത്തിൻെറ ലക്ഷണങ്ങളെ നമ്മുടെ ജ്യോതിഷത്തിൽ വിവരിക്കുന്നുമുണ്ടു്. എന്നാൽ ഇക്കൂട്ടത്തിലെങ്ങും സന്യാസിനിമാർ ഉണ്ടായിരുന്നതായി അറിവില്ല. ശ്രീരാമകൃഷ്ണൻ അർദ്ധ


The Kamala Homoeo Medical Stores & Dispensary,

PATHIYOOR, KEERIKKAD. A. O.

Branch; Kallickad, Thrikkunnapuzha. A. O.

ഇവിടെ എല്ലാവിധ ഹോമിയോ ഔഷധങ്ങളും മിതമായ വിലയ്ക്കു വില്പനയ്ക്കു തയ്യാറുണ്ടു്.

രോഗികൾ നിരാശപ്പെടേണ്ടാ. സമാധാനപൂർവ്വം സമീപിക്കുക.

ഡാക്ടർ, എസ്. രാമപ്പണിക്കർ OR ഡാക്ടർ. ആർ. പരമു.

കെ. എച്ച്. മെഡിക്കൽ സ്റ്റോഴ്സ് & ഡിസ്പെൻസറി പത്തിയൂർ, കീരിക്കാട്ടു് A. O.

കെ. എച്ച് ഡിസ്പെൻസറി; (ബ്രാഞ്ചു്) കള്ളിക്കാട്ടു്, തൃക്കുന്നപ്പുഴ A. O.

നഗ്നനായിരിക്കുമ്പോൾ ശാരദാമണിദേവി ആകെപ്പുതച്ചു മൂടിയിരിക്കുന്നതു കാണാം. ദിഗംബരകളായ സന്ന്യാസിനിമാർ ഉണ്ടായിരുന്നില്ലെന്നല്ലാ അവരുടെ ശതമാനം ഏററവും കുറവായിരുന്നു എന്നാണു് മനസ്സിലാക്കാനുള്ളതു്.

ഇതിനു് ഒരു കാരണമേയുള്ളു. ദേഹാഭിമാനം, അഥവാ മൃതിയിലും മറക്കാത്ത മാനം. സ്ത്രീകൾക്കു് മോക്ഷം ലഭിക്കാൻ പുരുഷന്മാരേക്കാൾ പ്രയാസമാണെന്നും, അതിനാൽ പുരുഷനായിത്തന്നെ ജനിക്കണമെന്നും പറയുന്നതിനു് ഒരു മഹത്തായ കാരണം സ്ത്രീകൾക്കു് ദേഹാഭിമാനം ഏററവും വർദ്ധിച്ചിരിക്കുമെന്നുള്ളതാണു്. ഈശ്വരനെ ലക്ഷീകരിച്ചിട്ടുള്ള ചിന്തക്കിടയിൽ ദേഹാഭിമാനം നമ്മെ ലക്ഷ്യത്തിൽ നിന്നു പിന്നോക്കം തള്ളുന്നു. ദേഹത്തെപ്പററിയുള്ള ചിന്തക്കിടയിൽ ഈശ്വരാഭിമുഖമായ ഏകാഗ്രത എങ്ങനെയുണ്ടാകും? ഏകാഗ്രത മാത്രമാണു് ഈശ്വരസാക്ഷാത്ക്കാരത്തിനുള്ള മാർഗ്ഗം എന്നിരിക്കെ ദേഹചിന്ത അതിനെ നശിപ്പിക്കുന്നു. അതിനാൽ ദേഹാഭിമാനം കൂടുതലുള്ള സ്ത്രീകൾക്കു് ഈശ്വരസാക്ഷാത്ക്കാരം പുരുഷന്മാരേക്കാൾ അത്യന്തം ശ്രമാവഹമായി കലാശിക്കുകയും ചെയ്യുന്നു.

ശ്രീകൃഷ്ണഭക്തകളായ ഗോപികമാരെ ഇ[ൗ] അപായത്തിൽ നിന്നും രക്ഷിക്കേണ്ടതു് ഭക്തവത്സലനായ ഭഗവാന്റെ കടമയാണല്ലോ. പാഞ്ചാലി ദുശ്ശാസനന്റെ അതിക്രമം സഹിക്കാൻ വയ്യാതെ ഒരു കൈ കൊണ്ടു് മടിക്കുത്തിൽ ദൃഢമായി പിടിച്ചും മറേറ കൈകൊണ്ടു തലയിലടിച്ചും നിലവിളിച്ചപ്പോൾ ഭഗവാൻ അനങ്ങിയില്ല. ഒടുവിൽ തീരെ നിവൃത്തിയില്ലാതെ, മറെറാരു ഗതിയുമില്ലാതെ, ഭഗവാനെത്തന്നെ ശരണമാക്കിക്കൊണ്ടു് രണ്ടു കൈകൊണ്ടും തലയിലടിച്ചു തുടങ്ങിയപ്പോൾ അദ്ദേഹം അവളുടെ സങ്കടത്തിനു ഉടനടി പരിഹാരമുണ്ടാക്കി. ഒരു കൈകൊണ്ടു മടിക്കുത്തിൽ പിടിച്ചിരുന്നിടത്തോളം കാലം അവൾ പകുതി ഭഗവാനെയും, പകുതി തന്റെ ശക്തിയേയും ഏകകാലത്തിൽ ശരണീകരിച്ചു. ഇതു് ഏകാഗ്രതയില്ലായ്മക്കു് ഉദാഹരണമാണു്. നേരമറിച്ചു് മടിക്കുത്തൊഴിഞ്ഞാലും ഈശ്വരൻ തന്നെ ശരണമെന്നു് കരുതിയപ്പോൾ ഏകാഗ്രതപൂർണ്ണമാകുകയും ഭഗവാൻ അവളെ ശ്രദ്ധിക്കുകയും ചെയ്തു. ഗോ


# ജയച്ചന്ദ്രാ മിൽസ്സ്

## കായംകുളം.

എല്ലാത്തരം ധാന്യങ്ങളും വൃത്തിയായും, കൃത്യ സമയത്തും പൊടിച്ചു കൊടുക്കപ്പെടും.

**N. B.** അരിയും തവിടും മററും കിട്ടുന്നതിനു വളരെ പ്രയാസമായിരിക്കുന്ന ഈ കാലത്തു പുളിയരി പൊടിച്ചു കന്നുകാലികളെ രക്ഷിക്കുന്നതിനു ഏക മാർഗ്ഗം ജയച്ചന്ദ്രാ മിൽസ്സ് ഗ്രൈൻറർ ആകുന്നു.

താമസിയാതെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വെളിച്ചെണ്ണ വ്യവസായത്തെ പ്രതീക്ഷിപ്പിൻ.

**PROP: A. G. SHENAI.**

പികാവസ്ത്രാപഹരണത്തിലും അന്തർഭവിച്ചിരിക്കുന്ന തത്വം ഇതുതന്നെയാണ്. ഭക്തിയിൽ ഏകാഗ്രത പ്രാപിക്കാൻ ഉൽക്കടമായി ശ്രമിച്ചിരുന്ന ഗോപികമാർക്ക് ഒരു വിഘ്നമായിത്തീർന്നുപോയ ദേഹാഭിമാനത്തെ ശ്രീകൃഷ്ണൻ തകർക്കുക മാത്രമാണ് ഗോപികാവസ്ത്രാപഹരണം കൊണ്ട് സാധിച്ചതു്.

ഇതിൽനിന്നു് ഒരു കാര്യം പ്രത്യേകം മനസ്സിലാക്കാനുണ്ട്. ഈശ്വരനെ സാക്ഷാത്കരിക്കണമെങ്കിൽ നാം സകല അഭിമാനങ്ങളെയും കളഞ്ഞു്, അദ്ദേഹത്തെ മാത്രം ധ്യാനിക്കണം. ഈ ധ്യാനം എത്രത്തോളം സഫലമായെന്നറിയുന്നതു് സകലതിനെയും, ഒടുവിൽ ദേഹത്തെപ്പോലും മറക്കാൻ എത്ര മാത്രം കഴിവുണ്ടെന്നുള്ളതുകൊണ്ടാണ്. സ്വന്തം ദേഹം പോലും വിസ്മരിച്ച് ഈശ്വരനെ ധ്യാനിക്കാൻ കഴിവുള്ളവർ ഭാഗ്യവാന്മാർ തന്നെ. എന്തെന്നാൽ അങ്ങനെയുള്ളവർക്ക് ഈശ്വരശക്തികൾ സ്വായത്തമായിത്തീരുന്നു. ലോകം അവരെ ഈശ്വരതുല്യം ബഹുമാനിക്കയും, പൂജിക്കയും, അനുസരിക്കയും ചെയ്യുന്നു. എന്നാലും അവർക്ക് ഇതിന്റെയൊന്നും ആവശ്യം ഉണ്ടായിരിക്കയുമില്ല.


## ബാങ്കിൽ നിന്നും വായ്പ വാങ്ങുന്നവർ

ഒരു ബാങ്കു വായ്പ കൊടുക്കുന്ന പണം അതിലെ നിക്ഷേപകരുടെ വകയാണ്. ആ പണം ഭദ്രമായി സൂക്ഷിക്കുക ബാങ്കിന്റെ പ്രഥമകർത്തവ്യമാണ്. ഒരു ബാങ്കിലെ നിക്ഷേപകരുടെ താല്പര്യങ്ങളെ അപകടത്തിലാക്കുന്ന തരത്തിലുള്ള യാതൊരു വായ്പകളും അതു കൊടുക്കരുതു്.

ഇതാണ് വായ്പ സംബന്ധിച്ച് ഈ ബാങ്ക് സ്വീകരിച്ചിട്ടുള്ള നിബന്ധനകളും മുൻകരുതലുകളും കർശനമായിരിക്കുന്നതിന്റെ യഥാർത്ഥ കാരണം. ബാങ്കിലെ പണം വ്യാപാരികളുടെയും നിക്ഷേപകരുടെയും ആവശ്യങ്ങൾക്കു ക്ഷണത്തിൽ പ്രയോജനപ്പെടത്തക്കവിധം എപ്പോഴും വന്നും പോയും നിൽക്കണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. ഇതുമൂലം ബാങ്കും വായ്പക്കാരുമായുള്ള ബന്ധം കൂടുതൽ സൗഹാർദ്ദപരമായിരിക്കുന്നതുമാണ്.

## ട്രാവൻക്കൂർ ഫോർവേഡ് ബാങ്ക്

ഹെഡാഫീസ് - കോട്ടയം. (ക്ലിപ്തം)

ബ്രാഞ്ചുകൾ:— ആലുവാ, കായംകുളം, തിരുവല്ലാ, തിരുവനന്തപുരം

## സനാതനി വൈദ്യശാല.

ഹെഡാഫീസ്: - കുറപ്പുംപടി.

ബ്രാഞ്ചുകൾ:— മാതിരപ്പിള്ളി, കോതമംഗലം, പുത്തൻകുരിശു്.

വൈദ്യൻ, പി. എൻ. ദാമോദരൻ നമ്പൂതിരി.

ആയുർവേദവിധിപ്രകാരം തയ്യാർ ചെയ്തിട്ടുള്ള എല്ലാവിധ ഔഷധങ്ങളും ഇവിടെ കിട്ടുന്നതാണ്. ഞങ്ങളുടെ "നരസിംഹ"രസായനം സേവിച്ചു അവയവങ്ങളെ നവീകരിപ്പിൻ!



# രണാങ്കണത്തിലേക്ക്.

(ഏവൂർ, ഈ. കെ. നമ്പൂതിരി)

പോകയാണുഞാനോമനേ, മമ
മാതൃസേവനാസക്തനായ്
ഒത്തുപോകുവാനിഷ്ടമെങ്കിൽ നാ-
മൊത്തണയണം പോർക്കളം
അത്യനർഘമാരംഗമോർത്തോർത്തു
നൃത്തമാടണമുൾക്കളം
നിത്യനിർവാണമേകുമാരംഗം
മെത്തിനോക്കിയതാരങ്ങൾ,
ഭാരതാംബരവീഥിയിലൊരു
വാരൊളിക്കതിർ വീശണം
പോയിടാം നമുക്കൊത്തുചേർന്നിന്നു
പോർക്കളത്തിലേക്കോമലേ!
എന്തുസന്താപകാരണം പ്രിയേ!
ചെന്തളിർമുഖം വാടുവാൻ
എന്തുഭീതിയിതെന്തുഭീതി നി-
ന്നന്തരംഗം തുടിക്കുവാൻ
അത്തലെന്തിനെന്നുത്തമേവേഗ-
മെത്തണം രണഭൂമിയിൽ

മാതൃസേവനം ഭ്രാതൃസേവനം
ഭാരതീയർതൻ ജീവനം.
ഒത്തുപോയിടാമോമനേ നമു-
ക്കൊത്തുചേർന്നടരാടിടാം
ഘോരദാരിദ്ര്യവഹ്നിയിൽ വീണു
ചാരമാകും സഹജരേ,
ത്രാണനം ചെയ്തു മുക്തിനേടുവാൻ
ഏണലോചനേ പോയിടാം
ദിവ്യസ്വാതന്ത്ര്യസുപ്രഭാതത്തിൽ
ഭവ്യദീപ്തിയൊന്നേൽക്കണം

* * * * *

അപ്രഭാതത്തിലോമലേ നീയെ-
ന്നുൾപ്പുളകമായ് മാറണം
കാമമെന്നിൽ വിതയ്ക്കുവാനൊരു
പ്രേമസംഗീതമാകണം.
ഒത്തുപോയിടാമോമലേ നമു-
ക്കൊത്തു ചേർന്നടരാടിടാം.

---

തനി സ്വർണ്ണം പൊതിഞ്ഞ
ആഭരണങ്ങൾ

വില കൂടുതലെങ്കിലും ഒന്നാംതരം ആഭരണങ്ങൾ രേഖാമൂലമായ ഉത്തരവാദിത്വത്തിൽ കിട്ടുന്നതാണ്.

ക്യാററ്ലോഗിനു നാലണ സ്റ്റാമ്പുസഹിതം
അപേക്ഷിപ്പിൻ.

ഏജന്റന്മാരെ ആവശ്യമില്ല. ഏജൻസികൾ സ്വീകരിക്കയില്ല. എല്ലാ വിവരങ്ങൾക്കും കമ്പനിയിൽ നേരിട്ട് എഴുതി അറിയുക.



MILLION & CO.,
ROLD GOLD JEWELLERS,
KOTTAYAM: TRAVANCORE.

# WHEN IN TRIVANDRUM

PLEASE VISIT

# Sree NARASIMHA Vilas.

A fine rest house in the city. Situated south of Huzur Cutcherry.

(Belongs to Alleppey Anantanarayanapuram Thuravoor Tirumala Devaswom.)

Rooms available with electric lights and up-to-date furniture. All comforts attended to.

K. Nagendra Prabhu

PRESIDENT

A. A. T. T. D. COMMITTEE.



## (തകഴി ശിവശങ്കരപ്പിള്ള)

ഒരു കേസു കൊടുക്കണം. അതിനാണവർ വന്നിരിക്കുന്നതു്.

ആ പെണ്ണിനു ഒരു പതിമ്മൂന്നു, പതിന്നാലു വയസ്സു പ്രായം തോന്നിക്കും. വെളുത്തു മെല്ലിച്ച ശരീരം. ധാരാളം തലമുടികെട്ടുണ്ടു്. ആ പ്രായത്തിലുള്ള ഒരു പെണ്ണിന്റെ പുതുമയും നൈർമ്മല്യവും അവൾക്കില്ല. അതിൽ കൂടുതൽ പ്രായം അവൾക്കുണ്ടെന്നു് അവളുടെ കണ്ണിൽ നോക്കി അറിയാം. അവൾ കുറെ കണ്ടവളാണു്.

മാവേലിക്കര എവിടയോ ആണു് അവരുടെ ദേശം. ആ വൃദ്ധനു് ആറു ആൺമക്കളുമുണ്ടായിരുന്നു. ഒരു ദിവസം കൊണ്ടു് കാളറാ പിടിച്ചു എല്ലാം തീൎന്നു. നാട്ടിൽ കിടന്നു തെണ്ടാനുള്ള മടികൊണ്ടു് മകളുമായി ആലപ്പുഴ വന്നു. ഏതോ ഒരു വലിയ വീട്ടിലെ അരിവപ്പുകാരൻ അവളെ കല്യാണം കഴിച്ചുവത്രേ. രണ്ടു കൊല്ലം അങ്ങിനെ കഴിഞ്ഞു. അവൻ ഉപേക്ഷിച്ചു. അവന്റെ മേൽ കേസു കൊടുക്കണം.

ഇതൊരു സാധാരണ കഥ മാത്രമാണു്.

"നിങ്ങൾ ഇപ്പോൾ എവിടെ താമസിക്കുന്നു?" ഞാൻ ചോദിച്ചു.

"ചന്ദനക്കാവിലു് ഒരു യജമാനൻ അദ്ദേത്തിന്റെ പറമ്പിലു് ഒരു കൊച്ചു പെര വച്ചു തന്നു. ഒന്നും വാടക കൊടുക്കണ്ട. വല്ലതുമൊക്കെ ചെലപ്പം തരികേം ചെയ്യും." വൃദ്ധൻ പറഞ്ഞു.

"കഴിയുന്നതോ?"

"ദൈവം കഴിപ്പിക്കുന്നങ്ങത്തെ! എനിക്കു വയസ്സു് എമ്പതായി. ഇപ്പം ആക്കും എന്നെ ഒരു ജോലിക്കും വേണ്ടാ. എനിക്കൊന്നും ചെയ്യാനും മേല. ആ ദ്രോഹി വന്നു കൂടിയപ്പം ഞാൻ വിചാരിച്ചു എന്റെ കുഞ്ഞിനൊരാളൊണ്ടല്ലോന്നു്. എന്റെ കുഞ്ഞിനാരുമില്ല. എനിക്കു് എമ്പതായി. ആ യജമാനൻ ഒരു ദയവുള്ള ആളാ! അദ്ദ്യത്തിനു ദൈവം സഹായിക്കും. കൊച്ചമ്മ അറിയാതേം അറിഞ്ഞുമൊക്കെ വല്ലോം തരും. അങ്ങനെ കഴിയുവാ അങ്ങത്തെ."

ഞാൻ ഒരന്യായത്തിന്റെ നക്കൽ എഴുതി വായിച്ചു കേൾപ്പിച്ചു. അയാൾ തുള്ളിച്ചാടിപ്പോയി. അയാൾ മകളോടു പറഞ്ഞു.

"കേളു്. കേളുമോളേ! അവൻ നിന്റെ കാൽക്കൽ വീഴും"

പ്രതിമാസം ആറു രൂപാ വീതമാണു ചോദിച്ചിരുന്നതു്. അതു മതിയെന്നയാൾ സമ്മതിച്ചു. വായിച്ചുകഴിഞ്ഞതപ്പോഴേക്കും അയാൾ പറഞ്ഞു.

"ആവൂ! ഇനി എനിക്കു സമാധാനത്തോടെ ചാകാം."

"എന്താ അതു്?" ഇദംപ്രഥമമായി അവൾ ചുണ്ടനക്കി.

"നിന്റെ കാൎയ്യം എല്ലാം ശരിയായി."

"എങ്ങിനെ?"

"ഈഹർജി—യജമാനന്റെ കാൽക്കൽ വീണു തൊഴു്."

അവളുടെ അധരങ്ങൾ ഒരു ക്ഷണം ഒരു വല്ലാത്ത ചിരികൊണ്ടു വക്രച്ചിതായി എനിക്കു തോന്നി.

കൂടെക്കൂടെ അയാൾ എന്റെ ആഫീസിൽ വന്നുകൊണ്ടിരുന്നു. വരുമ്പോഴെല്ലാം

ഇനിയും സമാധാനമായി എനിക്കു ചാകരുതോ എന്നായാൾ ചോദിക്കാറുണ്ടായിരുന്നു. സാധുമനുഷ്യൻ! അന്യായം കൊടുത്തുകൊണ്ടു മകളുടെ സ്ഥിതി സുരക്ഷിതമായി എന്നായാൾ വിശ്വസിച്ചു. ആ വിശ്വാസത്തെ ഞാൻ ഇളക്കാനും പോയില്ല.

ഒരു ദിവസം അയാൾ ചോദിച്ചു.

“അടുത്ത മാസം മുതൽ അവൾക്കു ചെലവിനു കിട്ടുമോ?”

“ഇല്ല” എന്നു മാത്രം ഞാൻ മറുപടി പറഞ്ഞു.

പ്രതി അടുത്ത അവധിക്കു തന്നെ ഹാജരായി. അയാൾ വിവാഹം നിഷേധിച്ചു. തന്നെയുമല്ല അവൾ ദുർവൃത്തിയിൽ കഴിയുന്നു എന്നും തർക്കിച്ചു.

അതു് അപ്രതീക്ഷിതമായിരുന്നു. വൃദ്ധനു ഭ്രാന്തു പിടിച്ചതുപോലെ തോന്നി. അയാൾ അവനെ കൊന്നുകളയുമെന്നു പറഞ്ഞു. പക്ഷേ അവൾ ഒരു പ്രശ്നം പോലെ നിർവികാരയായി നിന്നു. അവൾക്കു ഒന്നും തന്നെ പറയുവാനില്ല, പറഞ്ഞുമില്ല. അതൊക്കെ കാലേക്കൂട്ടി അവൾക്കറിയാമായിരുന്നു. ഒരു പക്ഷെ അവന്റെ തർക്കങ്ങളെല്ലാം ശരിയായിരിക്കാം എന്നു പോലും അവളുടെ മുഖത്തു നോക്കിയപ്പോൾ എനിക്കു തോന്നി.

എന്റെ ആഫീസിൽ വച്ചു് ആ വൃദ്ധൻ അവരുടെ വിവാഹജീവിതത്തെക്കുറിച്ചു വളരെ കഥകൾ പറഞ്ഞു. അവൻ അവളുടെ ദൈവമായിരുന്നു; അവനു് അവൾ ജീവനമായിരുന്നു.

“എന്റെ അങ്ങത്തെ! അന്നു ഞാനോർത്തു എന്റെ കുഞ്ഞു സുഖമായിരിക്കുന്നാ കണ്ടോണ്ടു് ചാകാമെന്നു്. അവനു് അവളെ വിളിക്കാൻ ഓമനപ്പേരുമുണ്ടായിരുന്നു. അവനു സ്നേഹമുണ്ടായിരുന്നു” അയാൾ പൊട്ടിക്കരഞ്ഞു പോയി.

അഗാധമായ നിശ്ശബ്ദതയുടെ അടിത്തട്ടിൽ നിന്നെന്നപോലെ ഒരു ശബ്ദം അവളുടെ അധരങ്ങളിൽ കൂടി പുറത്തു വന്നു.

“ഇല്ല?.”

“ഇല്ലേ?” വൃദ്ധൻ ചോദിച്ചു. അവൾ ഒന്നും മറുപടി പറഞ്ഞില്ല.

ഈ സമയം എന്റെ ഗുമസ്ഥൻ എന്തോ ആവശ്യത്തിനു വൃദ്ധനെ അങ്ങോട്ടു വിളിച്ചു.


# THE PRESIDENCY BANK LIMITED

## Kottayam.

*Incorporated in Travancore with limited liability.*

| | | | |
|---|---|---|---|
| Authorised Capital | ......... | ......... | Rs. 3,00,000 0 0 |
| Issued & Paid up | ......... | ......... | Rs. 59,550 0 0 |
| Reserve Fund | ......... | ......... | Rs. 21,279 9 2 |
| Total Resources (as on 30th June, 1943) | | | Rs. 6,79,681 13 8 |

BANKING BUSINESS OF EVERY DESCRIPTION UNDERTAKEN.

FIXED DEPOSITS received for 6, 12, & 24 months at 5%, $5\frac{1}{2}$%, & $6\frac{1}{2}$% respectively

Chairman. **S. P. Sankara Iyer, B. A. & B. L.**
Banker, Alleppey.

Managing Director.
**S. P. Narayana Iyer.**

S. VELUKKUTTY PILLAY,

Hardware Merchant, KAYAMKULAM.

ഇരുമ്പു സാധനങ്ങൾ, കൂടിയ തരം പെയിന്റുകൾ, വാർണീഷ്കൾ, എനാമലുകൾ, മുതലായവ മിതമായ വിലക്കു് വിൽക്കപ്പെടും.

A TRIAL ORDER WILL CONVINCE YOU.

എസ്. വേലുക്കുട്ടിപ്പിള്ള.

ഇരുമ്പു വ്യാപാരം, കായംകുളം.

ഞാൻ അവളെ സൂക്ഷിച്ചു നോക്കി. ഒരു വികാരത്തെയും ആ മുഖം സൂചിപ്പിച്ചില്ല. അതു് അത്ഭുതകരമായിരുന്നു. തീർച്ചയായും ഒരുഭാര്യ അവൾ ദുഷിച്ചവളാണെങ്കിൽ തന്നെയും ഇങ്ങിനെ നിർവ്വികാരയായിരിക്കുകയില്ല.

ഒരു പക്ഷേ കാലം അവളുടെ വികാരങ്ങളെ തണുപ്പിച്ചായിരിക്കാം. എങ്കിലും ഈ ചെറുപ്രായത്തിൽ,അല്പകാലത്തിനിടയ്ക്കു, വിവാഹവും, ആനന്ദവും വേർപാടും എല്ലാം സ്വപ്നംപോലെ തീർന്ന സ്ഥിതിക്കു് ഒരു നെടുവീർപ്പെങ്കിലും ഉയരുകയില്ലേ? ഒരു തുള്ളി കണ്ണീരെങ്കിലും അടരുകയില്ലേ? ആദ്യമായി തന്നെ സ്പർശിച്ച പുരുഷനെ ഒരു സ്ത്രീക്കു മറക്കാൻ കഴിയുമോ? ആ തരുതരുപ്പു അടങ്ങുമോ? അവനെ അവൾക്കു വെറുക്കാനും കഴിയുന്നില്ലന്നോ!

ഞാൻ ചോദിച്ചു:-

“നീ അയാളെ സ്നേഹിച്ചിരുന്നോ?”

ഒരു ക്ഷണം അവൾ ഒന്നും പറഞ്ഞില്ല.

“ഉവ്വ്”

അവൾ എന്റെ മുഖത്തു ദൃഷ്ടി ഉറപ്പിച്ചു.

“പിന്നെ, അയാൾ നിന്നെ സ്നേഹിച്ചില്ലേ?”

അതിനുത്തരമുണ്ടായിരുന്നില്ല.

“അയാളുടെ പെരുമാററം ക്രൂരമായിരുന്നോ?”

“അല്ല”

“ദയാപൂർവ്വകമായിരുന്നോ?”

“അല്ല”

“അയാൾ ദുസ്സ്വഭാവിയായിരുന്നോ?”

ഉത്തരമില്ല.

“വല്ല സ്ത്രീകളുമായി നിയമവിരുദ്ധമായി—”

“ഇല്ല”

“ഇതൊന്നുമില്ലെങ്കിൽ—നീ അയാളെ വഞ്ചിച്ചോ”

ഞാൻ കരുതിക്കൂട്ടിച്ചോദിച്ചതാണതു്. അവൾ നടുങ്ങിപ്പോയി. ഒരു കള്ളന്റേതുപോലെ അവളുടെ നയനങ്ങൾ സംശയംകൊണ്ടു ഉരുണ്ടു.

“നീ സത്യസന്ധതയോടെയാണോ പെരുമാറിയതു്?” ഞാൻ തുടന്നു ചോദിച്ചു.

അവൾ ഉത്തരം പറയാതെ ഇറങ്ങിപ്പോയി.

പാവം പെണ്ണു്! അവൾക്കു് അറിയപ്പെട്ടതിൽനിന്നും അന്യമായ ഒരു ജീവിതമായിരിക്കാം ഉണ്ടായിരുന്നതു്. അച്ഛനറിഞ്ഞ ജീവിതവും വിഭിന്നമായ ഒന്നായിരുന്നിരിക്കാം. അവൾക്കു ചിരി നഷ്ടപ്പെട്ടുപോയി. കരച്ചിലുമില്ല. എന്തെല്ലാമൊക്കെയാ അവൾ ജീവിതത്തെക്കുറിച്ചു് അറിഞ്ഞു കാണും.

അവളുടെ അച്ഛൻ ഹൃദ്യമായ ഒരു വിവാഹജീവിതത്തെക്കുറിച്ചു പറഞ്ഞതെല്ലാം ഞാൻ ഓത്തു. ഒന്നും വിശ്വസിക്കാൻ വയ്യ.

കേസിന്റെ അവധികൾ വീണ്ടും കഴിഞ്ഞു. സാക്ഷിപ്പട്ടിക കൊടുക്കണമായിരുന്നു.

വിവാഹത്തിനു് സംബന്ധിച്ചു മൂന്നുനാലു പേരുടെ പേരുവേണമെന്നു ഞാൻ ആവശ്യപ്പെട്ടു. അയാൾ പറഞ്ഞുതന്നു. അന്നു പോകാൻ നേരത്തു് അയാൾ അപ്പോഴത്തെ ദയനീയമായ അവരുടെ സ്ഥിതിയെക്കുറിച്ചു വിവരിച്ചു. മിക്കവാറും പട്ടിണിയാണു്. ഫീസു ശരിക്കു കിട്ടാത്തതുകൊണ്ടു് ഞാൻ കേസു ശരിക്കു നടത്തുകയില്ലേ എന്നായാൾ ഭയപ്പെട്ടിരുന്നു എന്നു തോന്നുന്നു. അടുത്ത അവധിക്കു കുറെ പണം കൊണ്ടുവരാമെന്നായാൾ വാഗ്ദാനം ചെയ്തു.

ഒരു പക്ഷത്തിനുശേഷം അവധിദിവസം അവർ വന്നു. വൃദ്ധൻ എല്ലും തൊലിയും മാത്രമായി തീർന്നിരുന്നു. അവളും ക്ഷീണിച്ചിട്ടുണ്ടു്. ആദ്യമായി വൃദ്ധൻ തൊഴുകൈയ്യോടെ പണം കൊണ്ടുവരാൻ കഴിഞ്ഞില്ലെന്നു പറഞ്ഞു.

"അതിനെക്കുറിച്ചു വ്യാകുലപ്പെടേണ്ട" എന്നു ഞാൻ പറഞ്ഞു.

"ദൈവം രക്ഷിക്കും" വൃദ്ധൻ കരഞ്ഞു "ദൈവം രക്ഷിക്കും. ഒരു വയസ്സന്റെ വിളി ദൈവം കേൾക്കും. ഞങ്ങൾ ഇപ്പോൾ തെരുവിലാ യജമാനേ! അദ്ദേഹവും അദ്ദേഹത്തിന്റെ കൊച്ചമ്മയും തമ്മിൽ പിണങ്ങി. കൊച്ചമ്മ അവിടുന്നു് ഇറങ്ങിപ്പോണമെന്നു പറഞ്ഞു.

"അതെന്താണു്?" ഞാൻ ചോദിച്ചു.

"എന്തോ! ഞങ്ങടെ കഷ്ടകാലം. ഒന്നും ഞങ്ങൾ അറിഞ്ഞു ചെയ്തില്ല. ഞങ്ങടെ കാലം. കൊച്ചമ്മ എന്നെ തല്ലാൻ വന്നു. ഒരു പാടു ചീത്തയും പറഞ്ഞു എന്റെ കുഞ്ഞിന്റെ മുഖത്തു കാക്കിച്ചു തുപ്പി. അവളെ ചൂലുകൊണ്ടടിച്ചു. ഞങ്ങളൊന്നും ചെയ്തില്ല"

"വെറുതെയോ? അതെങ്ങിനെ?" ഞാൻ തുടന്നു ചോദിച്ചു. വൃദ്ധനു ഒരു കാരണവും പറയാനില്ല.

"അദ്ദേഹത്തിന്റെ നില എന്താണു്?"

"അദ്ദേഹം വലിയ കൃപയാണു്. എന്നെ തല്ലാൻ വന്നപ്പം അദ്ദ്യം തടഞ്ഞില്ലെങ്കിൽ അവരു് എന്നെ കൊന്നേനെ. പക്ഷേ അദ്ദ്യത്തിനു അവരെ പേടിയാ· ഇന്നലേം അദ്ദ്യം അര രൂപാ തന്നു."

അവൾ അസ്വസ്ഥയാകുന്നതുപോലെ തോന്നി.

വൃദ്ധൻ അങ്ങോട്ടേങ്ങോ മാറിയപ്പോൾ ഞാൻ അവളോടു ചോദിച്ചു.

"ഈ ഗൃഹകലഹത്തിനു കാരണം?"

"എനിക്കറിഞ്ഞുകൂടാ"

"അറിഞ്ഞുകൂടേ?" എന്റെ സ്വരം അത്ഥവത്തായിരുന്നു.

അവൾ മിണ്ടിയില്ല. ഞാൻ തുടന്നു ചോദിച്ചു.

"അതിൻറടിത്തട്ടിൽ നീയില്ലേ? അതു ശരിയാണോ?"

"ഏതു്?"

"നന്മക്കേ ദൈവം സഹായിക്കൂ. ഓത്തോ?"

"എന്റെ കാര്യത്തിൽ നിങ്ങളെന്തിനിടപെടുന്നു?" പെട്ടന്നു് അവൾ ചോദിച്ചു. ഞാൻ അതു് ഓത്തിരുന്നതല്ല.

അശ്വതിഭവൻ
[EST. 1098]
സവ്വസമ്മതമായ
ആയുവ്വേദഔഷധങ്ങൾ
വിദഗ്ദ്ധവൈദ്യന്മാർ,
സയുക്തികചികിത്സ.
മുഞ്ഞൂർ നാരായണ പിള്ള.
തിരുവല്ലാ.

S. P. PILLS.
12 എണ്ണം സേവിച്ചാൽ എത്ര ഭയങ്കര സിഫിലിസും ദ്രാവ്യകൊണ്ടു ഭേദപ്പെടുന്നു
M. A. ഫാർമസി & ഗ്രാൻറ് വൈദ്യശാല, കോട്ടയം.
വൈദ്യൻ K. K. ശേഖരൻ.

അടുത്ത അവധിദിവസം അവൾ മാത്രമേ വന്നുള്ളൂ. അവൾ ഒരു ചെറിയ പൊതി മേശപ്പുറത്തു വച്ചു. ഒരു രൂപയുടെ ചില്ലറ വരും.

"ഇതെന്തിനു്?" ഞാൻ സഹതാപപൂർവം ചോദിച്ചുകൊണ്ടു നീക്കിവച്ചു.

"എനിക്കു നിങ്ങളുടെ പണം വേണമെന്നില്ല."

"ഇതേ എനിക്കു കിട്ടിയുള്ളൂ"

"അതെ, അതുകൊണ്ടാണു് ഞാൻ വേണ്ടെന്നു് പറഞ്ഞതു്. ഇതു എങ്ങിനെ ഉണ്ടാക്കിയെന്നുകൂടി അറിവാൻ എനിക്കു കഴിയും."

"എങ്ങിനെ? എങ്ങിനെ?"

അവൾ പെട്ടെന്നു പൊയ്ക്കളഞ്ഞു.

കേസു മൂന്നുനാലു് അവധികൾകൂടി കഴിഞ്ഞു. ഒരു ദിവസം ഞാൻ എന്റെ ആഫീസിൽ ഇരിക്കുമ്പോൾ അവൾ അവിടെ വന്നു. അവൾ വിളറിയിരുന്നു. എന്തോ ചില മാററവും ആകെക്കൂടി കാണാനുണ്ടായിരുന്നു.

"എനിക്കു ആ കേസു പിൻവലിക്കണം" അവൾ പറഞ്ഞു.

"എന്തിനു്?"

"എന്തിനങ്ങു് അതറിയുന്നു?" ഞാൻ അല്പം ഒന്നു പരുങ്ങി. അതിനു് എനിക്കു് ഉത്തരമില്ലായിരുന്നു.

"ഞാൻ നടത്തുന്ന കേസായതുകൊണ്ടു്" എനിക്കുത്തരം ലഭിച്ചു.

"അതു് നീ ജയിക്കുകയും ചെയ്യും"

അവൾ നന്ദിപൂർവം പൊട്ടിച്ചിരിച്ചു. ആ കൊച്ചു പെണ്ണല്ല അവൾ. ഒരു സ്ത്രീയായി വളർന്നു എന്നു തോന്നി.

"ഇല്ല, ഞാൻ ജയിക്കയില്ല" അവൾ പറഞ്ഞു.

"പണമില്ലായ്കയാലാണോ അങ്ങിനെ തോന്നുന്നതു്?"

"ആണെങ്കിൽ??

"നീ വിഷമിക്കണ്ട."

"അങ്ങു് ചെലവാക്കുമോ?"

"വേണ്ടിവന്നാൽ ചെലവുചെയ്യും"

ഒരു ക്ഷണം കഴിഞ്ഞു് അവൾ പറഞ്ഞു.

"ഞാൻ ജയിക്കയില്ല. അയാളുടെ തക്കങ്ങൾ ശരിയാണെന്നു കോടതി പറയും"

"എങ്ങിനെ?"

"അതങ്ങക്കറിയാറാകും"

"എന്നു വച്ചാൽ?"

അവൾ എന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. അവൾ ചോദിച്ചു.

"മനസ്സിലായില്ലേ? എന്നെ കണ്ടിട്ടും മനസ്സിലായില്ലേ?"

"ഇല്ല"

"എന്റെ വൃത്തികേടുകളെല്ലാം അറിയാമായിട്ടു്—ഞാൻ അതെല്ലാം വിവരിക്കണമല്ലേ? എന്നിട്ടു അതുകേട്ടു സുഖിക്കണം, അല്ലേ?"

"നീ പറയുന്നതു എനിക്കു മനസ്സിലാകുന്നില്ല"

"എന്റെ കാര്യങ്ങളിൽ ഇത്ര താല്പര്യമെന്താണു്?"

**GEORGE BROTHERS,**
**KAYAMKULAM.**
Wholesale Druggists
and
Dispensing Chemists.
The Cheapest house for Patent Medicines, Drugs, Infants' and Invalids' foods, Surgical and SUNDRY GOODS.
ജോർജ്ജ് ബ്രദേഴ്സ്, കായംകുളം.

**Consult for your Homeopathic Requirements.**
Dr. G. N. UNNITHAN. M. D. H.
Royal Homeo Dispensary Mavelikara.
Treating Venereal Diseases A Speciality.

എൻ. വീരഭദ്രൻ ആശാരി

സ്വർണ്ണവ്യാപാരം — കായംകുളം.

ഇവിടെ എല്ലാവിധമായ ആഭരണങ്ങളും മിതമായ വിലയ്ക്കു കിട്ടുന്നതും വിശിഷ്യാ ഏററവും പരിഷ്കൃതമായ രീതിയിലും മിതമായ ചാർജ്ജിലും കൃത്യസമയത്തും ആർഡർ അനുസരിച്ച് ചെയ്തു കൊടുക്കുന്നതുമാണ്. ഒരിക്കൽ പരീക്ഷിച്ചു സംതൃപ്തി അടയുവിൻ.

എസ്. എൻ. ജി. എസ്. ആയുർവേദ ഫാർമസി.

പുല്ലുകുളങ്ങര കിഴക്കുവശം,
കീരിക്കാട്ട് തെക്ക്, കായംകുളം.

അത്യാർത്തവം, ആർത്തവാഭാവം, വിഷമാർത്തവം, വികൃതാർത്തവം, അസ്ഥിസ്രാവം മുതലായ പുരാതനങ്ങളായ ഗർഭാശയരോഗങ്ങളെ ഉന്മൂലനം ചെയ്യുവാൻ പര്യാപ്തവും അത്ഭുതപൂർവ്വവും സഫലകരവും സദാപി ആരോഗ്യസന്ദായകവും, അനുഭവവേദ്യവും, ക്ലേശഭൂയിഷ്ഠമായ ജീവിതരംഗങ്ങളിൽ നിന്നു കര കയറുവാനുമുള്ള ഒരു വിമൻസ് ഫഹാടോണിക്ക് ഇതാ തയാറായിരിക്കുന്നു.

24 ഔൺസ് കുപ്പിക്ക് 3 രൂപാ 8 ണ മാത്രം. കൂടാതെ വിദേശീയൗഷധങ്ങളെക്കാൾ അനേകങ്ങളായ എല്ലാ ആയുർവ്വേദ ടോണിക്കുകളും മിതമായ വിലയ്ക്കു വിൽക്കപ്പെടുന്നതാണ്. ഉടൻ അപേക്ഷിക്കുക.

എന്ന്, എൻ. കേശവൻ വൈദ്യൻ.

"ഞാൻ സഹതപിക്കുന്നു."

"സഹതാപം! സഹതാപം! മതി! വളരെ യോഗ്യന്മാർ സഹതപിക്കുന്നെന്നു പറഞ്ഞു് എന്നെ ചുംബിച്ചു. എട്ടും പത്തും അണകളും തന്നു. വളരെയൊക്കെ വാഗ്ദാനങ്ങളും ലഭിച്ചു. ആ നിമിഷത്തിൽ എല്ലാം കേൾക്കാം. ആ ദയയുള്ള യജമാനൻ, എനിക്കു താമസിക്കാൻ സ്ഥലം തന്നതു്— അടുത്താണെങ്കിൽ സൗകര്യമായല്ലോ എന്നു വച്ചാണ്. എൻെറ ഭർത്താവിനെ ഓടിക്കാൻ ആവശ്യപ്പെട്ടു. എനിക്കെല്ലാം തരാമെന്നു പറഞ്ഞു. ഞാൻ വിശ്വസിച്ചു. ഇപ്പോൾ ഞാൻ ഗർഭിണിയായപ്പോൾ ഓടിച്ചു. മതി. അങ്ങയുടെ ദയയും എനിക്കറിയാം. ചീത്തയെങ്കിലും എനിക്കും മാനമുണ്ട്. ഞാൻ വ്യഭിചരിച്ചല്ലേ പണമുണ്ടാക്കുന്നതെന്നു് അങ്ങു ചോദിച്ചു. അങ്ങു പണം വേണ്ടെന്നു പറഞ്ഞതും എന്തിനെന്നു എനിക്കറിയാം. അങ്ങയുടെ ഇടപാടു ആഗ്രഹിക്കും പ്രകാരം ഞാൻ തീർക്കാം. അതിനു തയാറായി വന്നതാണ്. സഹതാപത്തിൻെറ പേരിൽ പററിക്കേണ്ടെന്നുമാത്രം."

ഞാൻ നടുങ്ങിപ്പോയി. "ഇറങ്ങ് പോ" എന്നു ഞാൻ അലറി. അവൾ പല്ലു കടിച്ചു കൊണ്ടു അമറി.

"പിമ്പന്നികൾ—അമ്പട!"

അവളുടെ മുഖത്തു കണ്ട വെറുപ്പ് അവർണ്ണ്യമായിരുന്നു. അവൾ ഇറങ്ങിപ്പോയി.

ഒരു മാസത്തിനു ശേഷം ഞാൻ ആഫീസിൽ ഇരിക്കുമ്പോൾ ഒരു ജനക്കൂട്ടം റോഡിൽ കൂടി പോകുന്നതു കണ്ടു. ജനക്കൂട്ടത്തിനു മുമ്പിൽ വിലങ്ങു വച്ചു് അവളെ രണ്ടു പോലീസുകാർ കൊണ്ടു പോകുന്നതു കണ്ടു. ഒരാളിനോടു ഞാൻ കാരണം ചോദിച്ചു. അതൊരു "ഭ്രൂണഹത്യ"യായിരുന്നു.

ആൾക്കൂട്ടത്തിനു പിന്നിൽ ആ വൃദ്ധൻ കടിച്ചു വെളിവു കെട്ടവനേപ്പോലെ പോകുന്നുണ്ട്. അയാൾ ചിരിക്കയും കരയുകയും ചെയ്യുന്നു.

"പാറൂ"

അത്യുച്ചത്തിലുള്ള ആ വിളി കേട്ടു അവൾ തിരിഞ്ഞു നോക്കി.

തയാറാവുന്നു

പ്രസിദ്ധീകരണത്തിനു്

**ഹൃദയാരാമം.**

ഗ്രന്ഥകർത്താ: കടവൂർ കുഞ്ഞുകൃഷ്ണപിള്ള.
പുനലൂർ.

ഭാവനാസമൃദ്ധവും, സരളമധുരവും, കാവ്യരസനിർഭരവുമായ സ്വച്ഛന്ദഗീതങ്ങളുടെ സമുച്ചയം.

**THE CHEAPEST HOUSE IN THE MARKET**

**Try once and be satisfied.**

All kinds of paper and stationary sold wholesale and retail.

എല്ലാത്തരം കടലാസുകളും, സ്റ്റേഷനറി സാമാനങ്ങളും മിതമായ വിലയ്ക്കു മൊത്തമായും ചില്ലറയായും വിൽക്കപ്പെടും.

**N. KRISHNA PAI.**
Paper Merchant
KOTTAYAM.

**G. J. Pai's Book & General store.**

Pro: G. Janardhana Pai.

**ALLEPPEY.**

*Dealer in Account Books, Text Books, Paper & all other Stationary goods.*

**മോഡേൺ പേഴ്സ് ഹൗസ്.**

ജനറൽമർച്ചൻറ്സ് & കമ്മിഷൻഏജൻറ്സ്
നോർത്ത് സ്റ്റ്റീറ്റ് - ഇളയൻ ഗുഡി
രാമനാട്ട് ഡിസ്ട്രിക്ട്.

എല്ലാത്തരം പേഴ്സുകളും, വാച്ച് സ്റ്റ്റാപ്പുകൾ മുതലായവയും ഓർഡറനുസരിച്ച് സപ്ലൈ ചെയ്യുന്നതാണ്.

ഏ. എം. അബ്ദുൽ അസീസ്,
പ്രൊപ്രൈറ്റർ.

**Sree Bhagavathi Vilas Brahmin Hotel,**

Palai, Travancore.

Props: V. Sankara Narayana Iyer.
V. Ramakrishna Iyer.

സുഖകരമായ ഭക്ഷണം.

ഇവിടെ ഗാർഡൻപാർട്ടി, ററീപാർട്ടി മുതലായ ചടങ്ങുകൾക്ക് ആർഡർ അനുസരിച്ച് പ്രത്യേകമായി സപ്ളൈ ചെയ്യപ്പെടും

**Taj Mahal Hotel & Restaurant.**

Opposite-Transport Bus stand Kottayam
Best Meals and coffee,
Rooms available with electric light and furniture.

Ipe Chandy
Proprietor.

**The Homeo Medical Hall.**

ഹോമിയോ മെഡിക്കൽ ഹാൾ
ഭഗവതിപ്പടിക്കൽ (കായംകുളം.)

അസാദ്ധ്യകോടിയിൽ എത്താത്ത ഏതു രോഗവും സൂക്ഷ്മമായി പരിശോധിച്ച് ശാസ്ത്രീയമായ ചികിത്സ ചെയ്തു ഭേദപ്പെടുത്തുന്നതാണ്.

മസൂരി, കാളറാ, വയറുകടി, ക്ഷയം, കരപ്പൻ ഇവ വരാതെ തടയുന്നതിനും വന്നാൽ വേഗം സുഖപ്പെടുന്നതിനുമുള്ള മരുന്നുകളും ഗർഭരക്ഷാഗുളികയും മൊത്തമായി വിൽക്കപ്പെടും

**Dr. K. Chellappan**
വാരണപ്പള്ളിൽ

**സരസ്വതി ജ്യൗതിഷാലയം**

അഞ്ചലാഫീസിനു പടിഞ്ഞാറുവശം
കായംകുളം

ഇവിടെ ജാതകം, പ്രശ്നം, മുഹൂർത്തം മുതലായി ജ്യോതിഷസംബന്ധമായ സകല സംഗതികളെക്കുറിച്ചും സൂക്ഷ്മമായി നോക്കി ഫലം പറയപ്പെടും.

പൊതുജനങ്ങളുടെ സഹായസഹകരണത്തെ അഭ്യർത്ഥിച്ചുകൊള്ളുന്നു.

കൂടാതെ ജ്യോതിഷം അഭ്യസിപ്പിക്കയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് എഴുതിച്ചോദിക്കുക:

ജോത്സ്യൻ, കെ. കുട്ടപ്പണിക്കർ.

ചങ്ങനാശ്ശേരിയിൽ വരുമ്പോൾ
കവലയിലുള്ള

## ശ്രീകൃഷ്ണ ഭവനം
## പോററിഹോട്ടൽ

ആൻഡ് ഹോസ്റ്റൽ
സന്ദർശിക്കുവിൻ!

ഇവിടെ ഊണ്, കാപ്പി, പലഹാരങ്ങൾ മുതലായവ വളരെ വൃത്തിയായും രുചിയായും നൽകുന്നതാണ്

പാചകത്തിനും പലഹാരങ്ങൾ തയ്യാറാക്കുന്നതിനും സമർത്ഥന്മാരായ ബ്രാഹ്മണയുവാക്കന്മാരെ ആവശ്യമുണ്ട്

പ്രൊപ്രൈററർ,
പി. എസ്സ്. ഗോപാലകൃഷ്ണൻ പോററി.

## സന്ദർശിക്കുവിൻ.

പുനലൂർ
ബസ്സ്സ്റ്റാൻറിനു സമീപം

ഈ. പ്രണാമൻറീസിൻെറ സോഡാഫാക്ടറിയിൽ എല്ലാവിധമായുള്ള വാച്ച്, ഗ്രാമഫോൺ, ക്ലോക്ക് ഇവയുടെ സ്പെയർ പാർട്ട്സ്കളും ഇവിടെ കിട്ടുന്നതാണ് *N. B.* ഇവയുടെ റിപ്പയറിംഗ് *Watch Repair P. K. Pingora* യുടെ ഉത്തരവാദിത്വത്തോടുകൂടി കൃത്യസമയത്തും ദൂരസ്ഥലങ്ങളിലും വൃത്തിയായും ഭംഗിയായും ചെയ്തു കൊടുക്കപ്പെടും·

Best Soda Factory.
Punaloor·

## സന്ദർശിപ്പിൻ!

അപൂർവ്വമായസാമഗ്രികൾ!മിതമായവില!!

ഇലക്ട്രിക്ക് വിളക്കുകൾ, ഫോട്ടോസാമഗ്രികൾ, കടലാസുതരങ്ങൾ, ബയൻറിംഗ്സാമഗ്രികൾ, പാഠപുസ്തകങ്ങൾ, അക്കൌണ്ട് ബുക്കുകൾ, സംഘാറിക്കാർട്ടുകൾ, പലതരം അച്ചടിഫാറങ്ങൾ, സ്ലേഷനറിസാമാനങ്ങൾ മുതലായവ ഇവിടെ സ്റ്റാക്ക് വെച്ചിരിക്കുന്നു.

എൻ. പത്മനാഭനായ്യൻ, കച്ചവടം.
മുട്ടംബസാർ, ചേർത്തല.

## CHANDRA VILAS POTI HOTEL.

West of Tirunakkara Maidan,
KOTTAYAM.

Best Meals and Coffee
Branches—1· Opp: Transport Bus office, Kottayam· 2. Transport office Buildings·

K· J. Vasudevan Poti,
Proprietor.

TRIVANDRUM BRAHMINS HOTEL
തിരുവനന്തപുരം, ബ്രാഹ്മണ ഹോട്ടൽ.
Best Meals and Coffee
South of High court Buildings.
Vauchiyoor, Trivandrum·
വഞ്ചിയൂർ, തിരുവനന്തപുരം.

## FOR CHITTIES
AND
## ALL KINDS OF MONEY TRANSACTIONS.

Please consult—
The Associated Chit Fund Ltd.
Mavelikara·

## M. S. IMPERIAL DEPOT
## PUTHENCHANTHAI
TRIVANDRUM.

ഇവിടെ സ്റ്റേഷനറി സാമാനങ്ങൾ, നോട്ടുബുക്കുകൾ, ടെക്സ്റ്റ ബുക്കുകൾ, അക്കൌണ്ടുബുക്കുകൾ, ഫോട്ടോഫ്രെയിംസ്, വിൻഡോഗ്ലാസ്സ് പലതരം പടങ്ങൾ മുതലായവ എപ്പോഴും വില്പനക്കു തയ്യാർ·

N. B. ഫോട്ടോ ഫ്രെയിം ചെയ്തു കൊടുക്കുന്നതാണ്.

പ്രൊപ്രൈററർ, ആർ. ആർ. നായ്ക്.

മുപ്പത്തി അഞ്ചു കൊല്ലമായി അമർത്തിപ്പിടിച്ചിരുന്ന ആശയെ ആ അവിവാഹിത തുറന്നുവിട്ടു! അമ്മേ! എനിക്കു ഭാര്യ ആകണം, ഒരു മാതാവാകണം, ഒരു ഗൃഹണിയാകണം. എത്രയെത്ര വർഷത്തെ ആശയാണെന്നറിയാമോ അതു്.

“കന്യക”

ഭഗവാന കർത്താവായ എൻ: കൃഷ്ണപിള്ള ബി. ഏ. ഓണേഴ്സ് എഴുതിയതു്.
വിപ്ലവപൂർണ്ണമായ ആ നാടകം ഇതാ തയ്യാറായി.
ഉടൻ അപേക്ഷിക്കുക
എസ്. ആർ· ബുക്കഡിപ്പോ
തിരുവനന്തപുരം.

# ഹക്സ്ലികണ്ട ഇന്ത്യ

(എസ്. ഗുപ്തൻ നായർ, എം. ഏ.)

നമുക്കെല്ലാവർക്കുമുള്ള ദൗർബല്യമാണ്, അരോചകങ്ങളായ പരമാർത്ഥങ്ങളെ നേരിടാനുള്ള അധൈര്യം. ഹിതമല്ലാത്തതു് പറയുന്നവരോടു നമുക്കു വെറുപ്പാണ്. ഇതു് വ്യക്തിയുടെയും സമുദായത്തിന്റെയും രാഷ്ട്രത്തിന്റെയും എല്ലാം കാര്യത്തിൽ ഒരു പോലെ തന്നെ.

മിസ് മേയോ ഇന്ത്യയിൽ വന്നു. അങ്ങുമിങ്ങും നടന്നു കണ്ടു. കണ്ടെത്തിയ കുറ്റങ്ങളെയും കുറവുകളെയും പററി പുസ്തകമെഴുതി. നമുക്കതു് പിടിച്ചില്ല. നാം ബഹളം കൂട്ടി. എന്തിനു്? നമ്മുടെ തെററുകളെ പററി ഒരന്യനാട്ടുകാരി കുററം പറഞ്ഞതിനു്. വാസ്തവത്തിൽ അവർ പറഞ്ഞതു് കുറെ ഒക്കെ നേരാണ്. അവർ ചൂണ്ടിക്കാണിച്ച വൈലക്ഷണ്യങ്ങൾ പലതും ഇന്നും നിൽക്കുന്നു. എന്നിട്ടും നാം വെറുതേ ബഹളം കൂട്ടുന്നു. പക്ഷേ അവർ തെററുകളെപററി മാത്രമേ പറഞ്ഞുള്ളു. അതു് കുറച്ചു് മനഃപൂർവ്വമായിപ്പോയി.

പത്തുപതിനേഴു വർഷങ്ങൾക്കു മുമ്പു്, ഇന്നത്തെ ഇംഗ്ലണ്ടിലെ പ്രശസ്തചിന്തകനും സാഹിത്യകാരനുമായ ആൽഡസ് ഹക്സ്ലി ഇന്ത്യ കാണാൻ വന്നിരുന്നു. ജെസ്റ്റിംഗ് പൈലററ് (Jesting Pilate) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം കണ്ട ഇന്ത്യയുടെ ചിത്രം നമുക്കു കാണാം. കണ്ടെത്തിയ തെററുകളെപററി അദ്ദേഹം മിണ്ടാതിരുന്നിട്ടില്ല. ഉള്ളവയെ മലപോലെ പൊക്കിക്കാണിച്ചിട്ടുമില്ല. ഒരു ഉത്തമ സുഹൃത്തിനെപ്പോലെ നമ്മെ ഉപദേശിക്കുന്നു. ഹക്സ്ലിയുടെ യാത്രാവിവരണഗ്രന്ഥം വിരസമായ ഒരു ഡയറിക്കുറിപ്പല്ല. ഒരു ദർശനം, ഒരു സംഭവം, അതിനെത്തുടർന്നു ഒരു ചിന്ത, സ്വതന്ത്രവും തീക്ഷ്ണവുമായ അഭിപ്രായങ്ങൾ, ഇടയ്ക്കിടെ നിർദ്ദോഷങ്ങളായ ഫലിതങ്ങൾ—അങ്ങനെയാണ് അദ്ദേഹത്തിന്റെ പോക്കു്.

## II

അദ്ദേഹം പറയുന്നു:

"വൈരുദ്ധ്യം കൊണ്ടാണ് പലതിന്റെയും മെച്ചം നാം അറിയുന്നതു്. ഇരുട്ടു വന്നെങ്കിലേ വെളിച്ചത്തിന്റെ അനുഗ്രഹം അറിയൂ. വേദന അനുഭവിച്ചെങ്കിലേ സുഖത്തിന്റെ രസം അറിയൂ. ഈശ്വരൻ വേദനയെ സൃഷ്ടിച്ചതു തന്നെ അതാണ്. പക്ഷേ കാശ്മീരത്തിലെ കൂലിക്കാരനു് അവൻ മൃഗത്തിൽ നിന്നു് വ്യത്യസ്തനാണെന്നുള്ളതറിഞ്ഞുകൂടാ. അല്ലെങ്കിൽ അവൻ ഇങ്ങനെ പണി എടുക്കുകയില്ല. താൻ ന്യായമായി അർഹിക്കുന്ന ആഹാരവും സുഖവും വിദ്യയും ഒന്നും അവനു് ലഭിക്കുന്നില്ലെന്നു് അവനറിയുന്നില്ല. ആ ദുരിതത്തിൽ കൂടി അവൻ അറിയാതെ ഇഴഞ്ഞു പോകുന്നു.

ഈ കാശ്മീരികളുടെ ജീവിതചര്യകളിലുള്ള വൃത്തികേടു് പ്രസിദ്ധമാണ്. വൃത്തിയും വൃത്തികേടും ഒന്നിച്ചൊരിടത്തുവച്ചു കൊടുത്താൽ അവർ വൃത്തികേടേ സ്വീകരിക്കൂ. മാലിന്യത്തോടു് അവർക്കുള്ള പ്രേമാതിരേകം നേരിട്ടു കാണാൻ എനിക്കു പലപ്പോഴും സൗകര്യമുണ്ടായിട്ടുണ്ടു്. ഞങ്ങൾ താമസിച്ചിരുന്നതിനടുത്തു് മലമുകളിൽ നിന്നു് ഊറി വരുന്ന ജലം ശുദ്ധി ചെയ്തു് ഒരു കുഴലിൽകൂടി അവിച്ഛിന്നമായി വീഴുന്നുണ്ടായിരുന്നു. അതൊഴുകിച്ചെന്നു് കെട്ടിക്കിടക്കുന്ന ഒരു വൃത്തികെട്ട കുളവും അടുത്തുണ്ടായിരുന്നു. കുഴൽ വെള്ളത്തെ അലക്ഷ്യമായി തള്ളി ഒരുവൻ ആ കുളത്തിൽ നിന്നു് വെള്ളം കുടിക്കുന്നതു് ഞാൻ കണ്ടു. ആ തുപ്പുകാരന്റെ പ്രവൃത്തി ഞാൻ ശ്രദ്ധിച്ചു. അവൻ പ്രഭാതകർമ്മങ്ങൾ നടത്തുകയായിരുന്നു. അവൻ കാലും മുഖവും കഴുകി കുലുക്കുഴിഞ്ഞു് അതി



A MATCHLESS INDIAN ROLLED GOLD INDUSTRY.

Genuine 18 Ct:

PRAKASAM

Rolled Gold Ornaments.



Manufacturing Jewellers:

PRAKASAM COMPANY
TRIVANDRUM H. O.

Prop: A. K. ANTONY.

INDIA'S FASHION LEADERS IN ROLLED GOLD ORNAMENTS.


ലേക്കു തന്നെ തുപ്പി. പിന്നെ മൂക്കുചീററി. അതും അതിലേതന്നെ. അതുകഴിഞ്ഞു അതിനകത്തു നിന്നു് ഒരു കൈ വെള്ളം എടുത്തു സോന്മേഷം പാനം ചെയ്തു ഒരൊററ വാര അകലെ ടാപ്പുണ്ടായിരുന്നു. എങ്കിലും അവനതുവേണ്ടാ. ആ വൃത്തികെട്ട കുളത്തിലെ സ്വാദു കൂടിയ വെള്ളമാണവനിഷ്ടം.

III

തൊഴിലില്ലായ്മ.

ലാഹോറിൽ ഈയിടെ ഒരു സക്സസ് കമ്പനി പതിനഞ്ചു രൂപാ ശമ്പളത്തിൽ ഒരു കാവൽക്കാരനു വേണ്ടി പരസ്യം ചെയ്തു. നാല്പതിലധികം ബി. ഏ. ക്കാർ അപേക്ഷക്കാരുടെ കൂട്ടത്തിലുണ്ടായിരുന്നു പോലും. അതിലത്ഭുതമില്ല. പണം ചെലവാക്കി അവർ പഠിച്ചില്ലേ? അതിനു് അവർഹിക്കുന്ന ജോലി കൊടുക്കണം. അതവരുടെ അവകാശമാണു്. പക്ഷേ, എന്തു ചെയ്യാം, ജോലിയില്ല. ഇതാണു് ഇൻഡ്യയിലെ വിദ്യാഭ്യാസത്തിന്റെ ദുരന്തകഥ. സർവ്വകലാശാലകൾ ബിരുദധാരികളെ പററം പററമായി സൃഷ്ടിച്ചുവിടുന്നു. അവക്കു് ചെയ്യാൻ പ്രവൃത്തിയില്ല. രാജ്യത്തിനു് കുറച്ചാളുകളെ മതി. ഗവർമ്മെൻറിന്നു് പുറമേ അധികം സ്ഥാപനങ്ങളുമില്ല. പാശ്ചാത്യരാജ്യങ്ങളിലാണെങ്കിൽ വ്യാവസായികവും സാമ്പത്തികവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ, പഠിച്ചവക്കു് സാദ്ധ്യതകളുണ്ടു്. ഇന്ത്യയിലതില്ല. സ്വതന്ത്രമായ ഒരു പന്ഥാവിൽ കൂടി യാത്ര തിരിക്കാൻ സാധാരണ ഇന്ത്യാക്കാരനു് ധൈര്യവുമില്ല. അപകടമില്ലാത്ത ഒരു ഗുമസ്ഥാപണിയിലേക്കു്

# സുമതി

സകല കേരളീയ കുടുംബങ്ങൾക്കുമായി കണ്ണാംബ നടിച്ചിട്ടുള്ള പരമ ശ്രേഷ്ഠമായ തെലുങ്കു ചിത്രം. മാതാപിതാക്കന്മാർക്ക് വാത്സല്യസന്താനങ്ങളുമൊരുമിച്ച് രസിയ്ക്കാവുന്ന, ഗുണപാഠങ്ങൾ നിറഞ്ഞ ഒന്നാംതരം കഥ.

ഞങ്ങളുടെ മററു ചിത്രങ്ങൾ:—ഭയാളൻ, പൃഥ്വിരാജ്, എൻമനാവി, ഡെയഞ്ചർ സിഗ്നൽ, ശൈശവവിവാഹം, ക്യാപ്റ്റൻ കിഷോറി, ലോകമഹായുദ്ധം, മുതലായവ.

**Distributors:-**

**Geo Pictures, Kottayam.**


ചുരുണ്ടു കൂടാനാണ് അവൻെറ ഉന്നം. ഒടുവിലൊരു കൊച്ചു പെൻഷനും കിട്ടണം. അത്തരം സ്ഥാനങ്ങൾ ഭാഗ്യദോഷം കൊണ്ടു നന്നാകുറമേ ഉള്ളു. അങ്ങനെ, ഇന്ത്യയിൽ പഠിച്ച പ്രവൃത്തിഹീനർ കൂടിക്കൂടി വരുന്നു.

## IV

### പണ്ഡിതന്മാരും പ്രമാണങ്ങളും

പഴയ തലമുറയിലെ അഭ്യസ്തവിദ്യരായ ഭാരതീയർക്ക് തത്വവാക്യങ്ങളോടും പഴഞ്ചൊല്ലുകളോടും ഒരു പ്രത്യേക പക്ഷപാതമുണ്ടു്. 'പെഴ്സ്യൻ കവി പറഞ്ഞതുപോലെ, ഭർത്തൃഹരി പറഞ്ഞതുപോലെ, എന്നെല്ലാം സംസാരത്തിനിടയ്ക്ക് അവർ വച്ചു ചേർക്കും. പിന്നെ ഉദ്ധരിച്ച വാചകത്തിനു് ഒരു പരിഭാഷ പറയും. 'ഐകമത്യം മഹാബലം' എന്ന മാതിരിയുള്ള മഹൽതത്വങ്ങളായിരിക്കും അതിൽ അടങ്ങിയിരിക്കുന്നതു്. പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ചവർ; ഗ്രേയുടെ ശോകഗീതം, എഡ്‌വിൻ ആർനോൾഡിൻെറ കൃതികൾ, ഷേക്സ്പിയറിലെ ആർഭാടം നിറഞ്ഞ വരികൾ ഇവയായിരിക്കും ഉദ്ധരിക്കുക. യുവജനങ്ങളുടെ ഇടയിൽ ഈ ഉദ്ധാരണസ്വഭാവത്തിനു് ഇടിവു തട്ടിയിട്ടുണ്ടു്. പത്രലേഖനങ്ങളും ലഘുലേഖകളും ശാസ്ത്രവിജ്ഞാനങ്ങളും കൊണ്ടു് അവരുടെ മനസ്സ് തിങ്ങിപ്പോയിരിക്കുന്നു.........പാണ്ഡിത്യത്തോടുള്ള ഈ മനോഭാവത്തിനു് ഒരു മുന്നൂറു വർഷം മുമ്പ് യൂറോപ്പിലും പ്രാബല്യമുണ്ടായിരുന്നു. പണ്ഡിതനായ സലാമിസിയസിനെ മിൽട്ടനെക്കാൾ കൂടുതലായി ആളുകൾ ആദരിച്ചിരുന്നു. ശാസ്ത്രത്തിൻെറ തെളിവുകളോടു കൂടി ഗലീലയോ പറയുന്ന പരമാർത്ഥം അവർ വിശ്വസിച്ചില്ല. അരിസ്റ്റോട്ടിൽ പറഞ്ഞതേ വകവച്ചുള്ളു. എന്തെന്നാൽ അരിസ്റ്റോട്ടൽ പണ്ഡിതനായിരുന്നു. ഇന്ത്യയിൽഇന്നും ഈ മനസ്ഥിതിയാണു് നിലനിൽക്കുന്നതു്. ഒരു പ്രാചീനഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു എന്ന ഒററക്കാരണം മതി ഏതു് അബദ്ധത്തെയും കണ്ണടച്ചു വിശ്വസിക്കാൻ. പറക്കുന്ന രഥങ്ങളെയും വിമാനങ്ങളെയും പററി ഭാരതത്തിലെ ചില പ്രാചീനഗ്രന്ഥങ്ങളിൽ പ്രസ്താവനകളുണ്ടു്. ഏതു ദേശത്തിൻെറയും ഇതിഹാസങ്ങളിൽ അത്തരം കഥകൾ കാണാം. അതുകൊണ്ടു് വിമാനം കണ്ടുപിടിച്ച കാര്യത്തിൽ

വിൽബർ റൈററിന്റെ പൂർവ്വഗാമിയായിരുന്ന ഐക്കേറസ് (ഗ്രീക്ക് ഇതിഹാസത്തിലെ പാത്രം) എന്ന് നാം വിശ്വസിക്കുന്നില്ല. എന്നാൽ സെപ്പലിൻ വിമാനങ്ങളുടെ പഴയ മാതൃകകൾ ശ്രീകൃഷ്ണന്റെ കാലത്തുണ്ടായിരുന്നു എന്ന് ആത്മാർത്ഥതയോടെ ഉറപ്പു പറയുന്ന പഠിച്ച ഇന്ത്യാക്കാർ പലരുമുണ്ട്. ഒരു പുതിയ കണ്ടു പിടിത്തവുമായി പശ്ചിമം മുമ്പോട്ടു വരുമ്പോളെല്ലാം വഴി തെററിയ സംകൃതപണ്ഡിതന്മാർ പ്രാചീനസംസ്കൃതസാഹിത്യം അരിച്ചു പെറുക്കിക്കിട്ടിയ രണ്ടു ശ്ലോകങ്ങളുമായി വരും, അവർ നേരത്തെ അതിനെപ്പററി അറിഞ്ഞിരുന്നു എന്നു തെളിയിക്കാൻ. ഈ ഹിന്ദുക്കൾ ഒരത്ഭുത വർഗ്ഗമാണ്.

## V

### ടാജ്മഹാൾ

ലോകം മുഴുവൻ അത്ഭുതാദരങ്ങളോടെ വീക്ഷിക്കുന്ന ഒന്നിനെ അമ്മാതിരി വികാരങ്ങളോടെ സമീപിക്കാൻ കഴിവില്ലാതെ വരുമ്പോൾ എനിക്കൊരു മാതിരി വല്ലായ്മ തോന്നാറുണ്ട്. ഞാനാണോ ലോകമാണോ അബദ്ധത്തിൽ ചാടിയതെന്നുള്ള ആ വിവേചനം അല്പം ക്ലേശകരമാണ്. ഞാൻ അബദ്ധനാണെന്നു സമ്മതിക്കാൻ എനിക്കു മനസ്സില്ല. ഞാൻ മാത്രം ശരിയായ അഭിപ്രായം പറയുന്നു എന്നു വാദിക്കാനും അത്രത്തോളം തന്നെ വല്ലായ്മയുണ്ട്... ഇംഗ്ലീഷ് പ്രഫസറന്മാർ മാത്രമാണെങ്കിൽ പോകട്ടെ, മിൽട്ടനും വേഡ്സ്വർത്തും കൂടി സ്പെൻസർ വലിയ കവിയായിരുന്നു എന്നു പറയുമ്പോൾ, എന്താണ് ചെയ്യേണ്ടതെന്നു എനിക്കറിഞ്ഞു കൂടാ. കഴമ്പില്ലാതെ വൃത്തമൊപ്പിച്ചുവരികൾ ഒട്ടേറെ എഴുതുന്ന ആളെന്നതിൽ കവിഞ്ഞു ഒന്നും സ്പെൻസറിൽ ഞാൻ കാണുന്നില്ല. പക്ഷേ ലോകം ആദരിക്കുന്നു. എനിക്കു കഴിയുന്നില്ല. കഴിഞ്ഞെങ്കിൽ കൊള്ളാമായിരുന്നു.

ഇതുപോലെയാണ് ടാജ്മഹാൾ കണ്ടപ്പോൾ എനിക്കു തോന്നിയ അരോചകത്വം. ടാജ്മഹാൾ സപ്തമഹാത്ഭുതങ്ങളിലൊന്നാണ്. അതു് ലോകത്തിലെ ഏററവും മനോഹരമായ കെട്ടിടം തന്നെയാണെന്നു എന്റെ മാർഗ്ഗദർശി പറയുന്നു. എന്നോ? എന്നെ അതു നിരാശപ്പെടുത്തി. ആ കെട്ടിടത്തിന്റെ ഭംഗി കൂട്ടാൻ പ്രകൃതി കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്. പാറെറവളന്നു നിൽക്കുന്ന പച്ചപ്പുൽത്തകിടികളും പൂന്തോട്ടങ്ങളും സൈപ്രസ് വൃക്ഷങ്ങളും എല്ലാം മനോഹരമായിരുന്നു. എങ്കിലും ടാജ്മഹാൾ എന്നെ നിരാശനാക്കി. അധികവ്യയത്തെയും കൃത്രിമങ്ങളായ ചിത്രവേലകളെയും ആദരിക്കാനുള്ള കഴിവില്ലായ്മ കൊണ്ടായിരിക്കാം ടാജ് എന്നെ ആകർഷിക്കാഞ്ഞതു്. ടാജിന്റെ മഹത്വം അധികവ്യയത്തെയും വർണ്ണോജ്ജ്വലതയേയും ആശ്രയിച്ചു തന്നെയാണ് നിൽക്കുന്നതു്. അതുകൊണ്ടു തന്നെയായിരിക്കാം ആളുകൾ അതിനെ ഇഷ്ടപ്പെടുന്നതും. ഈ അധികച്ചെലവിനോടുള്ള ആദരവു ഇന്ത്യയിൽ മാത്രമല്ല, യൂറോപ്പിലും

"REMEMBER! A HEALTHY MOUTH MAKES A HEALTHY BODY."

For all Dental troubles consult:—

LADY DENTIST

(Mrs) A. E. THOMAS. L. D. Sc.

THE AMERICAN DENTAL CLINIC.

Near Power House, Pazhavangadi,

TRIVANDRUM.



ദന്തചികിൽസാലയം.

കായംകുളം.

**Dr. V. N. Sanker C. D. S.**

(VARANAPPALLY.)

**SPECIALIST IN DENTAL GOLD WORKS**

ദി ബാങ്കു് ഓഫു് മീനച്ചിൽ (ക്ലിപ്തം)

ഹെഡ്ഡു് ആഫീസ്, പാലാ.

ശാഖകൾ:—പാലാ, ഈരാററുപേട്ട, കണ്ടറ, മംഗലാപുരം, & ബോംബേ
ആകർഷണീയമായ നിരക്കിന്മേൽ ഡിപ്പോസിററുകൾ സ്വീകരിക്കുന്നു.
കൂടുതൽ വിവരങ്ങൾക്കു ഹെഡു് ആഫീസിലോ ശാഖകളിലോ ആവശ്യപ്പെടുക.

സി. ററി. മാത്യു.

മാനേജിംഗ് ഡയറക്ടർ.


ഉണ്ടു്. സെൻറ പാൾസിനെക്കാളും സെൻറ പീറേറഴ്സിനെ മതിക്കുന്നതിനിതിനാണു് കാരണം.

ടാജിൻെറ അശ്മപീഠത്തിൽ നാലു മൂലയ്ക്കും കൂത്തുയന്നു നില്ക്കുന്ന സ്തൂപികകൾ മനുഷ്യകരങ്ങൾ നിർമ്മിച്ചിട്ടുള്ളതിലേക്കു വൃത്തികെട്ട ശില്പകൃതികളാണു്. അതു പണിഞ്ഞ ആളിനു് പല സമാധാനങ്ങളും പറയാൻ കണ്ടേക്കും. പക്ഷേ അവ നിർഭാഗ്യകരമായ വിധത്തിൽ അസമഞ്ജസമായിപ്പോയി എന്നേ എനിക്കു പറയാൻ കഴിയുന്നുള്ളു. ടാജിൻെറ പ്രധാന സന്ധവും ഈ മാതിരി അസാമഞ്ജസ്യങ്ങളുടെ ആവാസരംഗമാണു്. അതു് അത്യന്തമായ ഭാവനാദരിദ്രതയെയാണു് ആവിഷ്കരിക്കുന്നതു്. ഇത്രയ്ക്കു വൈവിധ്യമില്ലായ്മ മറെറാരു ശില്പകലാസൃഷ്ടിയിലും കാണുകയില്ല.........പക്ഷേ അതു് മാർബിൾ കൊണ്ടാണു് നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. മാർബിൾ പാപസമുച്ചയങ്ങളെ മൂടുന്നു.

## VI

### തത്വചിന്ത.

പ്രത്യക്ഷലോകത്തെ മായാബദ്ധവും സത്താഹീനവും ആയി വ്യാഖ്യാനിക്കാനാണു് ഇൻഡ്യാക്കാരനെ പഠിപ്പിച്ചിട്ടുള്ളതു്. ആത്മാവാണു് സർവ്വപ്രധാനമെന്നും, ആത്മീയങ്ങളായ നേട്ടങ്ങളാണു് മഹത്തായ മൂല്യങ്ങളെന്നും അവൻ ചെറുപ്പത്തിലേ ധരിച്ചുവയ്ക്കുന്നു. ഇത്തരം തത്വചിന്തയിൽ കൂടി വളരുന്നവർ ബാഹ്യപ്രകടനത്തിനു് അർത്ഥം കല്പിക്കാത്തതിൽ അത്ഭുതമില്ല. നമ്മുടെ മതപരമായ കർമ്മങ്ങൾക്കു് ഒരു സൈനികമര്യാദ ഉണ്ടു്. നമ്മുടെ ന്യായാധിപതികൾക്കു ഉദ്യോഗച്ചിഹ്നമുണ്ടു്. നമ്മുടെ പ്രഭുക്കൾക്കു് അവരുടെ കഴിവിലും കവിഞ്ഞ വേഷവി

ധാനങ്ങളുണ്ട്. എല്ലാം മൗഢ്യമെന്ന് മായാവാദി അഭിപ്രായപ്പെടും. പക്ഷെ അല്ല. ഇതൊക്കെ ആവശ്യമാണ്. സന്മാർഗ്ഗത്തെ പററി അറിയുന്നതിനു മുമ്പ് ആചാരങ്ങളും മര്യാദകളും ലോകത്തു നടപ്പുണ്ടായിരുന്നു എന്നാണ് ചരിത്രം പഠിപ്പിക്കുന്നതു്. ഈ സാമാന്യ മര്യാദകളുടെ അനുവർത്തനമാണ് പരിഷ്കാരമെന്ന് പറയുന്നതു്. സർവത്ര ആത്മീയമായ ഒരു പരിഷ്കാരം എങ്ങും മുളച്ചുവന്നിട്ടില്ല, നില നിന്നിട്ടുമില്ല.

ഇന്ത്യയുടെ തികഞ്ഞ ആത്മീയബോധത്തെപ്പററി പ്രശംസിക്കുന്നവരോട് യോജിക്കാൻ ഞാൻ കാരണം കാണുന്നില്ല. ഇന്ത്യയുടെ ഭാഗ്യദോഷങ്ങൾക്കെല്ലാം അതാണ് കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു. ഭാരതത്തിന്റെ ശാപമാണതു്. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിൽ നിന്ന് മനുഷ്യനെ അകററി നിർത്തുന്ന ഈ ചിന്താഗതി പരശതം വർഷങ്ങളായി ഭാരതീയരെ മനുഷ്യസഹജമല്ലാത്ത പരിസരങ്ങളിൽ പരിതൃപ്തരാക്കി വളർത്തിക്കൊണ്ടു പോന്നു. ആത്മബോധം അല്പം കുറച്ചുവച്ചാൽ ഇന്ത്യ കൂടുതൽ സ്വതന്ത്രയാകും: സാർവത്രികമായ വൃത്തിശൂന്യത കുറയും. പകരം വയറു നിറയ്ക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തും. റോൾസ് റോയ്സ് കാറുകളുടെ ഉടമ വഹിക്കുന്നവർ കുറയും. പകരം വിദ്യാലയങ്ങൾ വർദ്ധിക്കും. പാശ്ചാത്യരുടെ പരിഷ്കാരത്തെ അതിന്റെ നഗ്നമായ ഭൗതികാസക്തിയുടെ പേരും പറഞ്ഞു് പലരും പഴിക്കുന്നു. അതബദ്ധമാണ്. ഭൗതികാസക്തി എന്നു പറഞ്ഞാൽ നാം ജീവിക്കുന്ന ലോകത്തോട് ആത്മാർത്ഥമായി മുഴുകിച്ചേരുകയാണ്. അതു തികച്ചും അഭിനന്ദനാർഹമായ ഒരു പ്രവൃത്തിയാണ്. പാശ്ചാത്യപരിഷ്കാരം ഈ നിലയിൽ അസമർത്ഥമായിരിക്കുന്നെങ്കിൽ അതു് നാം പ്രത്യക്ഷലോകത്തിൽ അമിതമായ താല്പര്യവും പ്രകടിപ്പിക്കുന്നതുകൊണ്ടല്ല. നമ്മിൽ പല


## ശ്രീ ധന്വന്തരിവിലാസം ആര്യവൈദ്യശാല.

### മാവേലിക്കര — തിരുവിതാംകൂർ.

ഇവിടെ രോഗികളെ സൗജന്യമായി പരിശോധിച്ചു ശാസ്ത്രീയമായി ചികിത്സ നിശ്ചയിക്കുന്നതും ആയുർവേദവിധിപ്രകാരം എത്രയും നിഷ്കർഷയോടുകൂടി സംസ്കരിക്കപ്പെട്ടിട്ടുള്ള ഔഷധങ്ങൾ മിതമായ വിലയ്ക്കു കൊടുക്കുന്നതുമാണ്.

### പ്രധാനപ്പെട്ട ചില ഔഷധങ്ങൾ.

**ബാലസംജ്ജീവനി. (ആവണക്കെണ്ണ)**

ഇതു കുഞ്ഞുങ്ങൾക്കുണ്ടാകുന്ന മലബന്ധം, വയറുവീർപ്പ്, നാക്കിൽപൂപ്പ്, പനി, ഇരകോപം മുതലായവയേയും ഉൾക്കരപ്പൻ, അഗ്നിവിസർപ്പം (ഓട്ടപാമ്പ്) തുടങ്ങിയുള്ള എല്ലാവിധ കരപ്പൻ വ്യാധികളേയും ദോഷശോധന വരുത്തി വളരെ വേഗത്തിൽ ശമിപ്പിക്കുവാൻ ശക്തിയുള്ള ഒരു സിദ്ധൗഷധമാകുന്നു; വില ദരൗൺസു കുപ്പിക്കു 8 ണ മാത്രം.

**മൃഗാങ്കരസായനം.**

സ്ത്രീപുരുഷന്മാരുടെ ഇടയിൽ സർവ്വ സാധാരണമായിത്തീർന്നിട്ടുള്ളതും സന്താനപരമ്പരകളിൽ പോലും പടൎന്നു പിടിച്ചു കൊണ്ടിരിക്കുന്നതുമായ അസ്ഥിസ്രാവം, പൂയമേഹം (ഗൊണോറിയ) സിഫിലസ്സ് (ഉഷ്ണപ്പുണ്ണ്) എന്നീ രോഗങ്ങളെ നിശേഷം നശിപ്പിക്കുന്ന ഏക സിദ്ധൌഷധം. വില റാത്തൽ ഒന്നിനു് 5 രൂ 8 ണ മാത്രം.

| | | | |
|---|---|---|---|
| ചന്ദ്രപ്രഭാവടിക ഡസൻ 1-ക്കു് | വില ണ 12 | അജമാംസരസായനം റാത്തൽ 1-ക്കു് | രൂ 5. |
| മാനസമിത്രവടകം ,, | ,, രൂ 3. | ച്യവനപ്രാശം ,, | രൂ 3. |
| ഗോരോചനാദിമാത്ര ,, | ,, ണ 6. | സോമാമൃതം 24 ഔ കുപ്പിക്കു് | രൂ 3 ണ 8. |
| വിഷൂചികാരിഗുളിക ,, | ,, ണ 12. | ദശമൂലാരിഷ്ടം (1-ാതരം കസ്തൂരി ചേർത്തു്) | രൂ 3 ണ 8 |

വൈദ്യൻ, കെ. സി. കുഞ്ഞുരാമൻ, വൈദ്യകലാനിധി.

തും അപഹാസ്യമാംവണ്ണം അത്യല്പമായ ഒരു വിഭാഗത്തിൽ മാത്രം തല്പരരായിരിക്കുന്നതു കൊണ്ടാണ്. നമ്മുടെ ലോകം സുവിസ്തൃതമാണ്. ഭാവനാസൃഷ്ടങ്ങളായ ഏതേതു വിപുലസാമ്രാജ്യങ്ങളെക്കാളും വൈവിധ്യപൂർണ്ണവും വിസ്മയാവഹവുമാണ്. എന്നിട്ടും പൗരസ്ത്യ ജനതയിൽ ഏറിയൊരു വിഭാഗത്തിന്റെയും ജീവിതം സങ്കുചിതവും വിരസവും ആയി തീർന്നിരിക്കുന്നു. നമ്മുടെ ലോകായതതാം (Materialism) ഇനിയും അപര്യാപ്തമായിരിക്കുന്നു ഉള്ളൂ എന്നതാണ് കാരണം. നാം ജീവിക്കുന്ന ഈ അത്ഭുതപ്രപഞ്ചത്തിൽ നാം വേണ്ടത്ര താല്പര്യം പ്രകടിപ്പിക്കുന്നില്ല. ഇന്നു സഞ്ചാരം സുഗമവും വ്യയഹീനവുമാണ്. ഒരു റയിൽവേ ടിക്കററ് വാങ്ങാൻ കഴിവുള്ളവനു, ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കാൻ കഴിവുള്ളവനു ആധുനികവിജ്ഞാനത്തിന്റെ വികാസത്താൽ, ജീവിതത്തെ വിപുലവും പൂർണ്ണവും രസകരവും ആക്കാൻ ഇന്നു അവസരമുണ്ട്. എന്നിട്ടും വിവരണസാദ്ധ്യമല്ലാത്ത എന്തോ കാരണത്താൽ നാമെല്ലാം ജീവിതത്തിന്റെ സാദ്ധ്യതകളിൽ നിന്നൊഴിഞ്ഞുമാറി വെറുതേ ഇരുന്നു സമയം കൊല്ലുകയാണ്. നമ്മുടെ ജീവിതം അത്യന്തം വിരസവും ശൂന്യവുമായിത്തീരുന്നു. അതുകൊണ്ടു നാമെല്ലാം ഇന്നത്തേതിലും കവിഞ്ഞ രീതിയിൽ ലോകായതന്മാരാകേണ്ടിയിരിക്കുന്നു. പരലോകസമാചാരത്തിൽ മാത്രം താല്പര്യം ഉണ്ടായാൽ നമുക്കു രക്ഷ കിട്ടുകയില്ല. ആ അദൃശ്യമായ പരലോകം ഇഹലോകത്തോളം രസകരമാകാൻ ഇടയില്ല. എന്തെന്നാൽ അതു മനുഷ്യന്റെ ഭാവനയുടെ സന്താനമാണ്. സ്രഷ്ടാവിന്റെ പരിമിതികൾ അവന്റെ സൃഷ്ടിയേയും ബാധിക്കും.

VII

സൂര്യഗ്രഹണദിവസം ഒരു പത്തുലക്ഷത്തിൽ പരം ആളുകൾ ഗംഗയുടെ തീരത്തിൽ കൂടിയിട്ടുണ്ടായിരുന്നു. വിശപ്പും ക്ലേശവും സഹിച്ചു നീണ്ട ദൂരം താണ്ടി അവർ വന്നിരിക്കുകയാണ്-സൂര്യനെ, സർപ്പത്തിൽ നിന്നു രക്ഷിക്കാൻ (അതിനെ അതിന്റെ പാട്ടിനു വിട്ടേക്കുകയായിരുന്നു ഭേ


# വൈററ് ഹാൾ.

## ദി സിൽക്ക പാലസ്

### ജൗളിക്കച്ചവടം.

ഹെഡ്ഓഫീസ്. ബ്രാഞ്ച്.

ബ്രോഡ്‌വേ, **എറണാകുളം.** കെ. കെ. റോഡ് **കോട്ടയം.**

പ്രൊപ്രൈററർ കെ. എം. സെയ്തുമഹമ്മദു റാവുത്തർ.

തിരുനാൾപുലരി മാനേജർ അവർകൾക്കു

കായംകുളം

**Sir**

നിങ്ങളുടെ പരസ്യം ആവശ്യപ്പെട്ടുകൊണ്ടുള്ള എഴുത്തു കിട്ടി. ഞങ്ങളുടെ മാനേജർ, ഇനിയും വേണ്ട ജവുളിദിനസ്സുകൾ എടുക്കുവാനായി, വിദേശങ്ങളിൽ പോയിരിക്കുകയാണ് പുതിയ ഫാഷ്യനിലുള്ള തുണിത്തരങ്ങളുമായി അദ്ദേഹം ഉടൻ വന്നു ചേരും. അപ്പോൾ വിവരം അറിയിക്കാം.

എന്നു, പ്രൊപ്രൈററർ കെ. എം. സെയ്തുമഹമ്മദു റാവുത്തർ

**N. V. Shenoi,**

**Dealer in:- Piece-Goods, Umbrellas, Text Books, Hardware, Cement & Paint etc.**

**H. O. ADOOR,** Travancore. Branch:—PATHANAPUROM.

ദം) അവർ ജപിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നതിനിടയിൽ അസൂയാവഹമായ അലക്ഷ്യതയോടെ കണ്ടതു് കണ്ടതു് നക്കിത്തിന്നുകൊണ്ടു ക്ഷേത്രപരിസരങ്ങളിൽ കാളകൾ ചുററിത്തിരിയുന്നുണ്ടായിരുന്നു. ആ തലച്ചോറില്ലാത്ത മൃഗങ്ങൾ അവിടെ കൂടിയിരുന്ന ഭക്തജനങ്ങളെക്കാൾ ബുദ്ധിപൂർവം പ്രവർത്തിച്ചു എന്നെനിക്കു തോന്നി. അവർ ഭാവനാശക്തി കുറഞ്ഞവരായതുകൊണ്ടു് സൂര്യഗ്രഹണം ഒരു സർപ്പത്തിന്റെ വേലയാണെന്നും മന്ത്രങ്ങളും ക്രിയകളും കൊണ്ടു് സർപ്പം വിട്ടു പോകുമെന്നും ഒന്നും ചിന്തിച്ചില്ല.

ഇതുപോലെ ഒരു സന്ദർഭത്തിൽ ഇന്ത്യയെ രക്ഷിക്കാൻ എത്ര പേർ കൂടുമെന്നു് കണ്ടുതന്നെ അറിയണം. മതത്തിന്റെ പേരിൽ ഇന്ത്യാക്കാർ ചെലവഴിച്ചു കളയുന്ന ഓജസ്സിന്റെ ഒരംശം രാഷ്ട്രത്തിന്റെ ഭാഗധേയത്തിനുവേണ്ടി തിരിച്ചു വിട്ടെങ്കിൽ എത്ര നന്നായിരുന്നു. ഇന്നു്, ഇന്ത്യയിൽ മതം ദുർവഹമായ ഒരു സുഖസാധനമാണു്. ഞാനൊരു ഇന്ത്യൻ കോടീശ്വരനായിരുന്നെങ്കിൽ ഒരു നാസ്തികസംഘം രൂപീകരിക്കാൻ എന്റെ പണം മുഴുവൻ കൊടുത്തേനേ!

ഞാൻ ഇന്ത്യ വിട്ടു പോകുന്നു. വാസ്തവം പറഞ്ഞാൽ അതിലെനിക്കു സന്തോഷമേയുള്ളൂ. ഞാൻ പഴയ കൂട്ടുകാരിൽ പലരെയും ഇവിടെ കണ്ടു. പുതിയ സ്നേഹിതന്മാരായി ചിലരെ സമ്പാദിച്ചു. രസകരങ്ങളായ പലതും കണ്ടു. ചില കാഴ്ചകൾ അപഹാസ്യങ്ങളായിരുന്നു. ചിലതു് അസാധാരണങ്ങളായിരുന്നു. എന്നാലും പോകുന്നതിലെനിക്കു സന്തോഷമാണു തോന്നുന്നതു്. ഇന്ത്യ ഞാൻ കണ്ടിട്ടുള്ള മറേറതു രാജ്യത്തെക്കാളും ഹൃദയഭേദിയാണു്. ഒരുവൻ ഇവിടെ വായുവല്ല ശ്വസിക്കുന്നതു്, മാലിന്യവും നിരാശയുമാണു്. വത്തമാനം തൃപ്തികരമല്ല. ഭാവി സന്ദിഗ്ദ്ധവുമാണു്. ഉണ്ണാൻ വകയില്ലാത്തവർ ഇവിടെ ലക്ഷക്കണക്കിനുണ്ടു്. അന്ധവിശ്വാസങ്ങൾ ഇന്നും പ്രബലമാണു്. രാജ്യം പുരോഗമിക്കണമെന്നു പഠിച്ച ഇന്ത്യാക്കാരനു് ആഗ്രഹമുണ്ടു്. പക്ഷേ ഭേദപ്പെട്ട ഒരു ജോലി തട്ടിയെടുക്കണമെന്നുള്ളതാണു് പലരുടെയും പ്രായോഗികമായ അഭിലാഷം. ലക്ഷക്കണക്കിനാളുകൾ ജനിക്കുന്നു. യാതനകൾ അനുഭവിക്കുന്നു. ജീവിക്കുന്നു. എന്തിനു്? ഈശ്വരനു മാത്രമറിയാം.

ഇല്ല, ഈ രീതി പററുകയില്ല. കർമ്മയോഗത്തിന്റെ സിദ്ധാന്തത്തെ യുക്തിപൂർവം സമീപിച്ചെങ്കിലേ ഭാരതത്തിന്റെ എണ്ണമററ ദുരിതങ്ങൾക്കൊരു ഉപശാന്തി ഉണ്ടാകയുള്ളൂ."

—:✻:—

**K. A. SHENOI,**

**PALACE ROAD, ALLEPPEY.**

**Dealer in all kinds of sports goods, etc.**



# പ്രേമമുദ്ര.

(വി. കെ. കായംകുളം.)

വൈകുന്നേരം, ഫാക്ടറിയിലെ ജോലി കഴിഞ്ഞു് തൊഴിലാളികൾ കൂട്ടംകൂട്ടമായി ചേർന്നു് പെരുവഴിയിലിറങ്ങി. ചായക്കടകളിലും ബീഡിക്കടകളിലും സ്ഥലം പിടിക്കുവാൻ അവർ തിടുക്കം കൂട്ടി.

ഗോപി മററു സഖാക്കളുമായി വിനോദിക്കുന്നതിനോ ചായ കുടിച്ചു് ക്ഷീണം തീർക്കുന്നതിനോ നിൽക്കാതെ ചിന്താകുലനായി തൻെറ വാസസ്ഥലത്തേക്കു് നടക്കുകയാണു്. ഒരു ഫർലോംഗ് കഷ്ടിച്ചയാൾ നടന്നു കാണും. പുറകിൽ നിന്നുള്ള ഒരു വിളി അയാളെ ചിന്തയിൽ നിന്നും ഉണർത്തി. അയാൾ തിരിഞ്ഞുനോക്കി. ആത്മമിത്രമായ ഭാസി കിതച്ചു കൊണ്ടു് അയാളോടടുത്തു.

"എന്താ ഭാസി, നീ കിതയ്ക്കുന്നതു്?" ഗോപി പരിഭ്രമത്തോടെ ചോദിച്ചു.

"ചേട്ടനെന്താ ഇന്നു ചായ കുടിയ്ക്കാൻ വരാത്തതു്?"

"എനിക്കു സുഖമില്ല. ഒരു തലവേദന. നീ കുടിച്ചോ?"

"ചേട്ടൻ കുടിക്കാതെ ഞാൻ കുടിക്കുമോ? മുതലാളി ഇന്നു ചേട്ടനു ഫയിനിട്ടോ?"

"എനിക്കു ഫയിനിട്ടു, ഇന്നലെ ഒരു പെണ്ണു്"

"അല്ലല്ലാ! ചുമ്മാതല്ലല്ലൊ ചേട്ടാ, ചേട്ടനിന്നലെ മുതലു്.........ചായയും വേണ്ട ബീഡിയും വേണ്ട!! ആരാ ചേട്ടാ?"

"ഛേ, പതുക്കെപ്പറ. ആരെങ്കിലുമറിഞ്ഞാൽ പിന്നെ.........വരൂ, ഞാനെല്ലാം നിന്നോടു വിസ്തരിച്ചു പറയാം."

ആ സഖാക്കൾ രണ്ടുപേരും കൈകോർത്തു പിടിച്ചു് മന്ദം മന്ദം നടന്നു തുടങ്ങി.

ഗോപിയുടെ മുഖത്തു സ്പഷ്ടമായിരുന്ന ചിന്തയുടെ നിഴലാട്ടം ഭാസിയുടെ ഉൽക്കണ്ഠയെ അനുനിമിഷം വർദ്ധിപ്പിച്ചു. ഇരുവരും ഒഴിഞ്ഞു കിടന്ന ഒരേറുമാടത്തിൽ ഇരുന്നു. ബീഡി കത്തിച്ചു കൊണ്ടു ഗോപി കഥ തുടർന്നു:-

"സ്നേഹിതാ, ഞാനെല്ലാം തുറന്നു പറയാം. എൻെറ ഭാസിയിൽ നിന്നും മറച്ചു വയ്ക്കത്തക്ക യാതൊരു രഹസ്യവും എനിക്കില്ല. കേൾക്കു്. മിനിഞ്ഞാന്നു് രാത്രി ഞാൻ സിനിമായും കഴിഞ്ഞു തിരിച്ചു വരികയായിരുന്നു. നല്ല ഇരുട്ടു്. എൻെറ പിന്നാലെ ആരോ ഒക്കെ വരുന്നുണ്ടു്. സിനിമായ്ക്കു പോയവർ തന്നെ ആയിരിക്കണം. ഉറക്കം വരാതിരിക്കാൻ ഞാൻ ഒരു ബീഡി കത്തിച്ചുകൊണ്ടു നടന്നു. സബ്സ്റ്റേഷൻെറ പടിഞ്ഞാറുവശത്തുള്ള റോഡു് വിട്ടു ആ നാടൻകമ്പനിയുടെ മുൻവശമുള്ള ഇടവഴിയിലെത്തി. എൻെറ കാലിൽ എന്തോ തടഞ്ഞു. എന്തെന്നറിയാൻ ഞാൻ കൈയിലിരുന്ന ബീഡി നല്ലതു പോലെ വലിച്ചു തെളിച്ചു. അതിൻെറ പ്രകാശത്തിൽ നോക്കി നിൽക്കുമ്പോൾ പിന്നാലെ വന്നവർ എന്നെ സമീപിച്ചു. ഞാൻ ഇടവഴിയുടെ അരികിലോട്ടു മാറി നിന്നു് അവർക്കു വഴി കൊടുത്തു. താർമഷിയേക്കാൾ കറുത്ത ഇരുട്ടു്. അവരിൽ ചിലർ മുമ്പോട്ടു കടന്നു പോയി. പുറകിൽ പോയ ഒരു ശരീരം— അതെ—ഒരു സ്ത്രീയുടെ ശരീരം എന്നെ സ്പർശിച്ചു; അവർ എന്നെ കെട്ടിപ്പുണർന്നു. കവിൾത്തടങ്ങളിൽ തെരുതെരെ ചുംബിച്ചു. എൻെറ ഭാസി, ഞാനങ്ങു വല്ലാതെ ഭ്രമിച്ചുപോയി.

"നല്ല ഇരുട്ടായിരുന്നില്ലെ? പിന്നെ അതൊരു പെണ്ണാണെന്നെങ്ങനെ മനസ്സിലായി. ഭാ

ഇടയ്ക്കു കയറി ചോദിച്ചു.

"എങ്ങനെ മനസ്സിലായി! എന്തൊരു ചോദ്യമാണിതു്. പെണ്ണിന്റെ ചുണ്ടുകളുടെ മാർദ്ദവം തിരിച്ചറിയാനുള്ള കഴിവു് എനിക്കില്ലെ? ആവേശത്തോടെയുള്ള ആ കെട്ടിപ്പിടിക്കൽ, ആ ഉദ്വേഗം, ആ വികാരതീവ്രത- അതെല്ലാം ഒരു പെണ്ണിന്റേതു തന്നെ. ഇന്നലെ മുഴുവൻ ആ ചുംബനം എന്റെ കവിൾത്തടങ്ങളിൽ പററി നിന്നു. സുഗന്ധം പ്രവഹിക്കുന്ന ഒരു പൂങ്കുല സദാ വഹിച്ചുകൊണ്ടു നടക്കുന്നതുപോലെ എനിക്കു് അനുഭവപ്പെട്ടു. ആ ചുംബനത്തിന്റെ ചൂടു് ഇപ്പോഴും മാറിയിട്ടില്ല. അതിന്റെ ഭാരം എന്റെ കവിളുകൾ ഇപ്പോഴും താങ്ങുന്നു.-"

"ചേട്ടൻ മൈതാനപ്രസംഗങ്ങളിൽ പ്രദർശിപ്പിക്കാറുള്ള വാഗ്ധാടിയെല്ലാം എന്റെയടുത്തെന്തിനു് കാണിക്കുന്നു? അതു് ഏതോ തെരുവുപെണ്ണുങ്ങൾ ചേട്ടനെ പാട്ടിലാക്കാൻ ചെയ്ത ശ്രമമാണു്. അതിനെപ്പററി ഇത്ര വികാരപ്രമത്തതയോടെ പ്രസംഗിച്ചിട്ടു കാര്യമില്ല. മറന്നുകളയൂ."

"അവൾ വേശ്യയാണെങ്കിൽ ഇരുട്ടത്തു വന്നു ചുംബിച്ചതെന്തിനാണു്? വേശ്യക്കു ചുംബനം കൊണ്ടെന്തു് നേടാനാണു്?"

"എന്നാൽ ചേട്ടനെ കണ്ടു ഭ്രമിച്ച വല്ല പ്രഭുകുമാരിയുമായിരിക്കും. ഞാൻ ഒരു കാര്യം പറഞ്ഞേക്കാം. ഈ വലിയ വീട്ടിലെ അമ്മച്ചിമാരെ വിശ്വസിക്കരുതു്. അവരെ സ്നേഹിച്ചാൽ നമ്മുടെ പുറവും പോലീസുകാരുടെ ബാററൺതടിയുമായിട്ടായിരിക്കും ചുംബനങ്ങൾ നടക്കുന്നതു്. കഞ്ഞിവെള്ളം കുടിക്കാൻ കിട്ടുന്ന നാലു ചക്രം വഴിയിലായിപ്പോവുകയും ചെയ്യും."

അതു ശ്രദ്ധിക്കാതെ ഏതോ മധുരഭാവനയിൽ ലയിച്ചവനെപ്പോലെ അയാൾ തുടന്നു:-

"പകലൊക്കെ ഞാൻ ഇതിലെ നടന്നു പോകുന്നതു നോക്കി അവൾ ഏതോ ഒരു വീട്ടിന്റെ മുകളിലത്തെ നിലയിൽ പല ദി


# THE UNION ELECTRIC Co.,

## BUS STAND, KAYAMKULAM.

ഇലക്ട്രിക് സംബന്ധമായ സകല വിധ ഫിററിംഗുകളും മിതമായ നിരക്കിൽ ചെയ്തു കൊടുക്കുന്നതാണു്. കമ്പനി വിലയ്ക്കു് ഇലക്ട്രിക്കു സാമാനങ്ങളും ഇവിടെ കിട്ടുന്നതായിരിക്കും.

പ്രൊപ്രൈററർ, ജി. ജോർജ്ജ്.

# THE UNION CYCLE COMPANY.

## KAYAMKULAM.

സ്റ്റൗവ് ഇനാമൽ ഭംഗിയായ രീതിയിൽ കൃത്യസമയത്തു ചെയ്തു കൊടുക്കപ്പെടും. ഇവിടെ സൈക്കിൾ, ഗ്രാമഫോൺ, പെട്രോൾമാക്സ് ഇവയുടെ റിപ്പയറിംഗ ചെയ്യുന്നതും ഇവകൾ വിലയ്ക്കു കൊടുക്കുന്നതുമാണു്.

Proprietor,
A. G. Kunjunny
Cycle dealer, Kayamkulam.

വസങ്ങൾ കഴിച്ചുകൂട്ടിയെന്നും നേരിട്ടു പറയുവാൻ ധൈര്യമില്ലാഞ്ഞിട്ടാണു് ഇങ്ങനെ കാത്തുനിന്നു് എന്നെ ചുംബിച്ചതെന്നും ഒക്കെ ഞാൻ അന്നു രാത്രി സ്വപ്നം കണ്ടു. അതുകൊണ്ടു് അവൾക്കു എന്നോടു പ്രേമമുണ്ടെന്നുള്ളതിൽ സംശയമില്ല"

"ചേട്ടാ, നമ്മെപ്പോലെയുള്ളവക്കു്, ജീവിതത്തിൽ പ്രണയത്തിനും പ്രേമത്തിനും ഒന്നും സ്ഥാനം നൽകാൻ സൗകര്യമില്ല. എല്ലുമുറിയെ പണി ചെയ്താലും വയറുനിറയെ ആഹാരം കഴിക്കാൻ നിവ്വാഹമില്ലാതെ ഉഴലുന്ന നമ്മളാണോ കണ്ട പെണ്ണുങ്ങളുടെ പുറകെ നടക്കുന്നതു്. ആ ചുംബനത്തെപ്പററിയും അതു് തന്നവളെപ്പററിയും എല്ലാം മറന്നേക്കണം. അതാണു് നല്ലതു്."

"ഇല്ല, എനിക്കു് ഒരിക്കലും അതു് മറക്കുവാൻ സാധിക്കയില്ല."

"അവൾക്കും ആ വിചാരം ഉണ്ടായിരുന്നെങ്കിൽ ചേട്ടനോടവൾ എന്തെങ്കിലും പറയുകയില്ലായിരുന്നോ? അവളേതെന്നുപോലും ചേട്ടനറിഞ്ഞുകൂടാ. അവളുടെ പേരും അറിഞ്ഞുകൂടാ. പിന്നെ എന്തോന്നാണു് സ്മരിക്കാൻ പോകുന്നതു്?"

"അവളുടെ പേരറിഞ്ഞുകൂടെന്നോ? ആരു പറഞ്ഞു? അവൾ എന്റെ കഴുത്തിൽ ചുററിത്തന്ന കൈലേസിൽ അവളുടെ പേരെഴുതിയിട്ടുണ്ടു്."

"എവിടെ? അല്ലാ! അതു പിന്നെ ചേട്ടനിതുവരെ മിണ്ടാത്തതെന്താണു്?"

ഗോപി ഉടുപ്പിനടിയിൽ നിന്നു് ഒരു കൈലേസെടുത്തു് ഭാസിയുടെ കൈയിൽ കൊടുത്തു.

ഭാസി അതിന്റെ കോണിൽ എഴുതിയിരുന്ന പേരു വായിച്ചു. "രാധ-"

"രാധയോ ചേട്ടാ!"

"അതെ"

"ഹെ-ന്റെ—രാധയോ?"

—*—

**ടൌൺ പ്രസ്സ്,**

**കായംകുളം**

എല്ലാവിധമായ അച്ചടിജോലികളും, കച്ചവടക്കാൎക്കും കമ്പനികൾക്കും ആവശ്യമുള്ള നാൾവഴി, പേരേട്ടു് തുടങ്ങിയ കണക്കുബുക്കുകളും, മിതമായ ചാർജ്ജിലും കൃത്യസമയത്തും ആർഡർ അനുസരിച്ചു് ആകർഷകമായി ചെയ്തു കൊടുക്കുന്നതാണു്.

എന്നു്, എം. ഡി. നൈനാൻ, മാനേജർ.

**S. J. INDUSTRIAL CORPORATION,**

**Kayamkulam.**

**Saw- mill owners, Timber Contractors, War Material Suppliers etc.**

എല്ലാ ഇനം തടികളും തടി ഉരുപ്പടികളും വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണു്. കെട്ടിടങ്ങൾക്കും മററും ആവശ്യമുള്ള ഉരുപ്പടികൾ, കസേര, മേശ മുതലായ സാമഗ്രികൾ ഇവ ഓർഡർ അനുസരിച്ചു ചെയ്തുകൊടുക്കാവുന്നതാണു്.

# പൈതൽ.

(ജി. എൻ. പണിക്കർ)

ആ വഴിത്താരയിൽ നിന്നൊരിളംപൈതൽ
ആരിലുമാർദ്രതയങ്കുരിക്കും വിധം
ആവലം കൈനീട്ടിയെന്തെങ്കിലുമല്ല-
മാഹാരമേകാനപേക്ഷിക്കുന്നാർത്തനായ്.
പട്ടിണിയോടു പൊരുതുപിടലിയിൽ-
വാട്ടനയനം, നീർവററിയജിഹ്വയും
ഒട്ടിമുതുകോടു ചേർന്നവയറും, ഹാ!
കഷ്ടമിക്കോലം കഠിനദീനാസ്പദം.
കാലത്തിൻ കൺകെട്ടു കാഴ്ചയിൽ കണ്ടതാം
"കാളറാ"മൂലം മരിച്ചച്ഛനമ്മമാർ
കാരുണ്യത്തിൻെറ കണികയും കിട്ടുവാൻ
കേവലമിപ്പൈതലിനില്ലൊരു മാർഗ്ഗവും.

ആ മൃദുനാദം പതറുന്നിടയ്ക്കിടെ
ആ മലർമേനി തളരുന്നിടയ്ക്കിടെ
ആ വഴിപോക്കരിനിയുമപ്പൈതലി-
നാകുലഭാവമറിയുന്നില്ലല്പവും.
താതമാതാക്കൾ ത്യജിച്ച ദിനം മുതൽ,
താപത്തിൻ തീവ്രമാം താലോലമേൽക്കയാൽ
താരിളംമേനി തളർന്നു തളർന്നിനി-
താമസമില്ല, പാഴ്മണ്ണിൽ പതിക്കുവാൻ.
ആ വഴിത്താരയിൽ നിന്നൊരിളംപൈതൽ
ആരിലുമാർദ്രതയങ്കുരിക്കും വിധം
ആ വലം കൈ നീട്ടിയെന്തെങ്കിലുമല്ല-
മാഹാരമേകാനപേക്ഷിക്കുന്നാർത്തനായ്.


## ഡാക്ടർ, പി. ഡി. പിള്ളയുടെ

ഹോമിയോ ഡിസ്പൻസറി.

മാവേലിക്കര (മിച്ചൽകലിങ്കിനു സമീപം.)

ഇവിടെ തൃപ്തികരമായ ചികിത്സ എല്ലാ രോഗികൾക്കും നൽകുന്നതും, ഏതു വിധ ഹോമിയോ-ബയോകെമിക്ക് ഔഷധങ്ങളും വില്പനയ്ക്കു തയാറുമുണ്ട്.

S. J. INDUSTRIAL

## K. N. & Co, ELECTRO PLATERS, KOTTAYAM.



"ഞാൻ പല പേരുകേട്ട കമ്പനിക്കാരുടെ പ്ലേററു ചെയ്ത സാധനങ്ങളും ഉപയോഗിച്ചിട്ടുണ്ട്. കെ. എൻ. ആൻഡ് കമ്പനിക്കാരുടെ പ്ലേററുചെയ്ത സാധനങ്ങളാണ് വളരെ നന്നായിട്ടുള്ളതു്. ഈ. കെ. എൻ. ആൻഡ് കമ്പനിക്കാരെ മറക്കരുതു്."

All hardware works, and Gramophone repairing undertaken.

# THE CATHOLIC BANK OF INDIA Ltd.

(Incorporated in Travancore 1938)

## H. O. CHANGANACHERRY

Branches—Changanacherry, Edathua, & Kottayam.

**FUTURE?**

Now prices are exorbitantly high. Perhaps your income might be high at present. But beware the future. Times of strain and stress may not be far off, when you will get 16 annas worth of things for every Rupee you spend. Save at present in our **SAVINGS BANK ACCOUNT.**

All kinds of Banking business transacted on favourable terms. Fixed Deposits are received on attractive rates of interest.

For further informations please apply to the Head office.

**Thomas. T. Marattukalam. M. A.**
SECRETARY.

For

# Delicious coffee Palatable plates

**AND BEST MEALS**

Visit

# JHOTHI BHAVAN RESTAURANT

**PUTHENCHANTAI, TRIVANDRUM.**

Fruit Salad, Icecream, and Cool drinks our speciality.

Estd 1107:

*S. Ramalinga Aiyar.*
*PROPRIETOR.*

# JHOTHI FLOUR MILLS.

**PUTHENCHANTAI, TRIVANDRUM.**

എല്ലാ ധാന്യങ്ങളും പൊടിച്ച് മാവാക്കി കൊടുക്കപ്പെടും.

# പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

(അംഗബാദ്ധ്യത ക്ലിപ്തമാക്കി തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്തതു്)

## ഹെഡ്ഡ് ആപ്പീസ് പാലാ-തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:—ആലപ്പുഴ, ആലുവാ, ബാംഗ്ലൂർ, ചങ്ങനാശേരി, കൊച്ചി, ഡെൽഹി, ഫെയർഫീൽഡ്, കോട്ടയം, മദ്രാസ്, മാംഗ്ലൂർ, മൂവാററുപുഴ, നാഗർകോവിൽ, ന്യൂഡെൽഹി, പാലാ, പീരുമേട്, പൊൻകുന്നം, കൊല്ലം, തിരുവനന്തപുരം, തൊടുപുഴ, വൈക്കം.

"എൻെറ ശമ്പളത്തിൽ 10 ശതമാനം മാസംതോറും മിച്ചം വയ്ക്കുക ഞാൻ ഒരു നിർബന്ധമാക്കിയിരിക്കുകയാണു്." എന്ന ചുരുക്കം വാക്കുകളിൽ ഒരു രഹസ്യം അടങ്ങിയിരിക്കുന്നു. ഇതു അയാളെ ചിന്തിക്കുവാൻ പ്രേരിപ്പിച്ചു. ഇപ്പോൾ അയാളും തൻെറ വരവിൽ 10 ശ: മാനം **പാലാ സെൻട്രൽ ബാങ്ക് സേവിംഗ്സ്** കണക്കിൽ നിക്ഷേപിക്കുന്നു. അപ്രതീക്ഷിതമായ ഏതൊരു ചിലവിനും മതിയായ കരുതൽധനം ഇപ്പോൾ അയാൾക്കു ലഭിക്കും.



# THE KOTTAYAM BANK Ltd:

(Incorporated in Travancore 1926)

## HEAD OFFICE:—KOTTAYAM.

Branches:-Athirampuzha, Kottayam, Mundakayam, Vaikom and Vandiperiyar.

Agencies at:—

Alleppey, Bangalore, Bombay, Calicut, Changanacherry, Cochin, Coimbatore, Ernakulam, Eratupetta, Madras, Palai, Ponkunnam, Quilon, Trichur and Trivandrum.

Advances against approved Commodities, Government Securities, Insurance Policies, Gold and Approved stocks and shares made at all offices of the Bank.

Deposits—Fixed, Current, Savings Bank and Notice—received at rates which may be ascertained from any office of the Bank.

All other kinds of Banking business transacted.



## ചരിതാർത്ഥൻ

(എൻ. പി. വാറൻ, കായംകുളം)

വാനവമാനിനിയ്ക്കുല്ലലണയ്ക്കുമെൻ-
മാനസറാണി തന്നാഗമനം
ആകാംക്ഷയോടു ഞാനാരാമസീമയി-
ലോരോ നിമേഷവുമെണ്ണി നിൽക്കും.
പൊന്നുഷസ്സോടിയിങ്ങെത്തിടും വേളയിൽ
പൊൽത്താർ കുടം വിടർന്നീടും പോലെ
അക്കൊച്ചു ദേവത തൻരൂപ ദർശന-
മെന്മനോല്ലാസം വളർത്തുകയായ്!
ഉൽക്കർഷാനന്ദമെൻ ഹൃത്തിൽസ്ഫുരിപ്പിച്ചു
മന്ദമായ് ചാരത്തണഞ്ഞിടുമ്പോൾ,
സാരസനേത്രങ്ങളക്ഷമതയോടെ
ആ രമ്യവീക്ഷണം വർഷിപ്പതും,
മാധവമാസമധുരിമ ചേർത്തിടും
സ്വാരസ്യസുസ്മിതം തൂകുവതും,
കണ്ണിന്നു കർപ്പൂരശീതളമേകിയെ-
ന്നുള്ളത്തിൽ നൽക്കുളിർ ചാർത്തുകയായ്!

* * * * *

ഹൃദ്യാമോദം നൽകി, യോമനെയീ വഴി
വിദ്യാലയത്തിനു വന്നീടുകിൽ
പാവനപ്രേമം നിറഞ്ഞ ഹൃദയത്തെ
പേറിടു മീഞാൻ "ചരിതാർത്ഥൻ" താൻ.


## പ്രേമപൂജ

വായനക്കാരെ ഹർഷോന്മേഷപുളകിതരും, അഭിനയിക്കുന്നവരെ അഭിമാനഭരിതരും, പ്രേക്ഷകരെ വികാരവിജൃംഭിതരും ആക്കിത്തീർക്കുന്ന മികച്ച ഗദ്യനാടകം

ഗ്രന്ഥകർത്താ:
സുപ്രസിദ്ധ കഥാസാഹിത്യകാരനും, പത്രപ്രവർത്തകനുമായ
**പി. സി. കോരുത് അവർകൾ**

നല്ല വെള്ള മേനിക്കടലാസിൽ ഭംഗിയായി അച്ചടിച്ചു ഇംഗ്ലീഷ്
മട്ടിൽ കട്ടിബയൻറു ചെയ്തിട്ടുള്ള ഈ നാടകഗ്രന്ഥത്തിനു

**വില 12 ണ മാത്രം**

ആവശ്യപ്പെടുക: മാനേജർ,
കേരളപബ്ളിഷിംഗ് കമ്പനി,
പുളിക്കീഴ്—തിരുവല്ലാ.

# ആശ്വാസം

—ഗീതകം—

(കുടവൂർ കുഞ്ഞുകൃഷ്ണപിള്ള)

എന്നൊത്തീരെ മറന്നുകളഞ്ഞാലും
എന്നുമെന്നുമെന്നാരാമസൂനമെ,
എന്മധുരമരണ മണിയറ
തന്നിലുമൊരു ചിത്രം വിചിത്രമായ്
പൊന്നൊളിപൂശും നേരിയനിർമ്മല
സുന്ദരഗാനമാധുരി ചിന്തിടും.
പട്ടടയിലും പാലൊളിപ്പുഞ്ചിരി
പ്പൂട്ടചാർത്തിപ്പരിചരിക്കും ദൃഢം.

ലോകമെ, പഴിച്ചീടായ്ക മർത്ത്യന്റെ
ശോകനാടകം കണ്ടു തെളിഞ്ഞു നീ.
പാപമാർജ്ജിച്ചചിത്തം പതറാതെ
വേവലാതിയാൽവെന്തു നീറാതഹോ
ഏതുമട്ടു? സമാശ്വസിക്കും, ദൈവ-
നീതിതൻ നിഴൽകണ്ടു കൈകൂപ്പിടും.

—*—


# ഭാഷാപോഷിണി

**കേരളത്തിലെ ഏററവും പഴക്കവും, പ്രചാരവും, പ്രസിദ്ധിയുമുള്ള ചിത്രമാസിക.**

യുദ്ധകാല പരിതസ്ഥിതികൾ പരിഗണിക്കാതെ, മനോഹരമായ ദ്വിവർണ്ണ സചിത്രക്കവറോടും, ആകർഷണീയമായ ചിത്രങ്ങളോടും കൂടി നല്ല വെള്ള കടലാസിൽ, മികച്ച ആഴ്ചപ്പതിപ്പുകളുടെ മാതൃകയിൽ എല്ലാ മാസത്തിലും കൃത്യമായി പ്രസിദ്ധപ്പെടുത്തുന്നു.

മലയാളത്തിലെ സുപ്രസിദ്ധ സാഹിത്യകാരന്മാരുടെ ഒന്നാംതരം കഥകൾ, കവിതകൾ, നിരൂപണങ്ങൾ, ഹാസ്യലേഖനങ്ങൾ മുതലായവയാൽ സമലംകൃതമായ ഈ പ്രമുഖ മാസികയുടെ ഓരോ ലക്കവും ഓരോ വിശേഷാൽപ്രതി തന്നെയാണ്.

പരസ്യത്തിന് ഇതുപോലെ പററിയ പ്രസിദ്ധീകരണം വേറെയില്ലതന്നെ.

വരിസംഖ്യ ആണ്ടിൽ അഞ്ചലിൽ 3 രൂ. തപാലിൽ 3 രൂ 8 ണ.

എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്. ആകർഷണീയമായ കമ്മീഷൻ.

മാനേജർ, ഭാഷാപോഷിണി,
പുളിക്കീഴ്—തിരുവല്ലാ P. O.


## മാന്യ ലേഖകന്മാരോട്.

കേരളത്തിലെ ലബ്ധപ്രതിഷ്ഠരായ സാഹിത്യകാരന്മാരുടെ പല വിശിഷ്ടലേഖനങ്ങളും കവിതകളും കഥകളും ഏകാങ്കനാടകങ്ങളും ഞങ്ങൾക്കു കിട്ടീട്ടുണ്ട്. അവയിൽ ചിലതു് അത്യധികം ദീർഘിച്ചുപോകുക കാരണം കൊണ്ടും മററു ചിലതു് സമയത്തിനു് കിട്ടാത്തതുകാരണംകൊണ്ടുമാണു് പ്രസിദ്ധീകരിക്കാൻ സാധിക്കാതെ പോയതു്. അതിൽ മാന്യലേഖകന്മാർ പരിഭവിക്കരുതെന്നു് അപേക്ഷിക്കുന്നു. ലേഖനങ്ങൾ അയച്ചുതന്നു് സഹായിച്ചതിൽ എല്ലാവരോടും ഞങ്ങൾക്കു് നിസ്സീമമായ കൃതജ്ഞതയുണ്ട്. മേലും അവരുടെ സഹായസഹകരണങ്ങൾ ഉണ്ടാകുമെന്നു് വിശ്വസിക്കുകയും ചെയ്യുന്നു.


പബ്ലിഷർ.

കേരളത്തിലെ മുഖ്യനഗരങ്ങളിൽ വിജയകരമായി പ്രദർശിപ്പിച്ചു വരുന്നു.

M. K. ത്യാഗരാജഭാഗവതർ അഭിനയിച്ച

ശിവകവി

119-ലെ മഹോന്നത ചിത്രം




രാജകുമാരി - ശ്യാമ.

കൃഷ്ണൻ - മധുരം.

Distributors — NARAYANAN & CO., MADRAS.

DISTRIBUTORS നാരായണൻ & കമ്പനി (മദ്രാസ്)

ബ്രാഞ്ച്: കോട്ടയം.

ഇതരപടങ്ങൾ-1, ആര്യമാല. 2. അലിബാബാ

3. [illegible] 4. [illegible]

# Thirunal Pulari.

## BIRTHDAY PUBLICATION.

Publisher:

V. Sreedhara Pai, Kayamkulam.


## HAJEE HASSAN YACOOB SAIT.

DIRECT IMPORTER,

WHOLESALE & RETAIL
PIECE GOODS MERCHANT.

H. O. Main Road-Kayamkulam.

Branches:

1. ALLEPPEY 2. BUS-STAND KAYAMKULAM

ഹാജി ഹസ്സൻ യാക്കൂബ് സേട്ട്

ജവുളിവ്യാപാരം, H. O. കായംകുളം.

ബ്രാഞ്ചുകൾ - 1. ആലപ്പുഴ. 2. കായംകുളം.
(ബസ്സ് സ്റ്റാൻറിന് സമീപം)

എന്റെ വക ഹെഡ്ഡാഫീസിലും ബ്രാഞ്ചുകളിലും ആകർഷണീയവും,
സന്ദർഭോചിതവുമായ സകല വിധ തുണിത്തരങ്ങളും
എല്ലായ്പോഴും മിതമായ വിലയ്ക്കു മൊത്തമായും
ചില്ലറയായും കിട്ടുന്നതാണ്.


Printed at the Bhagyodayam Press, Pulikeezh-Tiruvalla.